ദേശത്തിലെ വിശ്വസ്തൻമാർ
എന്നോട് കൂടെ
വസിക്കേണ്ടതിന്
എന്റെ ദൃഷ്ടി അവരുടെ
മേൽ ഇരിക്കുന്നു. സങ്കീ:101:6

PRAYER HOME

BOOK No: 1



# ശുശ്രൂഷയുടെ വെളിപ്പാടുകൾ

**BIJU THOMAS**
**Prayer Home, Varkala, Trivandrum**

www. prayerhome.org

Sushrooshayude Velippadukal

Ministry Revelations

Malayalam

First Impression 2007

By Bro. BIJU THOMAS

Rights Reserved to Publishers

Type Setting: Simplex

Printed at: Ebenezer, Trichur

Publishers:

Prayer Home Publications

# ആമുഖം

പ്രപഞ്ച സൃഷ്ടിതാവായ ദൈവം മഹത്വകരമേറിയ സ്വർഗ്ഗീയ ജ്ഞാനത്തിന്റെ കീഴിൽ സകലതും ഒരുക്കുന്നു. ഓരോ മനുഷ്യനേയും പ്രകൃതിയേയും തന്റെ ജ്ഞാന സമ്പൂർണ്ണതയ്ക്ക് കീഴിൽ ഉപയോഗിക്കുന്നു. ദൈവീകജ്ഞാനത്തിന്റെ ഒരു പ്രകാശകിരണം വെളിപ്പെടുത്തുവാൻ ദൈവം എന്നേയും ഉപയോഗിച്ചു. വളരെ ചെറിയ പ്രായം മുതൽ Book reading എന്റെ ഇഷ്ടമായിരുന്നു. കഥകൾ, കവിതകൾ, ലേഖനങ്ങൾ, ജീവചരിത്രങ്ങൾ, പ്രത്യയ ശാസ്ത്ര ഗ്രന്ഥങ്ങൾ, അദ്വൈതവേദാന്ത പുസ്തകങ്ങൾ, ഇതര ഭാഷാ ഗ്രന്ഥങ്ങളിൽ തുടങ്ങി രക്ഷിക്കപ്പെട്ട അന്നു മുതൽ ബൈബിൾ ഒരു തുടർവായനാഗ്രന്ഥമായിത്തീർന്നു. കൂടുതൽ കൂടുതൽ വായിച്ച് വന്നപ്പോൾ ഇതുവരെ ഗ്രഹിച്ചതിനും അപ്പുറമായ നിരവധി സ്വർഗ്ഗീയ ജ്ഞാനങ്ങൾ വെളിപ്പെട്ടു. പിന്നീടായപ്പോൾ ദൈവം നൽകിയ ആലോചനകൾ രേഖപ്പെടുത്തുവാൻ തുടങ്ങി. ഓരോ അദ്ധ്യായങ്ങളും എഴുതിത്തീരുന്നതിന് മുമ്പ് മറ്റൊരു ജ്ഞാനത്തിന്റെ ഭണ്ഡാരം ദൈവം തുറക്കുകയാണ്. എഴുതുന്നതല്ലാതെ പ്രസിദ്ധീകരിക്കുവാൻ കഴിയാതെ വന്നപ്പോൾ, നിരവധി ജ്ഞാനങ്ങൾ ദൈവം വെളിപ്പെടുത്തിയിട്ടും മൂന്ന് വർഷത്തോളം ഒന്നും എഴുതാതെ ഇരുന്നു. എഴുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി ദൈവം എന്നെ 2007 മുതൽ ഒരുക്കുവാൻ തുടങ്ങി. ദൈവം തന്നെ തുടങ്ങി വച്ച് ദൈവം തന്നെ പരിസമാപ്തിയിലേക്ക് എത്തിക്കുന്നതിന് എന്നെ ബലപ്പെടുത്തി. ദൈവത്തിന് സ്ത്രോത്രം.

ഉൽ : 2:10- ൽ ഒരു പുറപ്പാടിനെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. തോട്ടം നനപ്പാൻ ഒരു നദി ഏദെനിൽ നിന്ന് പുറപ്പെട്ടു. തോട്ടം ഫല പുഷ്ടിയുള്ളതാകേണ്ടതിനാണ് നദി ഏദെനിൽ നിന്ന് പുറപ്പെട്ടിരിക്കുന്നത്. കെട്ടി അടച്ചിരിക്കുന്ന ഒരു തോട്ടത്തെക്കുറിച്ച് ബൈബിൾ പറയുന്നുണ്ട്. സഭയാണത്. രക്ഷിക്കപ്പെട്ട, ഒരുമിച്ച് ചേർന്ന് വരുന്ന സഭയാം തോട്ടത്തെ നനയ്ക്കുവാൻ ദൈവം നിരവധി നദികൾ പുറപ്പെടുവിക്കുന്നു. പരിശുദ്ധാത്മ ജീവജലനദി, പരിശുദ്ധ വചന ആലോ

ചനകൾ, അഭിഷിക്ത ശുശ്രൂഷകൻമാർ വ്യത്യസ്ത നിലവാരത്തിലും അളവിലും ഓരോ കാലഘട്ടത്തിൽ സഭയാം തോട്ടത്തെ നനയ്ക്കുന്നതിന് വേണ്ടി ദൈവം പുറപ്പെടുവിച്ചു.

സങ്കീ : 42:1 - ൽ മാൻ നീർത്തോടുകളിലേക്ക് ചെല്ലുവാൻ കാംക്ഷിക്കുന്നത് പോലെ വലിയ ഒരു കൂട്ടം ജനം ആ നദിയിൽ നിന്ന് ധാരാളം കുടിച്ച്, വീണ്ടും ദാഹാർത്തരായി ദൈവത്തെ മഹത്വപ്പെടുത്തി. തുടർന്ന് ഇതുവരേയും വെളിപ്പെടാത്ത ഒന്ന് പുറപ്പെട്ടു. ഉൽസവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്ന്കൊണ്ട് ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്ത് പറയുന്നത് പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളിച്ച് പറഞ്ഞു. യോഹ:7: 37,38.

അപ്പോസ്തല കാലഘട്ടത്തിൽ പരിശുദ്ധ നദിയുടെ വലിയ ഒരു ഒഴുക്ക് വെളിപ്പെട്ടു. പരിശുദ്ധാത്മാവ് ഓരോ കാലഘട്ടത്തിലും പുതിയത് ഒന്ന് ചെയ്തുകൊണ്ടിരിക്കും. പുതിയ വെളിപ്പാടുകൾ. പുതിയ ദർശനങ്ങൾ. പുതിയ ആലോചനകൾ. ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ആലോചനകൾ അഭിഷിക്ത വിശ്വസ്ത വാഗ്ദത്ത ജനത്തിന് ഗുണം ചെയ്യും എന്ന് വിശ്വസിക്കുന്നു. ആത്മീയ വളർച്ചയ്ക്ക ഇത് ഉപകരിക്കും എന്ന് വിശ്വസിക്കുന്നു. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ, വിമർശനങ്ങൾ, ഏത് രീതിയിൽ ഈ പുസ്തകം ഉപകരിക്കപ്പെട്ടു എന്നുള്ളത് എന്നെ അറിയിക്കുമെങ്കിൽ അത് എന്റെ ആത്മീയ വളർച്ചയ്ക്ക് സഹായകരമാകും. ദൈവം നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ. വലിയ ഒരു ഉണർവ്വിനായി നമുക്ക് ഒരുങ്ങാം. അഭിഷിക്തൻമാർ ജനിക്കട്ടെ. ഇന്ത്യാമഹാരാജ്യം വലിയ മുന്നേറ്റത്തിനും ഉണർവ്വിനുമായി ഒരുങ്ങട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**കർതൃ ശുശ്രൂഷയിൽ**

**ബ്രദർ. ബിജു തോമസ്**

## ഉള്ളടക്കം

# ശുശ്രൂഷയുടെ വെളിപ്പാടുകൾ

1. ശുശ്രൂഷയുടെ വെളിപ്പാടുകൾ
2. പ്രവാസ കാലവും ദൈവികശുശ്രൂഷയും
3. ഏലി പുരോഹിതൻ ഒരു ദൃഷ്ടാന്തം
4. യോനയുടെ ശുശ്രൂഷ
5. പിതാക്കന്മാരായ ശുശ്രൂഷകർ
6. യോശുവ = ജയാളി
7. അഭിഷിക്തനായ മോശ-ഒന്നാം ഭാഗം - യുദ്ധത്തിന്റെ ഒരുക്കം
8. അഭിഷിക്തനായ മോശ-രണ്ടാം ഭാഗം - യുദ്ധം
9. അഭിഷിക്തനായ മോശ-മൂന്നാം ഭാഗം - യുദ്ധ വിജയത്തിന്റെ സ്ഥിരത
10. ആദിമ ശുശ്രൂഷകൻ
11. യോനാഥനേ എന്റെ സഹോദരാ
12. തുളയ്ക്കപ്പെട്ട ദാസൻ
13. ശുശ്രൂഷയിലെ അധികാരങ്ങൾ
14. ആത്മ ലോക ദർശനം - ഒരു ശുശ്രൂഷാ അനുഭവം
15. ഒരു ആത്മ കഥാകുറിപ്പ്

# ലേഖകനേക്കുറിച്ച്

കേരളത്തിൽ തൊടുപുഴയിൽ ഒരു യാക്കോബായ ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു. തൊടുപുഴ ന്യൂമാൻ കോളേജിൽ ബി.കോം ഡിഗ്രി കോഴ്സിന് പഠിക്കുന്ന സമയത്ത് ഒരു വിദ്യാർത്ഥി രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതൃസ്ഥാനത്ത് പ്രവർത്തിച്ചു. തുടർന്ന് നീണ്ട വർഷങ്ങൾ യുവജനപ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സമയത്ത് 1993 ൽ മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ ഒരാഴ്ച പങ്കെടുത്ത നാളിൽ രക്ഷിക്കുവാൻ ദൈവത്തിന് കൃപതോന്നി. തുടർന്ന് ദൈവിക ശുശ്രൂഷക്ക് വേണ്ടിയുള്ള ദൈവവിളി തിരിച്ചറിഞ്ഞ് ഒരു സഹകരണസ്ഥാപനത്തിൽ ഉണ്ടായിരുന്ന ജോലി രാജിവെച്ച് പൂർണ്ണ സമയ ദൈവീകശുശ്രൂഷക്ക് ഇറങ്ങി. 1995-ൽ സെമിനാരിയിൽ പഠനത്തിന് ചേർന്നു. 1999ൽ ബൈബിൾ കോളേജിൽ അദ്ധ്യാപകനായി ദൈവിക ശുശ്രൂഷ ചെയ്തു. 2000 ൽ വിവാഹിതനായി. 2001 ൽ പഠനത്തിനും ദൈവികശുശ്രൂഷയോടുമുള്ള ബന്ധത്തിൽ ബാംഗ്ലൂരിൽ വന്നു. 2004 ൽ M.Div. കോഴ്സ് പാസായി. 2003 ൽ ഒമാൻ ദേശത്തും 2006 ൽ ഖത്തറിലും ദൈവികശുശ്രൂഷയോടുള്ള ബന്ധത്തിൽ ദൈവം അയച്ചു. ഇപ്പോൾ വർക്കലയിൽ ദൈവീക ശുശ്രൂഷയോടുള്ള ബന്ധത്തിൽ ആയിരിക്കുന്നു.

ഭാര്യ - ഡെയ്സി ബിജു

മകൾ - ഏഞ്ചലാ ആൻ ബിജു

# 1. ശുശ്രൂഷയുടെ വെളിപ്പാടുകൾ

ദൈവം ദൈവത്തെക്കുറിച്ചും ദൈവികപദ്ധതികളെക്കുറിച്ചും ദൈവീക ശുശ്രൂഷകളെ ക്കുറിച്ചും വെളിപ്പെടുത്തുന്നത് ഭാഗം ഭാഗമായിട്ടാകുന്നു. പഴയ നിയമസംഹിതകൾ വെളിപ്പെടുത്തുവാൻ യഹൂദന്മാരെ ഉപയോഗിച്ചുവെങ്കിൽ പുതിയ നിയമ വെളിപ്പാടുകൾ നൽകുവാൻ അപ്പോസ്തലൻമാരെ ഉപയോഗിച്ചു. ഓരോ കാലഘട്ടത്തിലും പ്രത്യേക തരത്തിലുള്ള ശുശ്രൂഷകൾ വെളിപ്പെടുത്തുവാൻ ആ ശുശ്രൂഷയുടെ സ്വഭാവമനുസരിച്ചുള്ള ഭക്തന്മാരെ ദൈവം എഴുന്നേൽപ്പിച്ചു. പഴയ നിയമം മുതൽ നോക്കുകയാണെങ്കിൽ നോഹയുടെ ശുശ്രൂഷ, അബ്രഹാമിന്റെ ശുശ്രൂഷ, മോശയുടെ ശുശ്രൂഷ ഇത് മൂന്നും വ്യത്യസ്തമായ ശുശ്രൂഷകളുടെ വെളിപ്പാടുകളായിരുന്നു.

പുതിയ നിയമ ഭാഗത്തേക്ക് വരുമ്പോൾ യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയും യേശു ക്രിസ്തുവിന്റെ ശുശ്രൂഷയും പൗലോസിന്റെ ശുശ്രൂഷയും വ്യത്യസ്തമായ രീതിയിൽ വ്യത്യസ്തമായ സമയങ്ങളിൽ വെളിപ്പെട്ട മൂന്ന് ശുശ്രൂഷകളായിരുന്നു.

വേദ പുസ്തകം പരിശോധിക്കുമ്പോൾ ഇവർ മൂവരും ജനിച്ചത് ഒരേ കാലഘട്ടത്തിൽ തന്നെയാകുന്നു. ഒരേ സമയത്ത് വിവിധ സ്ഥലങ്ങളിൽ അവരവരുടെ ശുശ്രൂഷകൾക്ക് വേണ്ടി അവർ ഒരുക്കപ്പെടുകയായിരുന്നു. ആദ്യം വെളിപ്പെട്ടത് യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയായിരുന്നു. വിത്ത് വിതയ്ക്കുന്നതിന് മുമ്പായി നിലത്തെ ഒരുക്കുന്നത് പോലെ ജനത്തെ ഒരുക്കുവാൻ വേണ്ടി, കർത്താവിന്റെവഴി ഒരുക്കി പാത നിരപ്പാക്കുവാൻ മാനസാന്തര സുവിശേഷത്തിലൂടെ ഒരു ശുദ്ധീകരണ ശുശ്രൂഷയായിരുന്നു യോഹന്നാൻ സ്നാപകന്റേത്. അവന്റെ ശുശ്രൂഷ തീർന്ന് തടവിൽ ആയതിന് ശേഷം യേശു ക്രിസ്തുവിന്റെ ശുശ്രൂഷ വെളിപ്പെടുകയായിരുന്നു.

അന്നു മുതൽ യേശു സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ

മാനസാന്തരപ്പെടുവിൻ എന്ന് പ്രസംഗിച്ചു തുടങ്ങി. മത്തായി : 4:17. ഒരുക്കപ്പെട്ട നിലത്ത് വിത്ത് വിതയ്ക്കുന്ന ശുശ്രൂഷയായിരുന്നു യേശു ക്രിസ്തുവിന്റേത്. യേശു സ്വയം വിത്തായി മാറുകയായിരുന്നു.

''സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ജീവനുള്ള അപ്പം ഞാനാകുന്നു. ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും. ഞാൻ കൊടുക്കുവാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനു വേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു''. യോഹ: 6:51. ഗോതമ്പ് മണി നിലത്ത് വീണ് ചത്ത് വളരെ വിളവ് ഉണ്ടാകുന്നത് പോലെ യേശു സ്വയം വചനമായി വിതയ്ക്കപ്പെട്ട് കാൽവരി ക്രൂശിൽ മരിക്കുകയായിരുന്നു. യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പിന് ശേഷം എല്ലാം നിവൃത്തിയായപ്പോൾ അപ്പോസ്തലനായ പൗലോസിന്റെ ശുശ്രൂഷ ആരംഭിച്ചു.

വിതച്ച വിത്തിന്റെ വിളവെടുപ്പിന്റെ സമയമായപ്പോൾ മൂവായിരവും അയ്യായിരവുമായി ജനം കടന്ന് വന്നപ്പോൾ പൂർവ്വകാലത്ത് മറഞ്ഞ് കിടന്ന ഒരു മർമ്മം പൗലോസിന് വെളിപ്പെട്ട് വന്നു. ''അതോ ജാതികൾ സുവിശേഷത്താൽ ക്രസ്തു യേശുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം എന്നുള്ളത് തന്നെ''. എഫ: 3:6. പൗലോസ് പറയുന്നു ''അതിൽ യഹൂദനും യവനനും എന്നില്ല. ദാസനും സ്വതന്ത്രനും എന്നില്ല. ആണും പെണ്ണും എന്നുമില്ല. നിങ്ങൾ എല്ലാവരും യേശുക്രിസ്തുവിൽ ഒന്നത്രേ''. ഗലാ: 3:28. വിളഞ്ഞ് വന്ന വിത്തുകൾ ഒന്നു പോലും നഷ്ടമാകാതെ കളപ്പുരയിൽ സൂക്ഷിച്ചു വയ്ക്കുവാൻ ആവശ്യമായ ജ്ഞാനത്തിന്റെ ശുശ്രൂഷ പൗലോസിലൂടെ വെളിപ്പെട്ടു

ഇന്നും അതേ രീതിയിൽ തന്നെ ദൈവം തന്റെ ദാസൻമാർക്ക് ശുശ്രൂഷകളെ വിഭാഗിച്ച് നൽകിക്കൊണ്ടിരിക്കുന്നു. തക്ക സമയത്ത് തന്റെ ജനത്തിനാവശ്യമായ ശുശ്രൂഷകൾ തന്റെ ദാസൻമാരിലൂടെ വെളിപ്പെടുത്തുവാൻ ദൈവം ശക്തൻ. ''അന്ത്യകാലത്ത് യഹോവ

യുടെ ആലയം ഉള്ള പർവ്വതത്തിലേക്ക് ജാതികൾ ഒഴുകിച്ചെല്ലുകയും യാക്കോബിൻ ദൈവത്തെ ആശ്രയിക്കുകയും ചെയ്യുന്ന നാളുകൾ ഇതാ കടന്നു വരുന്നു''. മീഖാ: 4:1 ''ഈ ആലയത്തിന്റെ പിന്നത്തെ മഹത്വം മുമ്പിലത്തേതിലും വലുതായിരിക്കും എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു''.ഹഗ്ഗാ: 2:9. അതിനാവശ്യമായ ശുശ്രൂഷകളുടെ വെളിപ്പാടുകൾ തന്റെ ഭക്തൻമാർ യഹോവയിൽ നിന്ന് പ്രാപിച്ചെടുക്കട്ടെ.

## 2. ദൈവിക ശുശ്രൂഷയും പ്രവാസ കാലവും

വിശുദ്ധ വേദപുസ്തകം പരിശോധിക്കുമ്പോൾ ദൈവിക ശുശ്രൂഷയോട് ബന്ധപ്പെട്ട് നിൽക്കുന്ന, വേർപെടുത്തി മാറ്റുവാൻ കഴിയാത്ത ഒരു പദമാണ് പ്രവാസകാലം. പ്രവാസ കാലത്തെ നിർവ്വചിക്കുമ്പോൾ വിവിധ അർത്ഥങ്ങൾ തെളിഞ്ഞ് വരുന്നു. സ്വന്തമല്ലാത്ത ദേശത്ത് പരദേശിയായി പാർക്കുക, ഇരുട്ടിന്റെ അനുഭവത്തിൽ സഞ്ചരിക്കുക, യഥാർത്ഥമായ ഒരു ദൈവവും ആലയവും ഉള്ളപ്പോൾ ബന്ധപ്പെടുവാൻ കഴിയാത്ത ദൂരത്തിൽ അകന്ന് നിൽക്കേണ്ടി വരുന്ന അവസ്ഥ, പ്രാർത്ഥനകൾക്ക് മറുപടി ഇല്ലാത്ത കാലഘട്ടം, നീണ്ട് നിൽക്കുന്ന നിന്ദയുടെയും പീഢയുടെയും കാലം, സർവ്വോപരി ശത്രുവിന്റെ സമയം എന്ന് കൂടി പറഞ്ഞ് ഇത് അവസാനിപ്പിക്കാം.

മഴക്ക് മുമ്പ് ഒരു കാർമേഘം, സൂര്യൻ ഉദിക്കുന്നതിന് മുമ്പ് ഒരു അർദ്ധ രാത്രി, ഉറവകൾ വിടരുന്നതിന് മുമ്പ് ഒരു വരൾച്ച, നിറവുകൾക്ക് മുമ്പുള്ള ഒരു ശൂന്യത എന്നത് പോലെ ശുശ്രൂഷകൾക്ക് മുമ്പ് ഒരു പ്രവാസകാലം.

ഉൽപത്തി 15:13-ൽ ദൈവം അബ്രഹാമിനോട് പറയുന്നു ''നിന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്ത് 400 സംവൽസരം പ്രവാസികളായിരുന്ന് ആ ദേശക്കാരെ സേവിക്കും. അവർ അവരെ പീഡിപ്പി

ക്കുമെന്ന് അറിഞ്ഞ് കൊൾക''. അതിന് ശേഷം ഉൽപത്തി 15:18–ൽ പറയുന്നു. ''നിന്റെ സന്തതിക്ക് ഞാൻ മിസ്രയിം നദി തുടങ്ങി ഫ്രാത്ത് നദിയായ മഹാനദി വരെയുള്ള ദേശത്തെ അവകാശമായി തന്നിരിക്കുന്നു''. അനുഗ്രഹം വെളിപ്പെടുന്നതിന് മുമ്പ് ഒരു പ്രവാസകാല പീഢ അനുഗ്രഹം പ്രാപിക്കേണ്ടി വരുന്ന ജനത്തിന് സംഭവിക്കുന്നു.

യോസേഫ് മിസ്രയിം ഭരണാധികാരിയാകുന്നതിന് മുമ്പ് ചെറുപ്രായം മുതൽ മുപ്പത് വയസ്സ് വരെ ഒരു പ്രവാസകാല പ്രതിസന്ധിയെ അവൻ നേരിട്ടു. സഹോദരന്മാർ ഒരുക്കി കൊടുത്ത പൊട്ടക്കുഴി, മിദ്യാന്യർ നൽകിയ മിസ്രയിം ദേശം, പോത്തിഫർ നൽകിയ കാരാഗൃഹം. ഇത് യോസേഫിന്റ പ്രവാസ കാലയനുഭവമായിരുന്നു.

പ്രവാസ കാലദിനത്തെ ഇഴകീറി പരിശോധിക്കുമ്പോൾ ഒരു വസ്തുത വെളിപ്പെടുന്നു. പ്രവാസകാലം പീഢയുടെ ദിനം മാത്രമല്ല, അത് വളർച്ചയുടെയും കൂടി നാളുകളാണ്. യോസേഫിന്റെ പ്രവാസകാലം തുടങ്ങിയപ്പോൾ അവൻ ചെറിയ ബാലനായിരുന്നു. അവസാനിച്ചപ്പോൾ അവൻ മിസ്രയീമിലെ ഭരണാധികാരിയായി.

ഉൽപത്തി 46:27–ൽ മിസ്രയിൽ വന്ന യക്കോബിന്റെ കുടുംബം ആകെ എഴുപത് പേർ ആയിരുന്നു. പിന്നീട് വർഷങ്ങൾക്ക് ശേഷം ഈ ജനം ഊഴിയ വിചാരകന്മാർ നിമിത്തം പീഢിപ്പിക്കപ്പെട്ട്, ശത്രുവിന്റെ അന്യായമായ നുകം പേറി, പ്രത്യാശിക്കുന്ന ശുഭ ഭാവി കാണുവാൻ കഴിയാതെ നിലവിളിക്കേണ്ടി വന്ന പ്രവാസകാല ദിനങ്ങളെ നേരിട്ടു. പ്രവാസകാലം തുടങ്ങിയ സമയം അവർ ഒരു ചെറിയ കൂട്ടം എഴുപത് പേർ ആയിരുന്നു. അത് അവസാനിച്ചപ്പോൾ, നന്മയിലേക്ക് കാലെടുത്ത് വച്ചപ്പോൾ ലക്ഷക്കണക്കിന് വരുന്ന ഒരു വലിയ സമൂഹമായി അവർ വളർന്നു.

''നിന്റെ പുത്രഹീനതയിലെ മക്കൾ : സ്ഥലം പോരാതെ ഇരിക്കുന്നു; പാർപ്പാൻ സ്ഥലം തരിക എന്ന് നിന്നോട് പറയും. അപ്പോൾ

നീ നിന്റെ ഹൃദയത്തിൽ; ഞാൻ പുത്രഹീനയും വന്ധ്യയും പ്രവാസിനിയും അലഞ്ഞ് നടക്കുന്നവളും ആയിരിക്കെ ആർ ഇവരെ പ്രസവിച്ച് വളർത്തി തന്നിരിക്കുന്നു''. ''ഞാൻ ഏകാകിയായിരുന്നുവല്ലോ, ഇവർ എവിടെയായിരുന്നു എന്ന് നീ പറയും''.യശയ്യ: 49:20,21. ശത്രു നിന്നെ ഞെരുക്കിയ സമയത്ത് ദൈവം നിന്നെ വളർത്തുകയായിരുന്നു. വർദ്ധിപ്പിക്കുകയായിരുന്നു.

യാക്കോബ് ദൈവത്തോട് പറയുന്നു അടിയനോട് കാണിച്ചിരിക്കുന്ന സകല ദയക്കും സകല വിശ്വസ്തതക്കും ഞാൻ അപാത്രമത്രേ; ഒരു വടിയോട് കൂടി മാത്രമല്ലോ ഞാൻ ഈ യോർദ്ദാൻ കടന്നത്. ഇപ്പോഴോ ഞാൻ രണ്ട് കൂട്ടമായി തീർന്നിരിക്കുന്നു.ഉൽപത്തി: 32:10. അവന്റ അമ്മായി അപ്പന്റെ ഭവനത്തിൽ ഒന്നുമില്ലാത്തവനായി ചെന്ന യക്കോബ് നീണ്ട ഇരുപത് വർഷം പ്രവാസകാല ദുഖം പേറി നടന്നതിന് ശേഷം അത് അവസാനിച്ചപ്പോൾ വലിയ ഒരു കൂട്ടത്തിന്റെ ഉടമയായി മാറി. ദൈവം അവനെ വർദ്ധിപ്പിച്ചു.

ശൗലിൻ മുമ്പിൽ നിന്ന് ദാവീദ് ഓടി പോകേണ്ടി വന്ന സമയത്ത്, ശൗലിന്റെ കുന്ത മുന അവന്റെ നേരെ തിരിഞ്ഞ സമയത്ത് അവൻ ഏകനായി പ്രവാസകാല ദിനത്തിലേക്ക് പ്രവേശിച്ചു. പർവ്വതങ്ങളിലെ ഗ്വഹരങ്ങളും ഗുഹകളും ദുർഗ്ഗങ്ങളും അവൻ ശരണമാക്കി. പ്രവാസകാല ദിനം ആരംഭിച്ചപ്പോൾ അവൻ ഏകനായ പോരാളിയായിരുന്നു. ആ നാളുകളിൽ ദൈവം അവനെ വർദ്ധിപ്പിച്ചു. അറുന്നൂറ് പോരാളികൾ ഉള്ള ഒരു സംഘത്തിന്റെ നേതാവായി അവൻ മാറി. ''അപ്പോൾ ദാവീദും 600 പേരോളം ഉള്ള അവന്റെ ആളുകളും തരം കണ്ടേടത്ത് സഞ്ചരിച്ചു''. I ശമു: 23:13.

പ്രവാസകാല ദിനത്തെ കുറിച്ച് വിലാപങ്ങളിൽ പറയുന്നു. ''അവൻ എന്നെ വെളിച്ചത്തിലല്ല ഇരുട്ടിലത്രേ നടത്തികൊണ്ട് പോന്നിരിക്കുന്നത്''. വിലാപങ്ങൾ 3:2. ശൗലിന്റെ കുന്തമുനയിൽ നിന്ന് ദാവീദിനെ രക്ഷിക്കുന്നതിന് വേണ്ടിയാണ് ദൈവം ആ പ്രവാസകാലം

ദാവീദിന് ഒരുക്കി കൊടുത്തത്. സഞ്ചരിക്കേണ്ടത് എവിടേക്ക് ആണെന്ന് അറിയാതെ ഇരുട്ടിന്റെ അനുഭവത്തിൽ അവൻ നടന്നു. തരം കണ്ടേടത്ത് സഞ്ചരിച്ചു.

ദൈവം അനുവദിച്ചിട്ടാണ് ജീവിതത്തിൽ ഇരുട്ട് വന്നിരിക്കുന്നതെങ്കിൽ അവിടെ നിന്നെ നടത്തുന്നത് ദൈവം ആയിരിക്കും. ഒരു പ്രവാചകൻ പ്രത്യാശയോടെ പറയുന്നു, ‘‘ഞാൻ ഇരുട്ടത്ത് ഇരുന്നാലും യഹോവ എനിക്ക് വെളിച്ചമായിരിക്കുന്നു’’.മീഖാ: 7:8. നീണ്ട 40 വർഷം മോശ മിദ്യാന്യ ദേശത്ത് ആടുകളെ മേച്ച് നടന്നു. ഫറവോന്റെ കീഴിൽ നിന്ന് ലക്ഷക്കണക്കിന് ഇസ്രയേൽ ജനത്തെ വീണ്ടെടുക്കുവാൻ ദൈവത്തിന്റെ നിയോഗം ലഭിച്ചവൻ ഒന്നും ചെയ്യുവാൻ കഴിയാതെ ഒരു വർഷവും രണ്ട് വർഷവും അല്ല നീണ്ട 40 വർഷം ഇരുട്ടിലൂടെ സഞ്ചരിച്ചു. എന്നാൽ ദൈവത്തിന്റെ സമയമായപ്പോൾ മരുഭൂമിക്ക് അപ്പുറത്ത് ഉള്ള ഹോരേബിൽ ജ്വലിച്ച് നിന്ന മുൾപടർപ്പിന്റെ മുമ്പിൽ അവനെ എത്തിച്ചത് ഇരുട്ടിലും തന്റെ ജനത്തെ നടത്തുവാൻ കഴിവുള്ള യിസ്രായേലിന്റെ ഉറങ്ങാത്ത പരിപാലകനായ യഹോവയത്രേ.

അവൻ എന്റെ വായെ മൂർച്ചയുള്ള വാൾ പോലെയാക്കി തന്റെ കൈയ്യുടെ നിഴലിൽ എന്നെ ഒളിപ്പിച്ചു, അവൻ എന്നെ മിനുക്കിയ അമ്പാക്കി തന്റെ പൂണിയിൽ മറച്ച് വച്ചു. യശയ്യ : 49:2

ഒരു വൃക്ഷത്തിൽ വളർന്ന് നിൽക്കുന്ന ഫലത്തിൽ കാണുന്ന അതിന്റെ വിത്ത് തികച്ചും പൂർണ്ണതയുള്ളതാണ്. മറ്റൊരു വൃക്ഷത്തിന് ജന്മം കൊടുക്കുവാൻ അതിന് കഴിയും. എന്നാൽ അത് ഒരു വൃക്ഷമായി രൂപപ്പെടണമെങ്കിൽ, കാട്ടുമൃഗം അത് തിന്ന് കളയാതെ, ചവുട്ടി കളയാതെ ഇരിക്കണം എന്നുണ്ടെങ്കിൽ ആ വിത്ത് മണ്ണിനടിയിൽ ഒളിപ്പിക്കണം. ആ വിത്ത് മണ്ണിനടിയിലായിരിക്കുന്ന കാലം ആ വിത്തിന്റെ പ്രവാസകാലമാകുന്നു.

സമയമാകുമ്പോൾ പൊട്ടിവിടരുന്നതിന് വേണ്ടി, സംരക്ഷണാനുഭവത്തിൽ നടത്തുവാൻ വേണ്ടി ദൈവം തന്റെ ഭക്തൻമാർക്ക് വേണ്ടി ഒരുക്കുന്ന ഒരു അവസ്ഥയാകുന്നു പ്രവാസകാലം. ശത്രുവിനെ തകർക്കുവാൻ മിനുക്കി എടുത്ത അമ്പ് അവൻ പൂണിയിൽ മറച്ച് വെക്കുന്നു. തക്കസമയത്ത് ഉപയോഗിക്കുവാൻ ദൈവം അതിനെ ഒളിപ്പിക്കുന്നു. മണ്ണിനടിയിലെ വിത്ത് ഇരുട്ടത്ത് ഇരിക്കുന്നു. പ്രഭാതം കാണാൻ ആഗ്രഹമുണ്ടെങ്കിലും ഇരുട്ടിൽ ഒളിക്കേണ്ടി വരുന്നു. എന്നാൽ നീതിസൂര്യൻ രോഗോപ ശാന്തിയോടെ ഉദിക്കുന്ന ദിനം വിത്തിന്മേൽ മുള പൊട്ടി വിടരും. തൊഴുത്തിൽ നിന്ന് വരുന്ന പശുകിടാക്കളെപ്പോലെ അത് തുള്ളിച്ചാടി വളരും. ആ ദിനങ്ങൾ ഇതാ അരികെ എത്തി.

## 3. ഏലി പുരോഹിതൻ - ഒരു ദൃഷ്ടാന്തം

ദൃഷ്ടാന്തം എന്ന വാക്കിന് ബൈബിൾ ഭാഷയിൽ ഭയപ്പെടേണ്ട ഒരു സംഗതി, ഗൗരവമേറിയ ഒരു മുന്നറിയിപ്പ് എന്നാണ് അർത്ഥം. പത്രോസിന്റെ ലേഖനത്തിൽ കള്ള പ്രവാചകൻമാർക്കും ദുരുപദേഷ്ടാക്കൻമാർക്കും വരുന്ന ന്യായവിധിയെക്കുറിച്ച് വിശദീകരിക്കുമ്പോൾ പഴയ നിയമത്തിലെ മൂന്ന് ന്യായവിധികളെക്കുറിച്ച് ലേഖകൻ ചൂണ്ടിക്കാണിക്കുന്നു. II പത്രോ 2: 4-6

I പാപം ചെയ്ത ദൂതൻമാരെ അന്ധതമസിന്റെ ചങ്ങലയിട്ട് നരകത്തിൽ ആക്കിയിരിക്കുന്നത്.

II നോഹയുടെ കാലഘട്ടത്തിൽ ജീവിച്ച ഭക്തികെട്ട ജനത്തെ ജലപ്രളയത്താൽ നശിപ്പിച്ചത്.

III. സോദോം ഗൊമോറ എന്ന പട്ടണത്തിൻമേൽ അയച്ച ഉൻമൂലനാശം.

ഈ മൂന്ന് സംഗതികളും ഭക്തികെട്ടു നടക്കുന്നവർക്ക് ഒരു ദൃഷ്ടാന്തം ആക്കിവച്ചിരിക്കുന്നു എന്ന് പത്രോസ് ലേഖനത്തിൽ

ചൂണ്ടിക്കാട്ടുന്നു.

പഴയ നിയമകാലത്ത് ഇസ്രായേൽ ജനത്തെ 40 സംവൽസരം ന്യായപാലനം ചെയ്ത ഏലി പുരോഹിതനെ ഒരു ദൃഷ്ടാന്തമായി വചനം ചിത്രീകരിക്കുന്നു. ഏലി പുരോഹിതന്റെ ജീവിത കാലഘട്ടത്തെ രണ്ടായി തിരിക്കാം.

1. നിർണ്ണായകമായ തീരുമാനങ്ങൾ എടുത്ത് നടപ്പാക്കുവാൻ പ്രാപ്തിയുണ്ടായിരുന്ന കാലഘട്ടം.
2. നിസ്സഹായതയുടെ കാലഘട്ടം.

ഒന്ന് ഏലിയുടെ മക്കളായ ഹൊഫ്നിയും ഫീനെഹാസും പ്രായപൂർത്തിയാകുന്നതിന് മുമ്പുള്ള കാലം. രണ്ട് അവർ ദൈവത്തിന്റെ നിയോഗം പ്രാപിക്കാതെ പിതാവിന് ദൈവം നൽകിയ ശുശ്രൂഷ ബലമായി കൈവശമാക്കിയ കാലം.

യഹോവയുടെ ആലയത്തിൽ യാഗം കഴിക്കുന്ന മൃഗങ്ങളുടെ മാംസം ഒരു ദഹനയാഗമായിത്തീരുന്നതിന് മുമ്പ് ഏലിയുടെ മക്കൾ ബലാൽക്കാരേണ അതിൽ നിന്ന് മാംസം എടുക്കുകയും യഹോവക്ക് കഴിക്കുന്ന വഴിപാടിനെ നിന്ദിക്കുകയും ചെയ്ത് പോന്നത്. അവർക്ക് അൽപം കൂടി പ്രായമായ സമയത്ത് സമാഗമന കൂടാരത്തിന്റെ വാതിൽക്കൽ സേവ ചെയ്ത് വന്ന സ്ത്രീകളോട് ഉണ്ടായിരുന്ന അസാന്മാർഗ്ഗികത്വം. അതുപോലെ തന്നെ സമാന സ്വഭാവത്തിലുള്ള നിരവധി പാപ സംഭവങ്ങൾ ജനം സംസാരിച്ചത് ഏലിയുടെ ചെവിയിൽ എത്തി.

ഒരു പുരോഹിതൻ എന്ന നിലയിലും പിതാവ് എന്ന നിലയിലും തന്റെ പുത്രന്മാരെ ശാസിച്ചമർത്തുവാൻ ഏലി തയ്യാറാകേണ്ടതായിരുന്നു. വിശ്വാസത്തിൽ ആരോഗ്യമുള്ളവരായി തീരേണ്ടതിന് തങ്ങൾക്ക് തഴെയുള്ളവരെ, പാപതീവ്രതയിൽ നീങ്ങുന്നവരെ,

കഠിനമായി ശാസിക്കണമെന്ന് തീത്തൊസിനെഴുതിയ ലേഖനത്തിൽ പൗലോസ് പറയുന്നു. 1:14

എന്നാൽ തന്റെ പുത്രന്മാരുടെ ദുഷ്പ്രവർത്തികളെക്കുറിച്ച് അറിഞ്ഞിട്ടും അവരെ ശാസിച്ചമർത്താത്തതുകൊണ്ട് (I ശമു: 3:13) ദൈവത്തേക്കാൾ തന്റെ പുത്രന്മാരെ ബഹുമാനിച്ചതുകൊണ്ട് (I ശമു: 2:29) തന്റെ പുത്രന്മാരുടെ നാശം അവന് കാണേണ്ടിവന്നു.

ശമുവേലിന്റെ മാതാവായ ഹന്ന മനോവ്യസന അനുഭവത്തിൽ ആയിരുന്ന സമയത്ത് അവൾക്ക് ലഹരി പിടിച്ചിരിക്കുന്നു എന്ന് പറഞ്ഞ് അവളെ ശാസിച്ചു. (I ശമു: 1:14) ഒരുവൻ പ്രതിസന്ധിക ളാൽ തകർന്ന് ഭ്രാന്തനെപ്പോലെ സമാധാനമില്ലാതെ ആയിരിക്കുന്ന സമയത്ത് അവന്റെ മനോവ്യസനത്തെ കാണുവാൻ പുതിയ നിയമ പുരോഹിതരിൽ അനേകർക്കും കഴിയുന്നില്ല. ഹന്നയുടെ മനോവ്യ സനത്തെ കാണുവാൻ ഏലിക്ക് സമയം ലഭിച്ചില്ല. അതുകൊണ്ട് ഏലി താൻ നിസഹായനായിത്തീർന്ന സമയത്ത് ദൈവത്തിനും സമയം ലഭിച്ചില്ല.

പാപം പെരുകിയേടത്ത് കൃപ അത്യന്തം വർദ്ധിച്ചു. ഒരു കൂട്ടം പുരോഹിതന്മാർ ദുഷ്പ്രവർത്തികളാൽ നശിച്ചുകൊണ്ടിരുന്ന സമ യത്ത് ദൈവം തന്റെ ഹിതം അനുഷ്ഠിക്കുന്ന ഒരു വിശ്വസ്ത ദാസനെ എഴുന്നേൽപ്പിച്ചു.

ശമുവേൽ ബാലനോ വളരുന്തോറും യഹോവക്കും മനു ഷ്യനും പ്രീതിയുള്ളവനായിത്തീർന്നു. I ശമു: 2:26. ദാൻ മുതൽ ബേർ-ശേബ വരെയുള്ള ഇസ്രയേൽ ഒക്കെയും ശമുവേൽ യഹോവ യുടെ വിശ്വസ്ത പ്രവാചകൻ എന്ന് ഗ്രഹിച്ചു. I ശമു: 3:20

ശമുവേൽ പ്രവാചകന്റെ ആത്മീയ പിതാവായ ഏലിയുടെ 98-ാമത്തെ വയസിൽ അവൻ നിസഹായനായ സമയത്ത് അവന്റെ

ചെവിയിൽ ഒരു വർത്തമാനം എത്തി. ഫെലിസ്ത്യരുമായുള്ള യുദ്ധത്തിൽ തന്റെ പുത്രന്മാർ പട്ടു പോയതും ദൈവത്തിന്റെ പെട്ടകം ഫെലിസ്ത്യർ പിടിച്ചെടുത്തതും. ഇതറിഞ്ഞ് അവൻ ആസനത്തിൽ നിന്ന് പുറകോട്ട് വീണ് കഴുത്തൊടിഞ്ഞ് മരിച്ചു. I ശമു: 4: 17:18

പുതിയ നിയമ ശുശ്രൂഷകന്മാരുടെ മുമ്പാകെ ഏലി പുരോഹിതൻ ഒരു ദൃഷ്ടാന്തമായി നിൽക്കുന്നു. ഇത് ഏതൊരു ശുശ്രൂഷകനും ഭയപ്പെടേണ്ട ഒരു വിഷയമായി തങ്ങളുടെ ചിന്താമണ്ഡലത്തിൽ രേഖപ്പെടുത്തട്ടെ.

## 4. യോനയുടെ ശുശ്രൂഷ

ദൈവനാമം മഹത്വപ്പെടുവാൻ ദൈവീക ശുശ്രൂഷകൾ പകരപ്പെട്ട പഴയ നിയമ കാലഘട്ടത്തിലെ ഒരു യഹോവ ഭക്തനായിരുന്നു യോന. യോന നിഷ്കളങ്കനും യഹോവയെ ആരാധിക്കുന്നവനും, എവിടെയായാലും ദൈവത്തെ ഉയർത്തുവാൻ ആഗ്രഹിക്കുന്നവനുമാകുന്നു. ഞാൻ ഒരു എബ്രായൻ, കടലും കരയും ഉണ്ടാക്കിയ സ്വർഗ്ഗീയ ദൈവമായ യഹോവയെ ഞാൻ ഭജിച്ച് വരുന്നു എന്ന് പറഞ്ഞു. 1:19. ദൈവത്ത ഭയപ്പെടുന്നവനും മറ്റുള്ളവരെ കരുതുന്നവനുമാകുന്നു യോന. എന്നെ എടുത്ത് സമുദ്രത്തിൽ ഇട്ട് കളവിൻ, അപ്പോൾ സമുദ്രം അടങ്ങും, എന്റെ നിമിത്തം ഈ വലിയ കോൾ നിങ്ങൾക്ക് തട്ടിയിരിക്കുന്നു എന്ന് ഞാൻ അറിയുന്നു എന്ന് പറഞ്ഞു. 1:12. ഏത് സാഹചര്യങ്ങളിലും യഹോവയോട് പ്രാർത്ഥിക്കുന്ന ഒരു ഭക്തനായിരുന്നു യോന. എന്റെ പ്രാണൻ എന്റെ ഉള്ളിൽ ക്ഷീണിച്ച് പോയപ്പോൾ ഞാൻ യഹോവയെ ഓർത്തു.എന്റെ പ്രാർത്ഥന നിന്റെ വിശുദ്ധ മന്ദിരത്തിൽ നിന്റെ അടുക്കൽ എത്തി. 2:7

ദൈവത്തെ അനുസരിക്കുന്നതിൽ അവൻ വിമുഖത കാണിച്ചു. നീ പുറപ്പെട്ട് മഹാനഗരമായ നിനവേയിലേക്ക് ചെന്ന് അതിന്

വിരോധമായി പ്രസംഗിക്ക എന്ന് പറഞ്ഞു. എന്നാൽ യോന തർശീശിലേക്ക് പോയ്ക്കളയുവാൻ കപ്പൽ കയറി. 1:2-3. യഹോവയോട് കോപിക്കുന്നവനായിരുന്നു യോന. ദൈവം യോനയോട് നീ ആവണക്ക് നിമിത്തം കോപിക്കുന്നത് വിഹിതമോ എന്ന് ചോദിച്ചതിന് അവൻ മരണപര്യന്തം കോപിക്കുന്നത് വിഹിതം തന്നെ എന്ന് പറഞ്ഞു. 4:9

ഒരു ലക്ഷത്തി ഇരുപതിനായിരത്തിൽ അധികം മനുഷ്യർ താമസിച്ചിരുന്ന നിനവേ എന്ന മഹാനഗരം നാശത്തിലേക്ക് പോകാതിരിക്കുവാൻ ദൈവത്തിന്റെ ന്യായവിധിയേക്കുറിച്ചും കരുണയേക്കുറിച്ചും പ്രസംഗിക്കുവാൻ യോനക്ക് അരുളപ്പാട് ലഭിച്ചു. എന്നാൽ യോന ന്യായവിധിയെക്കുറിച്ച് മാത്രമാണ് പ്രസംഗിച്ചത്. ഇനി നാൽപത് ദിവസം കഴിഞ്ഞാൽ നിനവേ ഉൻമൂലമാവും എന്ന് ഘോഷിച്ച് പറഞ്ഞു. 3:4. ദൈവത്തിന്റെ മഹാ കരുണയെക്കുറിച്ചോ, മനം തിരിഞ്ഞാൽ അനർത്ഥത്തെക്കുറിച്ച് അനുതപിക്കുന്ന ദൈവമാണെന്നോ യോന പ്രസംഗിച്ചില്ല.

നിനവേയിലെ ജനം മനം തിരിഞ്ഞാൽ യഹോവ നിനവേക്ക് അനർത്ഥം വരുത്തുകയില്ല എന്ന് യോനക്ക് വെളിപാട് ലഭിച്ചിരുന്നു. യഹോവേ, ഞാൻ എന്റെ ദേശത്ത് ആയിരുന്നപ്പോൾ ഞാൻ പറഞ്ഞ വാക്ക് ഇതുതന്നെയല്ലയോ ?. അതുകൊണ്ടാണ് ഞാൻ തർശീശിലേക്ക് ബദ്ധപ്പെട്ട് ഓടിപ്പോയത്. "നീ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയുമുള്ള ദൈവമായി അനർത്ഥത്തെക്കുറിച്ച് അനുതപിക്കുന്നവൻ എന്ന് ഞാൻ അറിഞ്ഞു". 4:2

എങ്കിലും യോന തനിക്ക് വെളിപ്പെട്ട ദൈവിക ദൂത് പൂർണ്ണമായും പ്രസംഗിച്ചില്ല. എന്നാൽ മഹാ കാരുണ്യവാനായ യഹോവ നീനെവയിലെ രാജാവിന് ഈ ദൂത് വെളിപ്പെടുത്തി കൊടുത്തു. രാജാവ് ജനത്തോട് പറയുന്നു. മനുഷ്യനും മൃഗവും രട്ട് പുതച്ച് ഉച്ചത്തിൽ ദൈവത്തോട് വിളിച്ച് അപേക്ഷിക്കണം. ഓരോരുത്തൻ

താന്താന്റെ കൈക്കലുള്ള സാഹസവും വിട്ട് മനം തിരിയുകയും വേണം. 3:8. യഹോവ അനുതപിച്ച് അവർക്ക് വരുത്തും എന്നരുളി ചെയ്ത അനർത്ഥം അവർക്ക് വരുത്തിയതുമില്ല.ദൈവത്തോടും നീനെ വയിലെ ജനത്തോടുമൊപ്പം ഉല്ലസിച്ചാഘോഷിക്കേണ്ട യോന, ഇതാ കോപിക്കുന്നു. ഞാൻ മുഖാന്തരം ഒരു ലക്ഷത്തി ഇരുപതിനായി രത്തിൽപരം മനുഷ്യരെ യഹോവ മരണത്തിൽ നിന്ന് വിടുവിച്ച് അനു ഗ്രഹിച്ചുവല്ലോ എന്ന് പറഞ്ഞ് സന്തോഷിക്കേണ്ടിയിരിക്കുന്ന യോന, ഇതാ ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കുന്നത് നന്ന് എന്ന് പറയു ന്നു.

എന്താണ് കാരണം?

1. ഒരു യഹോവ ഭക്തന് വേണ്ട ശുശ്രൂഷകളും ഗുണങ്ങളും അവന് ഉണ്ടായിരുന്നു എങ്കിലും നശിച്ച് പോകുന്ന ആത്മാക്കളെക്കുറിച്ചുള്ള ആത്മഭാരം യോനക്ക് ഇല്ലായിരുന്നു.
2. ആത്മാക്കൾ വിടുവിക്കപ്പെടുക എന്നതിനേക്കാൾ ഉപരി ലഭിച്ച ശുശ്രൂഷക്ക് പ്രാധാന്യം നൽകി.
3. ദൈവത്താൽ ലഭിക്കപ്പെട്ട ഈ ശുശ്രൂഷ ആത്മാക്കൾ രക്ഷയിൽ വരുവാൻ ദൈവം നൽകിയതാണെന്ന ഉൾബോധം യോനക്ക് ഇല്ലായിരുന്നു.
4. ഒരു ലക്ഷത്തി ഇരുപതിനായിരത്തിൽ പരം മനുഷ്യർ നശിച്ച് പോകാതിരുന്നു എന്നതിനേക്കാൾ യോനയെ ഭരിക്കുന്ന വ്യാകുലചിന്ത തന്റെ പ്രവചനം തെറ്റിപ്പോ യല്ലോ എന്നതാണ്.
5. യോന തനിക്ക് ലഭിച്ച ശുശ്രൂഷയെയാണ് മാനിക്കുന്നത്, ദൈവത്തെയല്ല.
6. നീനെവ ഉന്മൂലമാകും എന്ന് പ്രവചിച്ചിട്ട് നഗരത്തിന് എന്ത് ഭവിക്കും എന്ന് കാണുവോളം അവൻ വിശ്രമിക്കുകയായിരുന്നു.4:5.
7. നീനവെ നശിച്ച് പോകാതിരിക്കുവാൻ വേണ്ടി ആ നഗരത്തിനായി ദൈവ സന്നിധി യിൽ കരയുകയോ

അബ്രഹാം ചെയ്തതുപോലെ പക്ഷപാതം ചെയ്യുകയോ യോന ചെയ്തില്ല.

ശുശ്രൂഷ വെളിപ്പെടുന്നത് ശുശ്രൂഷകൻെറ നാമം മഹത്വപ്പെടുത്തുന്നതിന് വേണ്ടിയല്ല. ദൈവം നൽകുന്ന ശുശ്രൂഷ ദൈവനാമ മഹത്വത്തിന് വേണ്ടിയാണ്. ദൈവാത്മാവ് വെളിപ്പെടുത്തുന്ന ശുശ്രൂഷ ആത്മാക്കളെ നേടിയെടുക്കുന്നതിന് വേണ്ടിയാണ്. ശുശ്രൂഷ പണത്തിന് വേണ്ടിയോ, മഹിമക്ക് വേണ്ടിയോ, പ്രശസ്തി നേടുവാനോ അല്ല.

യോനയെപ്പോലെ ആത്മഭാരം ഇല്ലാത്തവരായിട്ടല്ല, പൗലോസ് പറയുന്നു: അദ്ധ്വാനം, പ്രയാസം, പലവട്ടം ഉറക്കിളപ്പ്, പൈദാഹം, പലവട്ടം പട്ടിണി, ശീതം, നഗ്നത എന്നീ അസാധാരണ സംഗതികൾ ഭവിച്ചത് കൂടാതെ എനിക്ക് ദിവസേന സർവ്വസഭകളേയും കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ട്. 2 കൊരിന്ത്യ: 11:27,25. പൗലോസിനെപ്പോലെ ദേശത്തേക്കുറിച്ചും സഭയേക്കുറിച്ചും ചിന്താഭാരവും ആത്മഭാരവും ഉള്ളവരാകുവാൻ ദൈവം നമ്മെ ബലപ്പെടുത്തട്ടേ.

## 5. പിതാക്കൻമാരായ ശുശ്രൂഷകൾ

ശുശ്രൂഷകൻമാർ തങ്ങളുടെ ഭവനത്തിന്റെ പിതാക്കന്മാരാകുന്നു. അവർ തങ്ങളുടെ മക്കളുടെ സ്വഭാവ രൂപീകരണത്തെ പൂർണ്ണമായി സ്വാധീനിക്കുന്നവർ ആകുന്നു. ശുശ്രൂഷകന്മാർ ‘‘സ്വന്തം കുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണ്ണ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കേണം’’. I തിമോഥെയോസ്: 3:4-5. അബ്രഹാം നമ്മുടെ പിതാവാകുന്നു. യഹോവ വ്യക്തി പരമായി ഒരു ദൂത് അബ്രഹാമിന് നൽകുന്നു. ‘‘ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോക. ഞാൻ നിന്നെ വലിയൊരു ജാതിയാക്കും. നിന്നെ അനുഗ്രഹിച്ച് നിന്റെ പേർ വലുതാക്കും’’. ഉൽപത്തി:12:1–2.

ദൈവത്തെ അനുസരിക്കുന്ന അബ്രഹാമിനെ നാം ഇവിടെ കാണുന്നു. സന്തതികളില്ലാതിരുന്ന സമയത്ത് യഹോവ അബ്രഹാമിനോട് പറഞ്ഞു. ''നീ ആകാശത്തേക്ക് നോക്കുക; നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക എന്ന് കൽപിച്ചു നിന്റെ സന്തതി ഇങ്ങനെ ആകും എന്നും അവനോട് കൽപിച്ചു. അവൻ യഹോവയിൽ വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു''. ഉൽപത്തി: 15:5-6.

അബ്രഹാമിന് 85 വയസ്സായിട്ടും സന്തതിയെ ലഭിക്കുന്നില്ലല്ലോ എന്ന് ചിന്താധീനയായ സാറാ ദൈവത്തെ അവിശ്വസിച്ച് അബ്രഹാമിനോട് ''ഞാൻ പ്രസവിക്കാതിരിപ്പാൻ യഹോവ എന്റ ഗർഭം അടച്ചിരിക്കുന്നുവല്ലോ. എന്റെ ദാസിയുടെ അടുക്കൽ ചെന്നാലും,പക്ഷെ അവളാൽ എനിക്ക് മക്കൾ ലഭിക്കും'' എന്ന് പറഞ്ഞു. അബ്രഹാം സാറയുടെ വാക്ക് അനുസരിച്ചു. ഉൽപത്തി:16:2. അത് അവൾക്കും അബ്രഹാമിനും ദോഷമായി. ഭർത്താക്കന്മാരുടെ ശുശ്രൂഷക്ക് അനുസരിച്ച് ഭാര്യമാർ തങ്ങളുടെ ആത്മീയ ജീവിതത്തെ വളർത്തിയെടുത്തില്ലെങ്കിൽ അത് ആ കുടുംബത്തിന് മോശമായി തീരുന്നു. സാറ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു. അവന് യിസ്ഹാക്ക് എന്ന് പേരിട്ടു. അവന് അല്പം പ്രായമായ ഘട്ടത്തിൽ ദൈവം അബ്രഹാമിനോട് ''നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെ തന്നെ, കൂട്ടി കൊണ്ട് മോരിയ ദേശത്ത് ചെന്ന്, അവിടെ ഞാൻ നിന്നോട് കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്കുക എന്ന് അരുളി ചെയ്തു''. ഉൽപത്തി: 22:2. തന്റെ പ്രിയ മകനെ നഷ്ടമാകുന്നു എന്ന് അറിഞ്ഞിട്ടും ദൈവത്തെ പൂർണ്ണമായി അനുസരിക്കുന്ന ഒരു പിതാവിനെ നാം ഇവിടെ കാണുന്നു.

തന്റെ പിതാവ് എപ്പോഴും യാഗം കഴിക്കുന്നവനായി ഇരുന്നത് കൊണ്ടും, തന്റെ പുത്രനെ അവൻ കൂടെ നിർത്തി യാഗത്തെ കുറിച്ച് പഠിപ്പിച്ചിട്ടുള്ളത് കൊണ്ടും യിസ്ഹാക്ക് അബ്രഹാമിനോട് ''തീയും

വിറകുമുണ്ട്, എന്നാൽ ആട്ടിൻ കുട്ടി എവിടെ'' എന്ന് അവൻ ചോദിച്ചു. ഉൽപത്തി: 22:7.

അബ്രഹാം യാഗ പീഠം പണിതു, വിറക് അടുക്കി, ആട്ടിൻ കുട്ടിയുടെ സ്ഥാനത്ത് യിസ്ഹാക്കിനെ കെട്ടി യാഗ പീഠത്തിൻമേൽ വിറകിൻ മീതെ കിടത്തിയപ്പോൾ, താൻ തന്നെ ആകുന്നു യാഗ വസ്തു എന്ന് മനസ്സിലാക്കിയിട്ടും, താൻ ഇല്ലാതെ ആകുവാൻ പോകുന്നു എന്ന് അറിഞ്ഞിട്ടും പിതാവിനെ പൂർണ്ണമായി അനുസരിക്കുന്ന ഒരു മകൻ. പിതാക്കന്മാർ ദൈവത്തെ പൂർണ്ണമായി അനുസരിക്കുമ്പോൾ അവരുടെ മക്കൾ പിതാക്കന്മാരെ പൂർണ്ണമായി അനുസരിക്കും.

എന്ത് കൊണ്ട് അബ്രഹാമിനെ ഇസ്ഹാക്ക് എതിർക്കാതിരുന്നു?

1. തന്റെ പിതാവായ അബ്രഹാം തന്നെ ആഴമായി സ്നേഹിക്കുന്നു എന്നും തനിക്ക് ദോഷമായി ഒന്നും തന്റെ പിതാവ് ചെയ്യുകയില്ല എന്നും ഇസ്ഹാക്ക് പൂർണ്ണമായും വിശ്വസിച്ചിരിന്നു. അതോടൊപ്പം തന്റെ പിതാവിനെ അവൻ ബഹുമാനിച്ചിരുന്നു.
2. തന്റെ പിതാവിന് ദൈവവും ആയുള്ള ദൃഢ ബന്ധത്തെ കുറിച്ച് അവന് അറിയാമായിരുന്നു. ദേശത്തേയും, ചാർച്ചക്കാരെയും, പിതൃ ഭവനത്തെയും വിട്ട് ദൈവം കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പുറപ്പെട്ട തന്റെ പിതാവിനെ ദൈവം കൈവിടുകയില്ല എന്നും അവൻ വിശ്വസിച്ചിരുന്നു.
3. ദൈവ സന്നിധിയിൽ ആരാധനക്കും യാഗത്തിനും അബ്രഹാം നൽകിയ പ്രാധാന്യം യിസ്ഹാക്ക് മനസ്സിലാക്കിരുന്നു. അതിന് അല്പം പോലും ഇടർച്ച ഉണ്ടാകുവാൻ താൻ അനുവദിച്ചില്ല. യിസ്ഹാക്ക് എതിർക്കുക ഇല്ല എന്ന് അബ്രഹാമിന് എങ്ങിനെ മനസ്സിലായി ?

1. താൻ ദൈവ കല്പന അനുസരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇങ്ങനെ ചെയ്യുന്നതെന്നും, തന്റെ മകന്റെ മുമ്പിൽ തനിക്ക് ഒരു സാക്ഷ്യം ഉണ്ട് എന്നും അബ്രഹാമിന് അറിയാ മായിരുന്നു
2. താൻ അവനെ ആഴമായി സ്നേഹിക്കുന്നുണ്ടെന്നും അതിനേ ക്കാൾ ഉപരിയായി ദൈവത്തെയാണ് സ്നേഹിക്കേണ്ടത് എന്നും, ആരാധനയുടെ മഹത്വത്തേയും അതിന് കൊടു ക്കേണ്ട വിലയെ കുറിച്ചും ഇസ്ഹാക്കിനെ അബ്രഹാം പഠിപ്പിച്ചിരുന്നു.
3. ദൈവത്തെ പൂർണ്ണമായി താൻ അനുസരിക്കുന്നത് കൊണ്ട് തന്റെ മകൻ തന്നെയും പൂർണ്ണമായി അനുസരിക്കും എന്ന് അബ്രഹാം വിശ്വസിച്ചിരുന്നു.

അബ്രഹാമിന്റെ സ്വഭാവം അതുപോലെ തന്നെ യിസ്ഹാക്കിലും കാണുന്നു.

1. അബ്രഹാം എപ്പോഴും ദൈവ സന്നിധിയിൽ ധ്യാനിക്കുന്ന വനും ദൈവത്തോട് സംസാരിക്കുന്നവനുമായിരുന്നു. യിസ്ഹാക്കും അങ്ങനെ തന്നെ ആയിരുന്നു. ''വൈകുന്നേ രത്ത് യിസ്ഹാക്ക് ധ്യാനിപ്പാൻ വെളിമ്പ്രദേശത്ത് പോയി രുന്നു''.ഉൽപത്തി: 24:63.
2. ദൈവം നൽകാത്തത് ഒന്നും അബ്രഹാം സ്വീകരിക്കുക ഇല്ലാ യിരുന്നു. ''അബ്രഹാം സോദോം രാജാവിനോട് പറഞ്ഞത് ഞാൻ അബ്രഹാമിനെ സമ്പന്നൻ ആക്കിയെന്ന് നീ പറയാ തെയിരുപ്പാൻ ഞാൻ ഒരു ചരടാകട്ടെ, ചെരിപ്പ് വാറാകട്ടെ, നിനക്കുള്ളതിൽ യാതൊന്നുമാകട്ടെ എടുക്കുകയില്ല എന്ന് ഞാൻ സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായി അത്യുന്നത ദൈവ മായ യഹോവയിങ്കലേക്ക് കൈ ഉയർത്തി സത്യം ചെയ്യുന്നു''. ഉൽപത്തി:14:22:-23. യിസ്ഹാക്കും അങ്ങിനെ തന്നെ

ആയിരുന്നു. ഗേരാർ താഴ്വരയിൽ കിണർ കുഴിച്ച് നീരുറവ കണ്ടപ്പോൾ ഗെരാർ ദേശത്തെ ഇടയൻമാർ ഇത് ഞങ്ങൾക്കു ള്ളത് എന്ന് പറഞ്ഞ് ശണ്ഠ ഇട്ടപ്പോൾ അവൻ അവിടെ നിന്ന് മാറിപ്പോയി മറ്റൊരു കിണർ കുഴിച്ചു. യഹോവ ഇപ്പോൾ നമുക്ക് ഇടം ഉണ്ടാക്കി എന്ന് പറഞ്ഞ് ദൈവം നൽകിയത് മാത്രം സ്വീകരിച്ചു.

3. അബ്രഹാം വ്യക്തി പരമായി വാഗ്ദത്തം യഹോവയിൽ നിന്ന് പ്രാപിച്ചു. ഉൽപത്തി:12:1-3.യിസ്ഹാക്കും വ്യക്തി പരമായി യഹോവയിൽ നിന്ന് വാഗ്ദത്തം പ്രാപിച്ചു. ഉൽപത്തി:26:4-5.

അബ്രഹാം തന്റെ കുടുംബത്തിന്റെ കാര്യത്തിൽ ശ്രദ്ധാലുവായിരുന്നു. എന്നാൽ ദാവീദ് തന്റെ കുടുംബത്തെ ശ്രദ്ധിക്കുന്നതിൽ വിമുഖത കാണിച്ചു. ദാവീദ് നല്ല ഒരു പോരാളി ആയിരുന്നു. രാജ്യ തന്ത്രഞ്ജനായിരുന്നു. നല്ല ഒരു പാട്ടു കാരനായിരുന്നു. എന്നാൽ തന്റെ മക്കളുടെ പിതാവ് എന്ന രീതിയിൽ പരിശോധിക്കുമ്പോൾ ദാവീദ് ഒരു പരാജയമായിരുന്നു.

ദാവീദിന്റെ ഭാര്യമാർ മീഖൾ, അബീഗയിൽ അഹീനോവം, ഹഗ്ഗീത്ത്, അബീതാൽ, മയഖ, ബത്ത്-ശേബ, അബീശഗ്, കൂടാതെ യറു ശലേമിൽ നിന്ന് വേറെ ഭാര്യമാരും വെപ്പാട്ടികളും ദാവീദിന് ഉണ്ടായിരുന്നു. ദാവീദിന്റെ മക്കൾ അദോനിയാവ്, അമ്നോൻ, കിലെയാബ്, ശെഫത്യാവ്, അബ്ശാലോം, ശലോമോൻ. ദാവീദ് ഇസ്രയേൽ ജനത്തോടൊപ്പം യഹോവയുടെ നിയമ പെട്ടകം, ഒബേദ്-എദോമിന്റെ വീട്ടിൽ നിന്ന് യരുശലേം നഗരത്തിൽ കൊണ്ടു വന്നപ്പോൾ ദാവീദ് പഞ്ഞിനൂലങ്കി ധരിച്ച് കൊണ്ട് പൂർണ്ണ ശക്തിയോടെ യഹോവയുടെ മുമ്പാകെ നൃത്തം ചെയ്തു IIശമുവേൽ:6:14. ശൗലിൻെറ മകളായ മീഖൾ ഇത് കണ്ട് ഹൃദയത്തിൽ അവനെ നിന്ദിച്ച് ,നിസ്സാരന്മാരിൽ ഒരുത്തൻ തന്നെത്താൻ അനാവൃതനാക്കുന്നത് പോലെ യിസ്രയേൽ രാജാവ് തന്റെ ദാസന്മാരുടെ ദാസികൾ കാൺകേ തന്നെത്താൻ അനാവൃതനാക്കി, എന്ന് പറഞ്ഞപ്പോൾ IIശമുവേൽ:6:20. അവളുടെ തെറ്റിനെ

ചൂണ്ടി കാണിച്ച് പറഞ്ഞ് കൊടുക്കേണ്ട ദാവീദ് അവളെയും അവളുടെ കുടുംബത്തെയും അധിക്ഷേപിക്കുകയാണ് ചെയ്തത്. താൻ മാത്രം ആശ്രയമായ തന്റെ ഭാര്യയായ മീഖളിനെ കരുതേണ്ടവനായ ദാവീദ് അവളുടെ അസ്ഥിത്വത്തെ തകർക്കുകയാണ് ചെയ്തത്.

ദാവീദ്, തന്റെ മക്കളെ സ്നേഹിച്ചിരുന്നു.അബ്ശാലോം അവനെ ദ്രോഹിച്ചിട്ടും അവൻ യുദ്ധത്തിൽ പട്ടു പോയപ്പോൾ ദാവീദ് ഉറക്കെ കരയുന്നു "എന്റെ മകനേ, അബ്ശലോമേ, അബ്ശലോമേ, എന്റെ മകനേ എന്ന് ഉറക്കെ നില വിളിച്ച് കൊണ്ടിരുന്നു" IIശമുവേൽ:19:4. എന്നാൽ തന്റെ മക്കളെ ഉപദേശിക്കുകയോ, താൻ രാജാവാകുന്നതിന് മുമ്പ് കടന്ന് വന്ന പാതയെ കുറിച്ച് അവരോട് പറയുകയോ, യഹോവ സ്തുത്യനും നിത്യനും ആകുന്നു എന്ന് പഠിപ്പിക്കുകയോ, അതു പോലെ തന്നെ അവരുടെ സ്വഭാവ രൂപീകരണ പ്രായത്തിൽ അവരെ സ്വാധീനിക്കുകയോ ചെയ്തില്ല.

ദാവീദിന് പറയുവാൻ അനേകം കാര്യങ്ങൾ കാണും. താൻ രാജാവാകുന്നത് കൊണ്ട് രാജ്യം ഭരിക്കുവാൻ സമയം വേണം. യഹോവക്ക് പാട്ടുകൾ എഴുതുന്നവനായത് കൊണ്ട് അതിന് സമയം വേണം. തന്റെ മക്കൾക്കായി ചിലവഴിക്കുവാൻ സമയം ഇല്ല. അതും കൂടാതെ മക്കളുടെ മുമ്പിൽ തന്റെ സാക്ഷ്യത്തെ ഇല്ലാതാക്കി അവൻ രാജാവായിരുന്നത് കൊണ്ട് ധാരാളം ഭാര്യമാർ അവനുണ്ടായിരുന്നു. അത് കൂടാതെ ഹിത്യനായ ഊരിയാവെ വാൾ കൊണ്ട് വെട്ടി അവന്റെ ഭാര്യയെ താൻ ഭാര്യയായിട്ട് എടുത്തു.അവനെ അമ്മോന്യരുടെ വാൾ കൊണ്ട് കൊല്ലിച്ചു. II ശമുവേൽ:12:9.

കുടുംബത്തെ കാത്ത് സൂക്ഷിക്കുന്നതിൽ അലസത കാണിച്ച ദാവീദ് അതിന്റെ അനന്തരഫലം തന്റെ കണ്ണ് കൊണ്ട് തന്നെ കണ്ടു.

1. തന്റെ ഭാര്യയായ അഹീനോവത്തിന്റ മകനായ അമ്നോൻ അവന്റെ മറ്റൊരു ഭാര്യയായ മയഖയുടെ മകൾ താമാറിനെ

അപമാനിച്ചു.

2. മയഖയുടെ മകനായ അബ്ശാലോം അമ്നോനെ അടിച്ച് കൊന്നു.
3. അബ്ശാലോം രാജകുമാരൻ ദാവീദ് ജീവിച്ചിരിക്കുമ്പോൾ തന്നെ ബലമായി തന്റെ സിംഹാസനം കൈവശമാക്കി.
4. ഗേരയുടെ മകൻ ശിമെയി രക്ത പാതകാ നീചാ എന്ന് പറഞ്ഞ് ദാവീദിനെ ശപിച്ചു.
5. അബ് ശാലോം എല്ലാ യിസ്രയേലും കാൺകേ തന്റെ അപ്പന്റെ വെപ്പാട്ടികളുടെ അടുക്കൽ ചെന്നു. 1ശമു:16:22.

ദാവീദിന് അനേകം ഭാര്യമാർ ഉണ്ടായിരുന്നത് പോലെ തന്റെ പുത്രനായ ശാലോമോനും അനേകം ഭാര്യമാരെ കൈവശമാക്കി അവന് എഴുന്നൂറ് കുലീന പത്നികളും മുന്നൂറ് വെപ്പാട്ടികളും ഉണ്ടായിരുന്നു.1 രാജാക്കന്മാർ:11:3. ഇതാ അവൻ തന്റെ ഭാര്യമാർക്ക് വേണ്ടി മ്ലേഛമായ വിഗ്രഹങ്ങളെ പണിത് അതിന് ബലി കഴിച്ചും ധൂപം കാട്ടിയും പോന്നു.

ദൈവം കഴിഞ്ഞാൽ അടുത്ത സ്ഥാനം നാം നൽകേണ്ടത് കുടുംബത്തിനാണ്. ദൈവം നൽകിയ കുടുംബത്തെ ശ്രദ്ധിക്കാതെ, മക്കളെ ശ്രദ്ധിക്കാതെ ശുശ്രൂഷാതിരക്കിന്മേൽ ചലിച്ച് കൊണ്ടിരുന്നാൽ ഉണ്ടാകാവുന്ന ദോഷത്തെ കുറിച്ച് നാം ചിന്തിച്ചു. ദാവീദിനെ കുറിച്ച് പുകഴുവാൻ അനേകം വസ്തുതകൾ വേദ പുസ്തകത്തിലുണ്ട്. എന്നാൽഒരു പിതാവ് എന്ന നിലയിൽ ദാവീദ് ഒരു പരാജയമായിരുന്നു.

## 6. യോശുവ = ജയാളി

യോശുവ ജയിക്കുവാൻ വേണ്ടി മാത്രം ജനിച്ച ഒരു ജയാളി യാകുന്നു. അവന്റെ മേലുള്ള ഒരു വാഗ്ദത്തം നിന്റെ ജീവകാലത്ത്

ഒരിക്കലും ഒരു മനുഷ്യനും നിന്റെ നേരെ നിൽക്കുകയില്ല എന്നാണ്. യോശു:1:5. യഹോവ സമാഗമന കൂടാരത്തിൽ വച്ച് മോശയോട് ഒരു സ്നേഹിതൻ എന്ന പോലെ സംസാരിച്ച നാളുകളിൽ അവന്റെ ശുശ്രൂഷക്കാരനായ യോശുവ കൂടാരത്തെ വിട്ട് പിരിയാതെയിരുന്നു. പുറപ്പാട്:33:11. മോശയുടെ അഭിഷിക്ത ശുശ്രൂഷ തികയാറായ സമയത്ത് പിൻഗാമിയായി യോശുവയെ നിയോഗിക്കുവാൻ യഹോവ മോശക്ക് ആലോചന കൊടുത്തു. നിന്റെ ശുശ്രൂഷക്കാരനായ നൂന്റെ മകൻ യോശുവ അവിടെ ചെല്ലും, അവനെ ധൈര്യപ്പെടുത്തുക, അവനാകുന്നു യിസ്രയേലിന് ദേശം കൈവശമാക്കി കൊടുക്കേണ്ടത്. ആവർത്തനം:1:38.

ജാതീയ രാജാക്കന്മാരെ ജയിച്ചടക്കുന്നതിനായി ചില പ്രത്യേക പരിശീലനം യോശുവക്ക് യഹോവ നൽകുന്നു.

1. അവന് ആവശ്യമായ ആത്മ വിശ്വാസം നൽകുന്നു.
2. ന്യായ പ്രമാണത്തിന്റെ കീഴിൽ സഞ്ചരിക്കേണ്ട ഒരു നേർരേഖ അവനെ കാണിക്കുന്നു. അത് വിട്ട് ഇടത്തോട്ടോ,വലത്തോട്ടോ മാറരുത്.
3. വചനം അതിന്റെ ശക്തിയോടെ യുദ്ധം ചെയ്യും. നീ അത് രാപകൽ ധ്യാനിക്കണം.
4. നീ പോകുന്നേടത്തൊക്കെയും യഹോവ ആയ ഞാൻ നിന്നോട് കൂടെയുണ്ട്.
5. ഏത് സമയത്തും, ഏത് പ്രതികൂല നേരത്തും ഉറപ്പും ധൈര്യവും ഉള്ളവൻ ആയിരിക്കണം

യോശുവക്കും അവന്റെ കീഴിലുള്ള യോദ്ധാക്കൾക്കും മരുഭൂമിയിൽവച്ച് കഠിനമായ പരിശീലനം യഹോവ നൽകി. മരുഭൂമിയിലെ വരണ്ട നാളുകൾ, വിഷ സർപ്പങ്ങൾ, മണൽക്കാറ്റ്, ദിനവും ലഭിച്ച് കൊണ്ടിരുന്ന മന്ന, അഭിഷേകം ലഭിച്ച നേതൃത്വം, ഭിന്നതയും വെറുപ്പും പിറു പിറുപ്പും നടത്തിയ ജനത്തെ നശിപ്പിച്ചത്, യഹോവയുടെ അത്ഭു

തങ്ങൾ തുടങ്ങി വിവിധ മുഖാന്തരങ്ങളിലൂടെ യഹോവ പരിശീലിപ്പിച്ചെടുത്ത ജനമാണ് യോശുവക്ക് കീഴിൽ അണി നിരന്നത്.അവർ യോശുവയോട് പറയുന്നു നീ ഞങ്ങളോട് കൽപിക്കുന്നതൊക്കെയും ഞങ്ങൾ ചെയ്യും, ഞങ്ങളെ അയക്കുന്നിടത്തൊക്കെയും ഞങ്ങൾ പോകും,ഞങ്ങൾ മോശയെ സകലത്തിലും അനുസരിച്ചത് പോലെ നിന്നെയും അനുസരിക്കും, നിന്റെ ദൈവമായ യഹോവ മോശയോട് കൂടെ ഇരുന്നത് പോലെ നിന്നോട് കൂടെയും ഇരുന്നാൽ മതി. യോശു:1:16:17.

ഇവിടെ ഒളിഞ്ഞിരിക്കുന്ന ഒരു മർമ്മം ആണ് ഏത് ഒരു ജയത്തിന്റെയും കാതൽ, നിന്റെ ദൈവമായ യഹോവ മോശയോട് കൂടെ ഇരുന്നത് പോലെ നിന്നോട് കൂടെയും ഇരിക്കണം എന്നുള്ളത്. അഭിഷിക്ത നേതൃത്വം ഉള്ളിടത്ത് അഭിഷിക്ത യോദ്ധാക്കളുടെ സംഘം രൂപം കൊള്ളും. ശൗലിന്റെ അടുക്കൽ നിന്ന് ഓടിപ്പോയ ദാവീദിന്റെ കൂടെ വനത്തിൽ എത്തിയവർ ഞെരുക്കമുള്ളവരും, കടക്കാരും, സന്തുഷ്ടി ഇല്ലാത്തവരും ആയിരുന്നു. 1ശമു:22:2. വർഷങ്ങൾക്ക് ശേഷം ദാവീദിന്റെ ജീവിതാന്ത്യ നാളുകളിൽ അവന്റെ കൂടെ ഉണ്ടായിരുന്ന വീരന്മാരുടെ ചരിത്രം 1ശമു:23:8. മുതൽ 39 വരെ രേഖപ്പെടുത്തിയിരിക്കുന്നു. 37 വീരന്മാരുടെ ചരിത്രം അവിടെ ഉണ്ട്. ഇവർ എങ്ങിനെ വീരന്മാരായി. കാരണം ദാവീദ് ഒരു വീരനായ യോദ്ധാവായിരുന്നു.

1. കാട്ടിൽ വച്ച് സിംഹത്തെയും കരടിയെയും അവൻ കൊന്നു.
2. ഗോലിയാത്ത് എന്ന മല്ലനെ കൊന്നു.
3. ഫെലിസ്ത്യരെ തുടർച്ചയായിപടവെട്ടി തോൽപിച്ചു.
   പിന്നെയും യുദ്ധം ഉണ്ടായാലെ ദാവീദ് പുറപ്പെട്ട് ഫെലിസ്ത്യരോട് പടവെട്ടി അവരെ അതികഠിനമായി തോൽപിച്ചു.
   1 ശമു:19:8.
4. ശൗലിന്റെ പാളയത്തിൽ ദാവീദും അബീശായിയും മാത്രം കടന്ന് ചെന്ന് ശൗലിന്റെ തലയ്ക്കൽ നിന്ന് കുന്തവും

ജലപാത്രവുംഎടുത്തത്. 1 ശമു:26:12.

5. സിക്ലാഗ് തീ വച്ച് ചുട്ട് കളഞ്ഞ അമാലോക്യരെ സംഹരിച്ചത്. ദാവീദ് അവരെ സന്ധ്യ മുതൽ പിറ്റെ നാൾ വൈകുന്നേരം വരെ സംഹരിച്ചു. 1ശമു:30:17.

വീരന്മാരുടെ കീഴിൽ വീരന്മാർ ജനിക്കും, വിശ്വസ്തരുടെ കീഴിൽ വിശ്വസ്തർ ജനിക്കും, ശുശ്രൂഷ ഉള്ളവന്റെ കീഴിൽ ശുശ്രൂഷ ഉള്ളവൻ എഴുന്നേൽക്കും, യോശുവയുടെ കീഴിൽ യുദ്ധ സന്നദ്ധ രായി നിന്ന യോദ്ധാക്കളെ ഉപയോഗിച്ച് യഹോവ യുദ്ധം ആരംഭി ക്കുകയായി.

**യോശുവ കീഴടക്കിയ രാജാക്കന്മാരുടെ പേരുകൾ**

1. യെരിഹോ രാജാവ്
2. ഹെബ്രോൻ രാജാവ്
3. യെരുശലേം രാജാവ്
4. ഹായി രാജാവ്
5. യമ്മൂത്ത് രാജാവ്
6. ലാഖീശ് രാജാവ്
7. എഗ്ലോൻ രാജാവ്
8. ഗേസർ രാജാവ്
9. ദെബീർ രാജാവ്
10. ഗേദർ രാജാവ്
11. ഹോമ്മ രാജാവ്
12. ആരാദ് രാജാവ്
13. ലിബ്ന രാജാവ്
14. അദുല്ലാം രാജാവ്
15. മക്കേദാ രാജാവ്
16. ബേഥേൽ രാജാവ്
17. തപ്പുഹ രാജാവ്
18. ഹേഫർ രാജാവ്
19. അഫേക് രാജാവ്
20. ശാരോൻ രാജാവ്
21. മാദോൻ രാജാവ
22. ഹാസോർ രാജാവ്
23. ശിമോൻ - മേരേൻ രാജാവ്
24. അകശാപ്പു രാജാവ്
25. താനാക് രാജാവ്
26. മെഗിദ്ദോ രാജാവ്
27. കാദേശ് രാജാവ്
28. യെക്നെയാ രാജാവ്
29. ദോർ രാജാവ്
30. ഗിൽഗാൽ ജാതികളുടെ രാജാവ്
31. തിർസാ രാജാവ്.

ഈ രാജാക്കന്മാരെയെല്ലാം കൊന്ന് അവരുടെ രാജ്യം യോശുവയും അവന്റെ കീഴിലുള്ള യോദ്ധാക്കളും കൈവശമാക്കി.

## 7. അഭിഷിക്തനായ മോശ

## ഒന്നാം ഭാഗം

## യുദ്ധത്തിനുള്ള ഒരുക്കം.

പഴയനിയമം പരിശോധിക്കുമ്പോൾ ഏറ്റവും വലിയ അഭിഷിക്ത ശുശ്രൂഷ നിർവ്വഹിച്ചത് ആര് എന്ന് ചോദിച്ചാൽ വലിയ പരിശോധന കൂടാതെ തന്നെ പറയുവാൻ കഴിയും. അബ്രഹാം, യാക്കോബ്, ജോസഫ്, യോശുവ, ശമുവേൽ, ഏലിയാവ്, ഏലീശ തുടങ്ങി അനേക അഭിഷിക്തന്മാർ ഉണ്ട്. എന്നാൽ ഒരു ജാതിയെ ഒന്നടങ്കം ഒരു കുളമ്പ് പോലും അവശേഷിപ്പിക്കാതെ ശത്രുവിൽ നിന്ന് പിടിച്ച് വാങ്ങി വാഗ്ദത്ത ദേശത്തിലേക്ക് പ്രയാണം ചെയ്ത മോശയെ പോലെ അഭിഷിക്ത ശുശ്രൂഷ ചെയ്ത മറ്റൊരു വ്യക്തി പഴയ നിയമത്തിലില്ല.

ദൈവം ഇതിനായി ക്രമീകരിച്ച മുഖാന്തരങ്ങളും, കാത്തിരിപ്പും, നൽകിയ വിലയും, അനുഭവിച്ച ത്യാഗവും, അത്ഭുത ശുശ്രൂഷകളും അവർണ്ണനീയമാണ്. ഇത്രക്ക് സുവ്യക്തമായി ലോകത്തിൽ ഒരു വ്യക്തിക്കും ഇത് പോലൊരു പദ്ധതി നടപ്പാക്കുവാൻ കഴിയുകയില്ല. അത് യുദ്ധവീരനായ യഹോവക്ക് മാത്രം കഴിയുന്ന പദ്ധതി.

മിസ്രയിമുമായി ഇസ്രയേൽ ഇടകലരാതിരിക്കുവാൻ വേണ്ടി ദൈവം ഒരു പ്രത്യേക പദ്ധതി ഇട്ടു. എന്താണത്? മിസ്രയിമ്യർ എബ്രായരോട് കൂടെ ഭക്ഷണം കഴിക്കുകയില്ല. അത് മിസ്രയിമ്യർക്ക് വെറുപ്പ്

ആകുന്നു. ഉൽപത്തി:43:32. ഒരു വലിയ പദ്ധതിയുടെ ലക്ഷണങ്ങളിൽ ഒന്ന് വെറുപ്പ് ആണ്. ദൈവം വലിയ അളവിൽ ഉപയോഗിച്ചിട്ടുള്ള ഏതൊരു വ്യക്തിയെയും നോക്കിയാൽ ഈ ഒരു പ്രതിസന്ധിയിലൂടെ അവന് കടന്ന് പോകേണ്ടി വന്നിട്ടുണ്ട് എന്ന് കാണാം. മുഖം മറച്ച് കളയത്തക്ക വണ്ണം അവൻ നിന്ദിതനായിരുന്നുയെന്ന് കർത്താവിനെ കുറിച്ച് പറഞ്ഞിട്ടുണ്ട്. പച്ച മരത്തോട് ഇങ്ങനെ ചെയ്താൽ ഉണങ്ങിയതിന് എന്ത് ഭവിക്കും എന്ന് കർത്താവ് പറയുന്നു. ലൂക്കോ:23:31.

മിസ്രയിമ്യരുമായി ഇടകലർന്ന് പോകാതിരിക്കുവാൻ ഇസ്രയേല്യർ ഒരു വലിയ വെറുപ്പിനെ നേരിട്ടു. അതി ഭയങ്കരമായ വെറുപ്പിനെ നേരിടുന്നവർ ഇത് വായിക്കുന്നുണ്ടോ? ചിലരുമായി ബന്ധപ്പെട്ടു പോയാൽ നിന്റെ കൃപ നശിക്കുമെന്നും നീ ഇടകലർന്ന് പോകും എന്നും ശേഷം സാധാരണ മനുഷ്യനെ പോലെ നീ ആയിപോകും എന്നുള്ളത് കൊണ്ട് ദൈവം നിന്നെ സംരക്ഷിക്കുന്നതിനും വിടുവിക്കുന്നതിനും അനുഗ്രഹിക്കുന്നതിനും വേണ്ടിയാണ് നിന്നെ വെറുക്കുവാൻ ദൈവം അവരെ അനുവദിക്കുന്നത്.

മോശ മുഖാന്തരമുള്ള വലിയ പദ്ധതിക്ക് വേണ്ടി ഇസ്രയേല്യരെ ജാതികളുമായി ഇടകലരാത്ത വിധത്തിൽ ദൈവം സൂക്ഷിച്ചു. ഈ വലിയ പദ്ധതിക്ക് വേണ്ടി ഒരു വലിയ കൂട്ടം ജനം കഷ്ടം അനുഭവിച്ച് , പ്രത്യാശിക്കുന്ന ശുഭ ഭാവി കാണാൻ കഴിയാതെ മരിച്ചുപോയി. 400-ൽ അധികം വർഷമാണ് ഈ ജനം മിസ്രയിമിൽ ഫറവോന്റെ നുകം ചുമന്നത്. ഇത് പരിശോധിച്ചാൽ നാല് അഞ്ച് തലമുറ വിടുതൽ കാണുവാൻ കഴിയാതെ മരിച്ച് പോയി എന്ന് കാണുവാൻ കഴിയുന്നു. ഈ പദ്ധതിയുടെ വിജയത്തിന് വേണ്ടി അവർ നൽകിയ വിലയും ത്യാഗവും കാത്തിരിപ്പും ആണത്. ഇതിന്റെ അർത്ഥം ഒരു വലിയ വിടുതൽ ദേശത്ത് വെളിപ്പെടുന്നതിന് മുമ്പ് ആ ദേശത്തെ ജനം, തങ്ങളുടെ തലമുറക്ക് വേണ്ടി, ഒരു വലിയ വിലയും ത്യാഗവും സഹിക്കേണ്ടി വരും എന്നുള്ളതാണ്. ചരിത്രം പരിശോധിച്ചാൽ അത് ശരിയെന്ന് കാണുന്നു.

ഈ വിലയും ത്യാഗവും നൽകികൊണ്ടിരിക്കുമ്പോൾ തന്നെ ഇസ്രയേൽ ജനം വർദ്ധിച്ച് കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ അവർ പീഡിപ്പിക്കുന്തോറും ജനം പെരുകി വർദ്ധിച്ചു പുറ:1:12. ഇതാ ദൈവം ജനത്തെ ഒരു വലിയ പുറപ്പാടിന് വേണ്ടി, വിടുതലിന് വേണ്ടി ഒരുക്കി കൊണ്ടിരിക്കുന്നു. ഇനി അവർക്ക് വേണ്ടത് ഈ വിടുതല കൾക്കെല്ലാം നേതൃത്വം കൊടുക്കുവാൻ ഒരു അഭിഷിക്തനെയാണ്. സാധാരണ അഭിഷിക്തൻ പോര, അസാധാരണ രൂപത്തിൽ വളർത്തി യെടുത്ത്, രൂപപ്പെടുത്തി, ദൈവത്തിന് ഇഷ്ടം പോലെ ഉപയോഗി ക്കാവുന്ന രീതിയിൽ ഉള്ള ഒരുവൻ വേണം. ഒരു ജാതിക്ക് വേണ്ടി ഒരുവനെ ദൈവം രൂപപ്പെടുത്തി എടുക്കുകയാണ്.

ലേവി കുടുംബത്തിൽ തന്നെ അവൻ ജനിച്ചു. ശത്രു അ വനെ ഒടുക്കി കളയാതിരിക്കുവാൻ മൂന്ന് മാസം അവനെ ഒളിപ്പിച്ച് വച്ചു. തുടർന്ന് ഒരു അസാധാരണ പ്രക്രിയയിലൂടെ അനുഗ്രഹിക്ക പ്പെട്ട സ്ഥലത്ത് അവനെ എത്തിച്ച്, ഫറവോന്റെ പുത്രിയാൽ അവൻ വളർത്തപ്പെട്ടു. ഫറവോന്റെ സംസ്കാരവുമായി ഇടകലരാതിരിക്കു വാൻ എബ്രായ സ്ത്രീയുടെ മുലപ്പാൽ അവന് നൽകി. അവനെ ജനിപ്പിച്ചവളുടെ തന്നെ മുലപ്പാൽ അവന് നൽകി. വചനം ആണ് അഭിഷിക്തനെ ജനിപ്പിക്കുന്നത്, വളർത്തുന്നത്, സൂക്ഷിക്കുന്നത്, മുല പ്പാലിലൂടെ എബ്രായ രക്തം അവന്റെ അമ്മ അവന്റെ മേൽ പകർന്നു. എത്ര വലിയ രാജകൊട്ടാരത്തിൽ ചെന്നാലും ഇസ്രായേൽ ജനതക്ക് വേണ്ടി അവന്റെ എബ്രായരക്തം തിളച്ച് കൊണ്ടേയിരിക്കും. മുലപ്പാ ലിലൂടെ ഈ എബ്രായ രക്തം കൊടുക്കുന്ന സമയത്ത്, ചെറു പ്രായ ത്തിൽ അവന്റെ അമ്മ യഹോവയെ കുറിച്ചും തങ്ങളുടെ പിതാക്ക ന്മാരായ അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവരെ കുറിച്ചും അവനെ പഠിപ്പിച്ചിരുന്നു. അത് കൊണ്ടാണ് പിന്നീട് മോശക്ക് പാപ ത്തിന്റെ തൽക്കാല ഭോഗത്തേക്കാളും, ഫറവോന്റെ പുത്രിയുടെ മകൻ എന്ന വിളിയേക്കാളും മിസ്രയിമിലെ നിക്ഷേപത്തെക്കാളും ഉപരി യായി ദൈവ ജനത്തോട് കൂടെ കഷ്ടം അനുഭവിക്കാനും ക്രിസ്തു

വിന്റെ നിന്ദ വലിയധനം എന്ന് എണ്ണുവാനും കഴിഞ്ഞത്. എബ്ര:11:24. അതിന് അവനെ പ്രേരിപ്പിച്ചത് അവന്റെ മേലുള്ള തിളക്കുന്ന അവന്റെ എബ്രായ രക്തമാണ്.

മോശക്ക് തന്റെ മേലുള്ള ദൈവത്തിന്റെ നിയോഗം മനസ്സിലായി. ഫറവോന്റെ പുത്രിയുടെ മകൻ എന്ന അധികാരം ഉപയോഗിച്ച് തന്റെ ജനത്തെ രക്ഷിക്കുവാൻ അവൻ ശ്രമിക്കുകയാണ്. ദൈവിക പദ്ധതി നടപ്പാക്കുവാൻ ജഢ ബുദ്ധി പ്രയോഗിക്കുന്നത് പോലെ ഇന്നും അനേകർ ദൈവിക പദ്ധതിയെ ജഢ ബുദ്ധി ഉപയോഗിച്ച് നടപ്പാക്കുകയാണ് ചെറിയ തോതിൽ ദൈവത്തിന് വേണ്ടി പ്രവർത്തിക്കുവാൻ അവർക്ക് കഴിയുന്നു. അവർ അതിൽ സംതൃപ്തരുമാണ്. എന്നാൽ മോശ അങ്ങിനെയുള്ള ഒരുവൻ അല്ലല്ലോ. അവന്റെ മേൽ ഉള്ളത് വലിയ നിയോഗം ആണ്.

അത് കൊണ്ടാണ് എബ്രായരെ സഹായിക്കുവാൻ അവൻ ചെന്ന സമയത്ത്, സമയത്തിന് മുമ്പെ അവരുടെ പ്രഭുവും ന്യായാധിപതിയും ആകുവാൻ ചെന്ന സമയത്ത്, അവൻ വിടുവിക്കുവാൻ ആഗ്രഹിച്ച ജനം മുഖാന്തരം തന്നെ അവന് ഫറവോന്റെ അടുക്കൽ നിന്ന് ഓടി പോകേണ്ടി വന്നത്. 40 വർഷം മോശ ഫറവോന്റെ കൊട്ടാരത്തിൽ വളർത്തപ്പെട്ടു. ഇനി അവിടെ നിന്നാൽ ദോഷമാണ്. അതും മാത്രമല്ല ഇനിയും ദൈവം ആഗ്രഹിക്കുന്നത് പോലെ മോശ വളരേണ്ടതുണ്ട്. അതിന് തക്കതായ മറ്റ് ഒരിടം മോശക്ക് വേണ്ടി ദൈവം ഒരുക്കിയിട്ടുണ്ട്. മോശയുടെ ആഗ്രഹത്തിനും ബുദ്ധിക്കും വിപരീതമായി താൻ വിടുവിക്കുവാൻ ആഗ്രഹിച്ച ജനത്തിന്റെ അടുക്കൽ നിന്നും അവന് ഓടി പോകേണ്ടി വന്നു.

അവൻ ഓടി മിദ്യാൻ ദേശത്ത് ഒരു കിണറിനരികെ ഇരുന്നു. ഒരു വലിയ നിയോഗം പ്രാപിച്ചവൻ, ഒരു വലിയ പദ്ധതിക്ക് വേണ്ടി ഒരുക്കപ്പെട്ടവൻ, എല്ലാം നഷ്ടപ്പെട്ട്, ഫറവോൻ മുഖാന്തരം ഉണ്ടായ ഭയം ഉള്ളിൽ പേറി അവിടെ ഇരിക്കുകയാണ്. ഇനി എന്ത് ചെയ്യണം എന്നവന് അറിയത്തില്ല. ഒത്തിരി പദ്ധതികൾ അവന്റെ മനസിൽ

ഉണ്ടായിരുന്നു. അവന്റെ നിസ്സഹായവസ്ഥയെ കണ്ടറിഞ്ഞ ദൈവം അവനെ സഹായിക്കുവാൻ ഇതാ തന്റെ ഭുജം അവന്റെ നേരെ നീട്ടുകയാണ്.

മിദ്യാനിലെ പുരോഹിതന്റെ ഏഴ് പുത്രിമാർ അപ്പന്റെ ആടുകളുമായി മോശ ഇരുന്ന കിണറിനരികത്തേക്ക് വരുകയാണ്. മോശ അവരെ സഹായിച്ചു അവരുടെ ആടുകൾക്ക് വെള്ളം നൽകി. ഇത് ഒരു യാദൃശ്ചിക സംഭവമായി കണക്കിലെടുത്ത് മോശ അവിടെ തന്നെ ഇരിക്കുകയാണ്. പുരോഹിതന്റെ പുത്രിമാർ തിരികെ വന്ന് അവനെ വീട്ടിലേക്ക് ക്ഷണിച്ചു. മോശക്ക് അവരോട് കൂടെ പാർപ്പാൻ സമ്മതമായി പുറ:2:21. എന്ന് വചനത്തിൽ കാണുന്നു.

മിദ്യാനിലെ പുരോഹിതന്റെ ഭവനത്തിൽ എല്ലാം ഉണ്ടായിരുന്നുവെങ്കിലും ഒരു ശൂന്യത അവിടെ ഉണ്ടായിരുന്നു. മോശ അവിടെ ചെന്നത് മുഖാന്തരം അത് നികത്തപ്പെട്ടു. സർവ്വതും നഷ്ടപ്പെട്ട മോശക്ക് ഒരു പുതിയ ഒരിടം വേണമായിരുന്നു. അത് അവന് ലഭിച്ചു.

ഇതാ മോശ അമ്മായപ്പന്റെ ആടുകളെ മേയിച്ചുകൊണ്ട് നടക്കുകയാണ്. ഏതാണ്ട് 40 വർഷം അവിടെ അങ്ങനെ ചെലവഴിക്കേണ്ടി വന്നു. ഈ കാര്യം അവനെ ഓടിച്ച് വിടുവാൻ കാരണക്കാരായ ആ എബ്രായർ അറിഞ്ഞാൽ അവർ പറയുന്നതെന്താണ്. അവൻ നമ്മളെപ്പോലെ ഒരു സാധാരണ എബ്രായനായിരുന്നു. കൊട്ടരത്തിനകത്ത് അൽപം വലിയ ആളായപ്പോൾ നമ്മളെ ഭരിക്കുവാൻ വേണ്ടി ഒരു പ്രഭുവിനെപ്പോലെ, ന്യായാധിപതിയെപ്പോലെ വന്നു. നമ്മൾക്ക് ഇവിടെ നിന്ന് പൊറുക്കുവാനെങ്കിലും കഴിഞ്ഞു. അവനിപ്പോൾ യുദ്ധവീര്യവും ഇല്ല, യുദ്ധക്കളവും ഇല്ല. ഇപ്പോൾ ആടുകൾക്ക് തീറ്റയന്വേഷിച്ച് നടക്കലാണ് അവന്റെ പണി. സാധാരണ രീതിയിൽ ഈ വിഷയത്തിന്മേൽ അവർ ഇങ്ങനെ പ്രതികരിക്കുന്നു.

എന്നാൽ ദൈവം അവനെ മഹത്തേറിയ ചില കാര്യങ്ങൾ പഠിപ്പിക്കുന്നതിനും, രൂപപ്പെടുത്തിയെടുക്കുന്നതിനും വേണ്ടിയാണ് അവനെ അവരുടെ ഇടയിൽ നിന്ന് ഓടിച്ചത് എന്ന് അവർക്ക് മനസ്സിലായില്ല. മോശ തന്റെ അമ്മായപ്പനായ യിത്രോവിന്റെ ആടുകളെ മേയിച്ച് നടക്കുകയാണ്. അവൻ ആടുകളെ മരുഭൂമിക്കപ്പുറത്ത് ദൈവത്തിന്റെ പർവ്വതമായ ഹോരെബ് വരെ കൊണ്ടുചെന്നു. പുറ: 3:1. ഇതുവരെയും അവൻ നടന്നു കൊണ്ടിരുന്നത് മരുഭൂമിക്കിപ്പുറത്തായിരുന്നു. മരുഭൂമിയിലും പ്രവേശിച്ചില്ല, മരുഭൂമിക്കപ്പുറത്തുള്ള ഹോരേബ് പർവ്വതത്തിലും ചെന്നില്ല. മരുഭൂമിയിലൂടെ തന്റെ ആടുകളുമായി ഹോരേബ് പർവ്വതത്തിലേക്ക് അടുക്കുകയാണ്. വരും നാളിൽ ലക്ഷക്കണക്കിന് വരുന്ന ജനത്തെ മരുഭൂമിയിലൂടെ നടത്തേണ്ടുന്നവനായ മോശക്ക് ഒരു മുൻ പരിശീലനമാണ് ഇപ്പോൾ ഇവിടെ ലഭിച്ച് കൊണ്ടിരിക്കുന്നത്.

അവൻ ഹോരേബിൽ ചെന്നു. എന്തിന് വേണ്ടി? തന്റെ ആടുകൾക്ക് അൽപം പച്ചപ്പുല്ല് അവിടെ ലഭിക്കും എന്ന് അവൻ പ്രതീക്ഷിച്ചു. എന്നാൽ അവൻ അവിടെ കാണുന്നത് മുൾ പടർപ്പ് മാത്രം. ദൈവം പറഞ്ഞിട്ട് പ്രതീക്ഷയോടെ അവൻ ഹോരേബിലേക്ക് ചെന്നതാണ്. ഇപ്പോൾ കാണുന്നത് മുൾ പടർപ്പ്. അതും മാത്രമല്ല അതിന്മേൽ തീ പടർന്ന് അത് ഇല്ലാതാകുവാനും കൂടി പോകുകയാണ്. എന്തൊരവസ്ഥ! മറ്റൊരുവനും ഇങ്ങനെ സംഭവിക്കരുതേ ദൈവമേ എന്ന് അവൻ പ്രാർത്ഥിച്ച് കാണും. പലപ്പോഴും നാം ആഗ്രഹിക്കുന്നത് പോലെയല്ല ഓരോ വിടുതലുകൾ വെളിപ്പെടുന്നത്. നാം ചോദിക്കുന്നത് അല്ലായിരിക്കും നമ്മൾക്ക് ലഭിക്കുന്നത്. പക്ഷെ നമുക്ക് ആവശ്യം ഉള്ളത് ആയിരിക്കും ദൈവം നമുക്ക് തരുന്നത്.

അവന്റെ പ്രതീക്ഷകൾ മങ്ങി നിൽക്കുമ്പോൾ തന്നെ ആ മുൾ പടർപ്പിന്മേൽ അവൻ ശ്രദ്ധിച്ചു. അവിടെ വെളിപ്പെട്ട തീക്ക് ഒരു പ്രത്യേകത. തീ നിന്ന് കത്തുകയാണ്. മുൾ പടർപ്പ് വെന്ത് പോകുന്നതും ഇല്ല. ഈ അസാധാരണ സ്ഥിതി വിശേഷം കാൺമാൻ അവൻ

അടുത്തു ചെന്നു. അപ്പോൾ പരിചിതമായ ഒരു സ്വരം തന്റെ പേര് വിളിക്കുന്നു. മോശേ, മോശേ. ഇതിന് മുമ്പ് ഈ പരിചിതമായ സ്വരം താൻ കേട്ടിട്ടുണ്ട്. നിരാശപ്പെട്ട് നിന്ന സമയത്ത് പ്രത്യാശ തന്ന അതേ സ്വരം, വഴി മുട്ടി നിന്ന പല സമയങ്ങളിലും യഥാർത്ഥ വഴി കാണിച്ച് തന്ന സ്വരം. നിന്റെ കാലിലെ ചെരുപ്പ് അഴിച്ച് കളയുക, നീ നിൽക്കുന്ന സ്ഥലം വിശുദ്ധ ഭൂമിയാണ്. എന്തിനാണ് മുൾപടർപ്പിലൂടെയും മരുഭൂമിയിലൂടെയും നടക്കുവാൻഅവനെ സഹായിക്കുന്ന ആ ചെരുപ്പ് അഴിച്ച് കളയുവാൻ ദൈവം പറഞ്ഞത്? അതിലൂടെ മോശക്ക് ദൈവം ഒരു ആലോചന പകരുകയാണ്. മുൾപടർപ്പും മരുഭൂമിയും തീർന്നു. മറ്റ് ഒരു യുദ്ധക്കളം ഇതാ ഒരുങ്ങുവാൻ പോകുന്നു. അവിടെ ഈ ചെരുപ്പ് കൊണ്ട് പ്രയോജനം ഇല്ല. അവിടെ ഉപയോഗിക്കുവാൻ നിനക്ക് സ്വർഗ്ഗീയഭിഷേകം ഉള്ള മറ്റൊരു ചെരുപ്പ് ഞാൻ തരാൻ പോകുകയാണ്. മോശ അതനുസരിച്ചു.

ദൈവം പറഞ്ഞതനുസരിച്ചപ്പോൾ ഇതാ വീണ്ടും ദൈവം അവനോട് സംസാരിക്കുവാൻ പോകുകയാണ്. ദൈവ ശബ്ദം തുടർച്ചയായി കേൾക്കുവാൻ കഴിയാത്തതിന് കാരണം ദൈവം പറഞ്ഞത് പലപ്പോഴും അനുസരിക്കാതെ സ്വന്ത ഹിതമനുസരിച്ച് നടക്കുന്നത് കൊണ്ടാണ്, ഇതാ മോശയോട് ഒരു വാക്ക് പറഞ്ഞു. ഉടനെ അവൻ അനുസരിച്ചു.

ദൈവം എപ്പോഴും സംസാരിക്കുന്നത് നമുക്ക് പരിചിതമുള്ള രീതിയിലും നമ്മുടെ മാനസികാവസ്ഥക്കനുസരിച്ചും ആണ്. യഹോവയെ കുറിച്ച് മോശക്ക് അറിയാവുന്നത് ഒന്ന് മാത്രം. തനിക്ക് മുലപ്പാൽ തന്ന് വളർത്തിയ അമ്മ പറഞ്ഞ് തന്നത് മാത്രം. നമ്മുടെ ദൈവം നമ്മുടെ പിതാക്കന്മാരായ അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവമാണ്. അവന് ദൈവത്തെ കുറിച്ച് അറിയാവുന്ന ഒരൊറ്റ അടയാളം ഇത് മാത്രം. അത് കൊണ്ട് തന്നെ ദൈവം തന്നെ പരിചയപ്പെടുത്തുന്നത് അതേ രൂപത്തിൽ തന്നെ.

താൻ ആരാധിക്കുന്ന തന്റെ പിതാക്കന്മാരുടെ ദൈവം തനിക്ക് പ്രത്യക്ഷനായി എന്ന് കണ്ട മോശ അതിഭയങ്കരമായ ബഹുമാനവും ഭക്തിയും ഭയവും മൂലം ദൈവത്തെ നോക്കുവാൻ ഭയപ്പെട്ട് മുഖം മൂടി. തുടർന്നുള്ള ദൈവ ശബ്ദം കേൾക്കേണ്ടതിന് ഏകാഗ്രതയോടെ ദൈവ മുമ്പാകെ അവൻ നിൽക്കുകയാണ്. ഇതാ, ദൈവം ചില വിഷ യങ്ങൾ സംസാരിക്കുവാൻ പോകുകയാണ്. 40 വർഷം മുമ്പ് തന്റെ ഉള്ളിൽ കത്തി നിന്ന ചില വിഷയം തനിക്ക് കഴിയാവുന്നത് എന്തെ ങ്കിലും ചെയ്യണമെന്ന് അവൻആഗ്രഹിച്ച വിഷയം. നമ്മുടെ ഹൃദയ ത്തിനുള്ളിലെ ആഗ്രഹങ്ങളോട് ബന്ധപ്പെട്ടാണ് ദൈവം സംസാരി ക്കുന്നത്. മിസ്രയിമിലുള്ള എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു, ഊഴിയ വിചാരകന്മാർ നിമിത്തമുള്ള അവരുടെ നിലവിളി കേട്ടു, ഞാൻ അവരുടെ സങ്കടങ്ങൾ അറിയുന്നു പുറ:3:7.

ദൈവം തുടർന്നും സംസാരിക്കുകയാണ് എന്റെ ജനമായ ഇസ്രയേൽ മക്കളെ മിസ്രയിമിൽ നിന്നും പുറപ്പെടുവിക്കേണ്ടതിന് ഞാൻ നിന്നെ ഫറവോന്റെ അടുക്കൽ അയക്കും പുറ:3:10. ഒരു 40 വർഷം മുമ്പ് ഇത് പറഞ്ഞിരുന്നുവെങ്കിൽ എനിക്കതിന് കഴിയുമായി രുന്നു. ഇപ്പോൾ എന്റെ ആരോഗ്യം ക്ഷയിച്ചു. അതും മാത്രമല്ല അവർ എന്റെ വാക്ക് കേൾക്കുകയില്ല. അത് കൊണ്ട് മോശ പറയുക യാണ്. ഞാൻ എന്ത് മാത്രം ഉള്ളൂ അപ്പോൾ യഹോവ അവനോട് പറഞ്ഞു. ഞാൻ നിന്നോട് കൂടെ ഇരിക്കും. അപ്പോൾ അവൻ അൽപം സമ്മതിച്ചു. തുടർന്ന് മോശ ചെയ്യേണ്ടതും മോശ മുഖാന്തരം യഹോവ ചെയ്യുവാൻ പോകുന്നതുമായ കാര്യങ്ങൾ മുഴുവൻ യഹോവ മോശ യോട് പറഞ്ഞു. പുറ:3:14-22.

പിന്നെയും മോശയുടെ ഭാഗത്ത് നിന്ന് അവിശ്വാസത്തിന്റെ വാക്കുകളാണ് വരുന്നത്. ഇസ്രയേൽ ജനം എന്നെ വിശ്വസിക്കുക യില്ല എന്നാണ് പറയുന്നത്. മോശയെ ഈ വിഷയത്തിൽ വലിയ കുറ്റം പറയാൻ കഴിയില്ല. കാരണം നീണ്ട 40 വർഷം അവൻ ഏക നായിട്ട് നടന്ന് ഉണ്ടായിരുന്ന പ്രതീക്ഷയും പ്രത്യാശയും തീർന്ന് ഇനി

മരിക്കുന്നത് വരെ ജീവിച്ച് തീർക്കുക എന്ന ഒരു മാനസികാവസ്ഥയിലാണ് അവൻ. അത് കൊണ്ട് തന്നെ മോശയെ ബലപ്പെടുത്തേണ്ടതുണ്ട് എന്ന് യഹോവക്കറിയാം. നിന്റെ കയ്യിൽ ഇരിക്കുന്നത് എന്ത് എന്ന് ചോദിച്ചു. ഒരു വടി എന്നവൻ പറഞ്ഞു. അത് ഒരു സർപ്പം ആയി തീർന്നു. മോശ ഭയപ്പെട്ട് പോയി. അതിന്റെ വാലിന് പിടിക്കുവാൻ പറഞ്ഞു. അത് വടിയായി തീർന്നു. ശത്രു സർപ്പ ശക്തി പോലെ നിന്റെ നേരെ വന്നാലും നിന്റെ മേൽ ഞാൻ പകർന്നിട്ടുള്ള അഭിഷേകം അതിനെ ഉന്മൂലനം ചെയ്യും എന്ന് ഇതിലൂടെ ഒരു ആലോചന യഹോവ മോശക്ക് നൽകി. തുടർന്ന് രണ്ട് അടയാളവും നൽകി. കൈയ്യിൽ കുഷ്ഠം ബാധിച്ചതും അത് സൗഖ്യമായതും, നദിയിലെ വെള്ളം ഉണങ്ങിയ നിലത്തൊഴിക്കുമ്പോൾ അത് രക്തമായി തീരുന്നതും. മോശ പതുക്കെ പതുക്കെ ബലം പ്രാപിക്കാൻ തുടങ്ങി. പിന്നെ മോശ പറയുന്നത് തന്റെ കുറവുകളെ കുറിച്ചാണ്. ഞാൻ വിക്കനാണ്, തടിച്ച നാവുള്ളവനാണ് എന്ന് പറയുന്നു. യഹോവ അത് കണക്കിലെടുക്കാതെ നീ ചെല്ലുക ഞാൻ നിന്റെ വായോട് കൂടെ ഇരിക്കും എന്ന് പറഞ്ഞു. ഇതെല്ലാം പറഞ്ഞിട്ടും നിനക്ക് ബോധിച്ച മറ്റൊരുത്തനെ അയക്കുവാൻ മോശ പറയുകയാണ്. യഹോവയുടെ കോപം ഇതാ ജ്വലിക്കുകയാണ്. എന്താണ് കാരണം? നീണ്ട 80 വർഷം കൊണ്ട് ഒരുവനെ ജനിപ്പിച്ച് വളർത്തി, രൂപപ്പെടുത്തി, ഒരു ജനതയുടെ വിടുതലിനായിട്ട് അയക്കുവാൻ തുടങ്ങുമ്പോൾ അവിശ്വാസം തടസമായി വരുകയാണ്. ഏത് ഒരു യജമാനനാണ് ഈ അവസരത്തിൽ കോപം ജ്വലിക്കാതിരിക്കുക. എങ്കിലും അവന്റെ ഉള്ളിലെ സങ്കടം കണ്ടിട്ട് അവന് തുണയായി സഹോദരനായ അഹരോനെ നൽകുന്നു.

ഇതാ മിസ്രയിമിലേക്കുള്ള യാത്രക്ക് എല്ലാം ഒരുങ്ങി. ഒരു വലിയ നിയോഗവും ആലോചനയും പ്രാപിച്ച് കഴിഞ്ഞു. തന്റെ അമ്മായപ്പനോട് യാത്ര പറഞ്ഞു. എങ്ങിനെയാണ് യാത്ര പറയുന്നത് എന്റെ സഹോദരന്മാർ ജീവനോടെ ഇരിക്കുന്നുവോ എന്ന് നോക്കുവാൻ പോകട്ടെ എന്നാണ് പറയുന്നത്. കാരണം യഹോവയുടെ പദ്ധതിയെ കുറിച്ചവനറിയത്തില്ല. അത് കൊണ്ട് അങ്ങനെയേ പറയാവൂ. യിത്രോ

സമാധാനത്തോടെ പോക എന്ന് പറഞ്ഞു.

നിനക്ക് ജീവഹാനി വരുത്തുവാൻ നോക്കിയവർ എല്ലാം മരിച്ച് പോയി. ഞാൻ അവരെ നീക്കം ചെയ്തു എന്ന് പറഞ്ഞ് യഹോവ അവനെ ബലപ്പെടുത്തി. ഇതാ മിദ്യാനിൽ നിന്ന് മോശ പുറപ്പെട്ട അതേ സമയത്ത് മോശയെ സഹായിക്കുവാൻ അഹരോനെ ദൈവം നിയോഗിക്കുന്നു. നീ ചെന്ന് അവനെ എതിരേൽക്കുക എന്ന് അഹരോനോട് യഹോവ കൽപിച്ചു. മോശ അഹാരോനോടും യിസ്രയേൽ മൂപ്പന്മാരോടും യഹോവ കൽപിച്ച വചനങ്ങൾ പറഞ്ഞ് അടയാളങ്ങൾ വെളിപ്പെടുത്തി, ജനം വിശ്വസിച്ചു, യഹോവ ഇസ്രയേൽ മക്കളെ സന്ദർശിച്ചു തങ്ങളുടെ കഷ്ടതയെ അറിഞ്ഞു എന്ന് പറഞ്ഞ് യഹോവയെ സാഷ്ടാംഗം നമസ്കരിച്ചു. പുറ:4:31.

ഒരു വലിയ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചു.

# 8. അഭിഷിക്തനായ മോശ

## രണ്ടാം ഭാഗം

## യുദ്ധം

ഒരു വലിയ യുദ്ധക്കളവും യുദ്ധവും യിസ്രയിമിൽ ഒരുങ്ങി വരികയാണ്. അതിനായി 400-ൽ അധികം വർഷം ഉപയോഗിച്ച് ഒരു ജനതയേയും 80 വർഷം ഉപയോഗിച്ച് ഒരു അഭിഷിക്തനേയും ദൈവം ഒരുക്കി. യുദ്ധം ആരംഭിക്കുവാൻ ഇനി യുദ്ധ കാഹളം ഊതിയാൽ മതി. വാളും വാളും തമ്മിലുള്ള യുദ്ധമല്ല, മനുഷ്യനും മനുഷ്യനും തമ്മിലുള്ള യുദ്ധമല്ല, സ്വർഗ്ഗീയ സൈന്യവും അന്ധകാര സൈന്യവും തമ്മിലുള്ള യുദ്ധം, രണ്ട് അധികാരങ്ങൾ തമ്മിലുള്ള യുദ്ധം. പൈശാചിക ഫറവോന്യ അധികാരവും സ്വർഗ്ഗീയഭിഷേകം പ്രാപിച്ച മോശയും തമ്മിലുള്ള യുദ്ധം, ഇതാ കാഹളം മുഴങ്ങി കഴിഞ്ഞു.

മരുഭൂമിയിൽ എനിക്ക് ഉത്സവം കഴിക്കേണ്ടതിന് എന്റെ ജനത്തെ വിട്ടയക്കണമെന്ന് യഹോവ കൽപിക്കുന്നുവെന്ന് മോശ ഫറവോന്റെ അടുക്കൽ ചെന്ന് പറയുന്നു, പുറ:5:1. വലിയ ഒരു അഭിഷിക്തൻ ദേശാന്ധകാര ശക്തിയോട് ഏറ്റ് മുട്ടുകയാണ്. ഇതുവരെ ഇങ്ങനെ ആരും നേരിട്ട് ഏറ്റുമുട്ടിയിട്ടില്ല. കാട്ടുപോത്തിന്റെ മുമ്പിൽ പോയി ന്യായം പറയുന്നത് പോലെയായി. യുദ്ധത്തിന്റെ ആരംഭത്തിൽ ഇസ്രയേൽ ജനത്തിന് ഗുണം ഉണ്ടായില്ല എന്ന് മാത്രമല്ല ദോഷമുണ്ടാകുകയും ചെയ്തു. ഫറവോൻ അവരെ കൂടുതൽ ഞെരുക്കുവാൻ ഇത് കാരണമായി.

ഇഷ്ടിക ഉണ്ടാക്കുന്നതിനാവശ്യമായ വൈക്കോൽ നിങ്ങൾ തന്നെ ഉണ്ടാക്കണം ഇഷ്ടിക കുറയുകയും ചെയ്യരുത് എന്ന് ഫറവോൻ കൽപിച്ചു. നിങ്ങൾ മടിയന്മാരാണ് എന്ന് കഠിനാദ്ധ്വാനം ചെയ്യുന്ന ജനത്തിന്റെ നേരെ നോക്കി ഫറവോൻ പറഞ്ഞു. ജാതികൾ ദൈവജനത്തിന്റെ നേരെനോക്കി പറയുന്ന ആരോപണം ഇതാണ് മടിയന്മാർ തിന്ന് സുഖിച്ച് നടക്കുകയല്ലേ . അവർ അനുഭവിക്കുന്ന കഠിനവ്യഥകൾ ആരും ചികഞ്ഞ് നോക്കാറില്ല.

മോശ കാരണം കഠിനമായ ചില ഭാരങ്ങളും മർദ്ദനങ്ങളും ഈ ജനം അനുഭവിക്കേണ്ടി വന്നു.അവർ മോശയോട് പറയുകയാണ്, ഫറവോന്റെ മുമ്പിൽ നീ ഞങ്ങളെ ചീത്തയാക്കി യഹോവ നിന്നെ ന്യായം വിധിക്കട്ടെ എന്ന് പറഞ്ഞു. ഇതാ മോശ ഓടി ദൈവ സന്നിധിയിൽ ചെന്ന് ഈ ജനത്തിന് ദോഷം വരുത്തിയത് എന്ത്? എന്നെ അയച്ചത് എന്തിന് എന്ന് ചോദിച്ചു. യഹോവ പറഞ്ഞു എന്റെ ശക്തിയുള്ള ഭുജം ഞാൻ ഫറവോന്റെ നേരെ നീട്ടുവാൻ പോകുകയാണ്, യഹോവ ചെയ്യുവാൻ പോകുന്നത് മോശ ഇസ്രയേൽ ജനത്തോട് പറഞ്ഞു.

മനോവ്യസനം കൊണ്ടും കഠിനമായ അടിമ വേലകൊണ്ടും

മോശയുടെ വാക്ക് അവർ കേട്ടില്ല. അഭിഷിക്തനോട് ദൈവം ആലോചന പറഞ്ഞാൽ അവൻ ബലപ്പെടും. പക്ഷെ കൂടെ ഉള്ളവർ നിരാശ മാറി ബലം പ്രാപിക്കണമെങ്കിൽ യഹോവയുടെ പ്രവൃത്തികൾ തന്നെ വെളിപ്പെടണം. ദൈവത്തെ അറിയാത്ത ജനം വിശ്വസിക്കണമെങ്കിൽ അത്ഭുതങ്ങൾ വെളിപ്പെടുക തന്നെ വേണം.

മോശ വീണ്ടും ഫറവോന്റെ മുമ്പിൽ ചെന്നപ്പോൾ ഫറവോൻ പറയുകയാണ്. നിങ്ങൾ ഒരു അത്ഭുതം കാണിപ്പിൻ. മോശ തന്റെ കൈവശമുള്ള വടി നിലത്തിട്ടു. അത് സർപ്പമായി തീർന്നു. മിസ്രയിമ്യ മന്ത്രവാദികളും അത് പോലെ ചെയ്തു. ഫറവോൻ തന്റെ ഹൃദയത്തെ കഠിനമാക്കുകയും ചെയ്തു. വീണ്ടും യഹോവ മിസ്രയീമിലെ നദികളിലും കുളങ്ങളിലും അവരുടെ പാത്രങ്ങളിലും ഉള്ള വെള്ളത്തെ രക്തമാക്കി. ഫറവോന് ഇളക്കം തട്ടുന്നില്ല, ഫറവോന്റെ അരമനയിലും മിസ്രയിം എല്ലായിടവും തവളയെ അയച്ച് യഹോവ അവനെ പീഡിപ്പിച്ചു, ഫറവോന് അൽപം ഇളക്കം തട്ടി തുടങ്ങി.ഈ ബാധ മാറേണ്ടതിന് യഹോവയോട് പ്രാർത്ഥിക്കുവാൻ മോശയോട് അഭ്യർത്ഥിച്ചു. പിന്നീട് ദേശത്തെല്ലായിടത്തും പേൻ അയച്ചു യഹോവ ഫറവോനെ പീഡിപ്പിച്ചു. പിന്നീട് അവരുടെ മദ്ധ്യേ നായീച്ചയെ യഹോവ അയച്ചു.

ഫറവോൻ സ്വയം രക്ഷക്ക് വേണ്ടി ദേശത്ത് വച്ച് തന്നെ യഹോവക്ക് യാഗം കഴിപ്പിൻ എന്ന് പറഞ്ഞു, ഫറവോന്യ മതിൽ കെട്ടിനുള്ളിൽ നിന്ന് കൊണ്ട്, ജാതീയ മതിലിനകത്ത് നിന്ന് കൊണ്ട്, ദൈവികാരാധന ഇല്ലാത്തിടത്ത് നിന്ന് കൊണ്ട് യാഗം കഴിച്ചാൽ യഹോവ പ്രസാദിക്കുകയില്ല. അവിടം വിട്ട് പോരിക തന്നെ വേണം.

വീണ്ടും യഹോവ മിസ്രയിമിനെ സന്ദർശിച്ച് അവരുടെ മൃഗസമ്പത്ത് നശിപ്പിച്ചു, പരുവും പുണ്ണും അയച്ചു, ഫറവോൻ അവരെ വിടുവാൻ മനസ്സില്ലാതെ തന്റെ ഹൃദയത്തെ കഠിനമാക്കി. യഹോവ ദേശത്ത് കൽമഴ പെയ്യിച്ചു. ഈ അത്ഭുതം ചെയ്യുന്നതിന് മുമ്പ് മറ്റ്

ഒരു ക്രമീകരണം യഹോവ ചെയ്തു. മിസ്രയിം ദേശത്തെ ജനത്തെ യഹോവ രണ്ടായി തിരിച്ചു, ഒരു വിഭാഗം യഹോവയെ ഭയപ്പെടുവാനും വചനത്തെ അംഗീകരിക്കുവാനും തയ്യാറായി.

ദേശത്ത് പരിശുദ്ധാത്മാവ് അത്ഭുതങ്ങൾ ചെയ്യുമ്പോൾ, സത്യ ദൈവത്തെ അറിയാത്ത ജനത്തിനിടക്ക്, അനുകൂലമായ ഒരു കൂട്ടത്തെ ദൈവം സൃഷ്ടിക്കും. അവർ ദൈവ ജനത്തിന് ആത്മീയ പിന്തുണ നൽകിയും ഭൗതിക നന്മ നൽകിയും ശക്തീകരിക്കും. മിസ്രയിം ദേശത്തെ ജനങ്ങളെ യഹോവ രണ്ടായി തിരിച്ചു. വയലിൽ കാണുന്ന സകല മൃഗങ്ങളെയും ദാസൻമാരെയും കൽമഴ മുഖാന്തരം നശിപ്പിക്കുമെന്ന് യഹോവ അരുളി ചെയ്തു. ഒരു കൂട്ടം ജനം ദാസൻമാരെയും മൃഗങ്ങളെയും വയലിൽ അയച്ചു തങ്ങൾക്കുള്ളത് നഷ്ടപ്പെടുത്തിയപ്പോൾ, ദൈവത്തിന്റെ വചനം അനുസരിച്ച ഒരു കൂട്ടം ജനം യഹോവ പറഞ്ഞത് പോലെ അവയെ വയലിൽ അയക്കാതെ വീടുകളിൽ വരുത്തി സൂക്ഷിച്ചു.

ഉടൻ തന്നെ മോശയെ വിളിപ്പിച്ച് ഫറവോൻ പറയുകയാണ്. യഹോവ നീതി ഉള്ളവൻ ഞാനും എന്റെ ജനവും ദുഷ്ടന്മാർ ആണ് . മോശ പറഞ്ഞു ഞാൻ ദൈവത്തിങ്കലേക്ക് കൈ ഉയർത്തുകയാണ് ഭൂമി നിന്റെ അധീനതയിൽ അല്ല, യഹോവക്ക് ഉള്ളത് എന്ന് നീ അറിയേണ്ടതിന്, കൽമഴ ഉണ്ടാകുകയില്ല എന്ന് പറഞ്ഞു. എന്നിട്ടും ഫറവോൻ ജനത്തെ വിട്ടയക്കാത്തതിനാൽ വെട്ടുക്കിളി ദേശത്തിലേക്ക് വരും എന്ന് പറഞ്ഞു.

യഹോവയെ ഭയപ്പെട്ട ഫറവോന്റെ ഭൃത്യന്മാർ ഇസ്രയേൽ ജനത്തെ ആരാധനക്ക് വിട്ടയക്കുവാൻ പറഞ്ഞു. പുരുഷന്മാരെ മാത്രം ആരാധനക്ക് വിടുവാൻ അവൻ അനുവാദം നൽകി. ജനത്തെ പൂർണ്ണമായി വിടുവാൻ അനുവാദം നൽകാത്തത് കൊണ്ട് യഹോവ ദേശത്ത് വെട്ടുകിളിയെ അയച്ചു, പിന്നീട് ഇരുൾ അയച്ചു, പക്ഷെ ഫറവോൻ അനുകൂലപ്പെട്ടില്ല.

തുടർന്ന് യഹോവ മോശയോട് പറഞ്ഞു. ഒരു വലിയ ബാധ അവന്റെ മുമ്പാകെ ഞാൻ അയക്കും. നിങ്ങളെ പൂർണ്ണമായും അവൻ വിട്ടയക്കും, അതിന് മുമ്പ് നീ ചെയ്യേണ്ട ചില കാര്യം.

1. ഓരോ പുരുഷനും താന്താന്റെ അയൽക്കാരനോട് വെള്ളി യാഭരണവും, പൊന്നാഭരണവും ചോദിക്കണം.
2. ഓരോ കുടുംബവും ഓരോ ആട്ടിൻ കുട്ടിയെ എടുത്ത് അതിനെ അറുത്ത് അതിന്റെ രക്തം തങ്ങൾ ഇരിക്കുന്ന വീടു കളുടെ വാതിലിന്റെ കട്ടിളക്കാലിലും കുറുമ്പടിമേലും പുരട്ടണം
3. അന്ന് രാത്രി തന്നെ അതിന്റെ മാംസം തീയിൽ ചുട്ട് പുളിപ്പി ല്ലാത്ത അപ്പം കൈപ്പ് ചീരയോട് കൂടെ തിന്നേണം.
4. നിങ്ങൾ എല്ലാവരും അരകെട്ടി, കാലിന് ചെരുപ്പിട്ട് കയ്യിൽ വടി പിടിച്ച് കൊണ്ട് ഒരു യാത്രയുടെ തയ്യാറെടുപ്പോടെ അത് തിന്നണം എന്ന് പറഞ്ഞു.
5. ഈ ദിവസം യഹോവയുടെ പെസഹയായി വരും നാളിൽ ആചരിക്കണം.
6. തുടർന്ന് ഏഴ് ദിവസം പുളിപ്പില്ലാത്ത അപ്പം തിന്നേണം.
7. ഒന്നാം ദിവസവും ഏഴാം ദിവസവും വിശുദ്ധ സഭായോഗം കൂടണം.

ദൈവം നൽകിയ കൽപ്പനക്കനുസരിച്ച് മോശ തന്റെ ജനത്തെ ഒരുക്കി.ജനം വീടിന് പുറത്തിറങ്ങാതെ അന്ന് രാത്രി ഇരുന്നു. അർദ്ധ രാത്രിയിൽ യഹോവ മിസ്രയിമ്യ ഭവനങ്ങളെ സന്ദർശിച്ചു.ഓരോ ഭവ നത്തിലും ഉള്ള ആദ്യ ജാതന്മാർ മരിച്ചു. അപ്പോൾ ഫറവോൻ മോശ യെയും അഹാരോനെയും വിളിപ്പിച്ചു. യിസ്രയേൽ മക്കളുമായി പുറ പ്പെട്ട് പോകുവാൻ കൽപിച്ചു, പുറ:12:37.

ഫറവോന്യ അടിമത്തത്തിൽ നിന്ന് വിടുതൽ പ്രാപിച്ച ജനം

യാത്ര ആരംഭിച്ചു. പാലും തേനും ഒഴുകുന്ന കനാൻ ദേശത്തേക്കാണ് പോകുന്നത്. ഈ ദേശത്തേക്ക് എത്ര ദൂരം ഉണ്ട്. എത്ര ദിവസം വേണം ഇതൊക്കെ അവരുടെ മുമ്പിൽ ചോദ്യ ചിഹ്നമാണ്. ഇന്നും പിശാചിന്റെ നുകത്തിൽ നിന്നും വിടുതൽ പ്രാപിച്ച ജനം ഇത്തര ത്തിൽ ചില ചോദ്യങ്ങൾ നേരിടുന്നു.

ആദ്യം ആത്മാവിന് മാത്രമാണ് വിടുതൽ ലഭിക്കുന്നത്. തുടർന്ന് ആത്മീയ ഭൗതിക നന്മ നേടിയെടുക്കുക എന്നത് യുദ്ധത്തിന്റെ മറ്റൊരു ഭാഗമാണ്, ആദ്യത്തെ യുദ്ധത്തിൽ ജയിക്കുന്ന പലരും രണ്ടാമത്തെ യുദ്ധത്തിൽ പൂർണ്ണ വിജയം പ്രാപിക്കാൻ കഴി യാതെ നിൽക്കുന്നുണ്ട്. ഇതിന് പ്രധാന കാരണം പരിശുദ്ധാത്മാ വിന്റെ നടത്തിപ്പിൽ നിന്ന് വ്യതിചലിക്കുന്നതാണ്.പരിശുദ്ധാത്മാവിന്റെ കീഴിൽ ഇരിക്കുവാൻ കഴിയാത്തതാണ്.

തന്റെ ജനത്തിന്റെ മുമ്പിലുള്ള ചോദ്യചിഹ്നത്തെ കണ്ടറിഞ്ഞ യഹോവ അവരെ വഴി നടത്തേണ്ടുന്നതിനായി മേഘസ്തംഭത്തിൽ ഇറങ്ങി, രാവും പകലും യാത്ര ചെയ്യാൻ തക്കവണ്ണം അവർക്ക് വഴി കാണിക്കേണ്ടതിന് പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നി സ്തംഭത്തിലും യഹോവ അവർക്ക് മുമ്പായി പോയി കൊണ്ടിരുന്നു. കനാൻ ദേശത്ത് എത്തണമെങ്കിൽ ജനം അതിന്റെ കീഴിൽ സഞ്ചരി ച്ചാൽ മാത്രം മതി.

മിസ്രയിമിൽ നിന്ന് ഇറങ്ങി പുറപ്പെട്ടെങ്കിലും ജനത്തിന്റെ പുറകെ ആ ശക്തി സർവ്വ സന്നാഹത്തോടും കൂടെ വരുമെന്ന് യഹോ വക്കറിയാം. ജനത്തിന്റെ മാനസികാവസ്ഥയും അവൻ അറിഞ്ഞു. അവരിൽ ചിലർ പുറകോട്ട് നോക്കി കൊണ്ടാണ് മുമ്പോട്ട് യാത്ര ചെയ്തിരുന്നത്. ചെറിയ ഒരു കാരണം മതി പുറകോട്ട് പോകുവാൻ. അതിനാൽ ഫെലിസ്ത്യരുടെ ദേശത്ത് കൂടിയുള്ള വഴി എളുപ്പം ഉണ്ടെ ങ്കിലും ചെങ്കടലിനരികെയുള്ള മരുഭൂമിയിൽ കൂടി യഹോവ അവരെ നടത്തി.

ഇസ്രയേൽ ജനം കാണുന്നത് ചെങ്കടലും മരുഭൂമിയും മാത്രം, അപ്പോൾ തന്നെ യഹോവയുടെ സാന്നിദ്ധ്യം മേഘസ്തംഭത്തിൽ അവർ അനുഭവിക്കുകകയും ചെയ്യുന്നു. ഞങ്ങൾ മിസ്രയിമിൽ കിടന്ന് വർഷങ്ങൾ കഷ്ടപ്പെട്ടതല്ലേ, ഈ ചെങ്കടലും മരുഭൂമിയും ഇനിയും ഞങ്ങൾ അഭിമുഖീകരിക്കണമോ, കഴിവതും നേരത്തെ കനാൻ ദേശത്ത് ഞങ്ങളെ എത്തിക്കരുതോ എന്ന് ജനം ചോദിക്കാം. ജനത്തോട് ഒരു യാഥാർത്ഥ്യം പറയുവാനുണ്ട്. പെട്ടെന്ന് കിട്ടുന്നത് പെട്ടെന്ന് നഷ്ടപ്പെടാം.

കഷ്ടപ്പെട്ട് സമയം എടുത്ത് ലഭിക്കുന്നത് എന്നും നില നിൽക്കും. അതിന് രുടിയും ഉണ്ട്. അതും മാത്രമല്ല ലോകത്തിൽ മറ്റൊരു ജാതിയെ പോലെ വേറെ ഒരു ജാതിയെ സൃഷ്ടിക്കുവാനല്ല യഹോവ ആഗ്രഹിക്കുന്നത്, തെരഞ്ഞെടുക്കപ്പെട്ട, വിശേഷതയുള്ള, വീര്യമുള്ള, യഹോവക്ക് വേണ്ടി മാത്രം വേർപെട്ട് ഓടുന്ന ഒരു ജാതിയെ സൃഷ്ടിക്കുവാനാണ് യഹോവ ആഗ്രഹിക്കുന്നത്. അത് കൊണ്ട് അവർ നടത്തികൊണ്ട് പോകുന്ന വഴിയിലൂടെ അവൻ ആഗ്ര ഹിക്കുന്ന സമയം വരെ പോയാൽ മാത്രമേ, കനാൻ ദേശത്ത് നില നിൽക്കുന്ന ഒരു അനുഗ്രഹത്തിന്റെ ഉടമകളായിത്തീരുവാൻ അവർക്ക് കഴിയൂ.

അത് കൊണ്ട് എളുപ്പമുള്ള വഴിയിലൂടെ നടത്താതെ, ചെങ്കട ലിനരികെ മരുഭൂമിയിൽ കൂടി അവരെ നടത്തി. യഹോവ പ്രതീക്ഷി ച്ചിരുന്നതും ജനം പ്രതീക്ഷിക്കാതിരുന്നതുമായ ഒരു സംഗതി നടക്കു വാൻ പോകുകയാണ്. ഫറവോന്റെ എല്ലാ കുതിരയും രഥവും കുതി രപ്പടയും സൈന്യവുമായി അവരെ നശിപ്പിക്കുവാൻ പുറകേ വന്നു.

ഇതാ മരണ സമാനമായ ഒരു പ്രതിസന്ധിക്കുള്ളിൽ കിടന്ന് അവർ നിലവിളിക്കുകയാണ്. പ്രതിസന്ധി വരുമ്പോൾ വിശ്വാസ ത്തോടെ നിലവിളിക്കുവാൻ കഴിയുന്ന ഒരു അഭിഷിക്തൻ അവർക്കി

ടയിലുണ്ട്, ഒരു അഭിഷിക്തനുണ്ടാകേണ്ട അതിശക്തമായ വിശേഷത ഈ സമയം മോശ വെളിപ്പെടുത്തുന്നുണ്ട്, നീ എന്നോട് ഇങ്ങനെ നിലവിളിക്കുന്നതെന്ത്?എന്ന് ചോദിക്കത്തക്ക രീതിയിൽ മോശ നില വിളിക്കുകയാണ്.

എന്നാൽ നിലവിളിക്കുന്ന ജനത്തിലൊരുവനെപ്പോലെ, അവ രുടെ കൂട്ടത്തിൽ, അവർ കാൺകേ മോശ നിലവിളിക്കുന്നില്ല. എന്നാൽ വിശ്വാസത്തിന്റെ വാക്കുകൾ ജനത്തോട് പറയുന്ന ഒരു മോശയെ മാത്രമേ വചനത്തിൽ കാണുന്നുള്ളൂ. ഭയപ്പെടേണ്ട, ഉറച്ച് നിൽപ്പിൻ,യഹോവ ഇന്ന് നിങ്ങൾക്ക് വേണ്ടി ചെയ്യുന്ന രക്ഷ കണ്ട് കൊൾവിൻ, ഇപ്പോൾ കാണുന്ന ഈ മിസ്രയിമ്യരെ ഇനി ഒരു നാളും കാണുകയില്ല എന്ന് മോശ വിളിച്ച് പറഞ്ഞു. പുറ:14:13.

വിശ്വാസത്തിന്റെ വാക്ക് ജനത്തോട് പറയുന്നു, അതേ സമയം അവർ കാണാതെ, അതി ഭയങ്കരമായി യഹോവയോട് അവൻ നില വിളിക്കുകയാണ്. ഇതാകുന്നു ഒരു അഭിഷിക്തന്റെ സവിശേഷത, വിശ്വാസത്തോടെ നിലവിളിച്ച അഭിഷിക്തനെ തന്നെ യഹോവ ഉപ യോഗിക്കുന്നു, നിന്റെ കൈവശം ഇരിക്കുന്ന വടി വിശ്വാസത്തോടെ ചെങ്കടലിന്റെ നേരെ നീട്ടുവാൻ പറഞ്ഞു. ഇതുവരെ ഭൂമിയിൽ നട ക്കാതെ ഇരുന്ന ഒരു അത്ഭുതം, ചെങ്കടൽ പിളർന്ന് മാറുന്നത് അവൻ കണ്ടു, ഇതുവരെ ലോകത്ത് വെളിപ്പെടാത്ത ശുശ്രൂഷ ചെയ്യണമോ, വിശ്വാസത്തോടെ നിലവിളിക്കുക, വിശ്വാസത്തോടെ വചനം ഉപയോ ഗിക്കുക.

ജനം ചെങ്കടൽ കടന്ന് അക്കരെ എത്തി. ചെങ്കടൽ പിളർന്നത് ഇസ്രയേലിന് അനുഗ്രഹവും മിസ്രയീമ്യന് നാശവുമായിത്തീർന്നു, പീഢിപ്പിക്കുന്നവർക്ക് പീഢയും, പീഢ അനുഭവിക്കുന്ന നിങ്ങൾക്ക് ആശ്വാസവും ദൈവ സന്നിധിയിൽ നീതിയല്ലോ. 1 തെസ്സ:1:8.

ചെങ്കടലാകുന്ന പ്രതിസന്ധി കടന്ന് ജനം മരുഭൂമിയിലൂടെ നട

ക്കുകയാണ്. പുറ:15:22. എന്ത് കൊണ്ടാണ് മരുഭൂമി മാറിപ്പോകാത്തത്. കാരണം ഈ മരുഭൂമി ഉണ്ടെങ്കിൽ മാത്രമേ നീ യുദ്ധവീര്യമുള്ള ഒരു ജനതയാകൂ. സവിശേഷതയുള്ള ഒരു ജാതിയാകൂ.

മിസ്രയിമ്യ സ്വഭാവം നിന്നിൽ ഉണ്ടോ ഇല്ലയോ എന്നറിയുവാനാണ് ഈ മരുഭൂമിയെ ദൈവം ഉപയോഗിക്കുന്നത്. ഈ മരുഭൂമിയിൽ വച്ച് ധാരാളം നിന്നോട് സംസാരിക്കേണ്ടതുണ്ട്. സമാഗമന കൂടാരത്തെ ക്കുറിച്ച് പറയണം. ആരാധന രീതികൾ പഠിപ്പിക്കണം, ന്യായ പ്രമാണത്തിന്റെ നടക്കേണ്ടുന്ന ജീവിത രീതി പഠിപ്പിക്കണം. സർവ്വോപരി മോശയെ അഭിഷിക്തനാക്കിയെടുത്തത് പോലെ അനേകരെ യുദ്ധവീര്യമുള്ള അഭിഷിക്ത ജനമാക്കി എടുക്കുവാൻ ഈ മരുഭൂമി ആവശ്യമാണ്.

# 9. അഭിഷിക്തനായ മോശ

## മൂന്നാം ഭാഗം

## യുദ്ധ വിജയത്തിന്റെ സ്ഥിരത

ചെങ്കടൽ കടന്ന ജനം ശൂർ മരുഭൂമിയിലൂടെ യാത്ര ചെയ്യുകയാണ്. പുറപ്പാട് അദ്ധ്യായം 15 മുതൽ 34 വരെയുള്ള ഭാഗത്ത് നിലവിലുള്ള സകല ധാരണകളെയും മാറ്റി കുറിക്കുന്ന അസാധാരണമായ ദൈവിക നടത്തിപ്പിന്റെയും അത്ഭുതങ്ങളുടെയും, പരിശീലനത്തിന്റെയും, ദൈവിക ആരാധനാ രീതികളുടെയും വലിയ ഒരു അഴിച്ച് പണി നടക്കുന്നത് രേഖപ്പെടുത്തിയിരിക്കുന്നു. ശൂർ മരുഭൂമി മുതൽ മോശ യഹൂദാ ദേശം കാണുന്നത് വരെയുള്ള നീണ്ട വർഷങ്ങൾ ഒരു യുദ്ധ പരിശീലന കളരിപ്പോലെ യഹോവ നടത്തി.

മിസ്രയിമിലായിരുന്ന ഇസ്രയേൽ ജനത്തിന് എടുത്ത് പറയത്തക്ക ഒരു സവിശേഷതയെ ഉണ്ടായിരുന്നുള്ളൂ. അവർ മിസ്രയിമ്യരോട് ഇടകലരാതിരുന്നു. അതിനും അവർ അല്ല കാരണം, മിസ്രയിമ്യരിൽ ജനിച്ച വെറുപ്പ് ആണ് അതിന് കാരണം. ജനം വാഗ്ദത്ത ദേശത്ത് എത്തുന്നതിന് മുമ്പ് നിരവധി സവിശേഷതകളും വ്യത്യസ്തതകളുമുള്ള ഒരു ജാതിയാക്കി അവരെ തീർക്കേണ്ടതുണ്ട്.

അതിന് വേണ്ടി ദൈവം ഒരുക്കുന്ന പദ്ധതി ഈ ഭാഗത്ത് ഉടനീളം കാണാം. മിസ്രയിമ്യരിൽ നിന്ന് ലഭിച്ച സ്വഭാവവും ചിന്താരീതികളും പൈശാചികമാണ്. ഇത് നീക്കം ചെയ്യണം. അതിന് വേണ്ടി ദൈവം ചില ക്രമീകരണം ഒരുക്കുന്നു.

തുടർന്നുള്ള യാത്രയിൽ, വെള്ളം കിട്ടാതെ സഞ്ചരിച്ച് വലഞ്ഞ സമയത്ത്, ലഭിച്ച വെള്ളത്തിന് കയ്പ് എന്ന് പറഞ്ഞ് ഈ ജനം മിസ്രയിമ്യ സ്വഭാവം വ്യക്തമാക്കി. ദൈവം അത് കാര്യമാക്കാതെ 12 നീരുറവും 70 ഈന്തപ്പനയും ഉള്ള ഏലീമിൽ അവരെ എത്തിച്ചു. പിന്നീട് ജനം സീൻ മരുഭൂമിയിൽ എത്തി. അവിടെ വച്ച് മിസ്രയീമ്യ സ്വഭാവം വെളിപ്പെടുത്തി. ദൈവം അത് ക്ഷമിച്ച് ആകാശത്ത് നിന്ന് മന്ന പൊഴിച്ച് നൽകി. മരുഭൂമിയിൽ ആയിരുന്ന 40 വർഷവും ദൈവം അതവർക്ക് നൽകി.

പിന്നീട് രഫീദിമിൽ എത്തി. അവിടെ വച്ചും മിസ്രയിമ്യ സ്വഭാവം പുറത്ത് വന്നു. പാറയിൽ നിന്ന് വെള്ളം കൊടുത്ത് അവരെ ശാന്തരാക്കി. മോശയുടെ കൂടെ സഞ്ചരിച്ച് വന്ന ജനം ആൾകൂട്ടം ആയിരുന്നു. ഈ ആൾകൂട്ടത്തിന് താൻ തന്നെ ന്യായം നടത്തി താൻ തന്നെ നയിച്ച് പോരുകയായിരുന്നു. എന്നാൽ യഹോവ മോശയുടെ അമ്മായപ്പനായ യിത്രോ മുഖാന്തരം ആലോചന പകർന്ന് അവരെ സംഘടിത ശക്തിയാക്കി തീർത്തു. അങ്ങനെ സഹസ്രാധിപന്മാരെയും ശതാധിപന്മാരെയും നിയമിച്ചു. 100 പേരുള്ള ഒരു സംഘടിതശക്തിക്ക് 1000 പേരുള്ള ഒരു അസംഘടിത ആൾകൂട്ടത്തെ തകർക്കുവാൻ കഴിയും.

സീനായ് പർവ്വതത്തിൽ വച്ച് മോശ മുഖാന്തരം ഒരു പുതിയ ന്യായ പ്രമാണം നൽകി ജനത്തെ മുഴുവൻ ഒരു സാർവ്വത്രിക നിയമത്തിന്റെ കീഴിൽ ഒരുമിപ്പിച്ചു. യഹോവക്ക് അവരുടെ ഇടയിൽ വസിക്കുന്നതിനായി ഒരു സമാഗമന കൂടാരവും അത് നിർമ്മിക്കേണ്ട വിധവും പറഞ്ഞ് കൊടുക്കുന്നതിനായി മോശയെ പർവ്വതത്തിന്റെ മുകളിലേക്ക് യഹോവ വിളിപ്പിച്ചു. ഒരു പുതിയ ആരാധനാസംവിധാനം യഹോവ അവർക്ക് നൽകുവാൻ തീരുമാനിച്ചു.

താൻ ഉപദേശിക്കുന്നവ എല്ലാം എഴുതാൻ കൽപലകകൾ അവന് നൽകി, മേഘം പർവ്വതത്തെ മൂടുകയും യഹോവയുടെ തേജസ്സ് സീനായി പർവ്വതത്തിൽ ആവസിക്കുകയും ചെയ്തു. 40 രാവും 40 പകലും മോശ പർവ്വതത്തിൽ ആയിരുന്നു.

അഭിഷിക്തൻ 40 ദിവസം ജനത്തിന്റെ ഇടയിൽ നിന്ന് മാറിനിന്ന സമയത്ത്, ജനം സ്വയം നശിക്കുന്നതിന് വേണ്ടി, ശത്രു അവരുടെ ഇടയിൽ പ്രവർത്തിക്കുവാൻ തുടങ്ങി. ഒരു വിഗ്രഹവും ഉണ്ടാക്കരുത് എന്ന് മോശ അവരോട് കൽപിച്ചിരുന്നു. എന്നാൽ അവരുടെ മിസ്രയിമ്യ സ്വഭാവം വെളിപ്പെടാൻ തുടങ്ങി.

ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി യാഗപീഠം പണിത് യഹോവക്ക് ഉത്സവംആചരിക്കുവാൻ അവർ തീരുമാനിച്ചു. യഹോവയുടെ നാമത്തിലാണ് ഉത്സവം. പക്ഷെ വിഗ്രഹത്തിന്റെ മുമ്പിലാണ് ആരാധന. ഇന്നും കർത്താവിന്റെ നാമത്തിലാണ് പലരും ആരാധിക്കുന്നത്. മുമ്പിൽ വിഗ്രഹവും കൂടി ഉണ്ടെന്ന് മാത്രം, ഇത് യഹോവക്ക് പ്രസാദമായ യാഗമല്ല.

സാക്ഷ്യത്തിന്റെ പലകയുമായി മോശ പർവ്വതത്തിൽ നിന്ന് ഇറങ്ങിയപ്പോൾ കണ്ട കാഴ്ച അസഹനീയമായിരുന്നു. അവന്റെ കോപം ജ്വലിച്ചു. പർവ്വതത്തിന്റെ മുകളിൽ വച്ച് അവൻ പ്രാപിച്ചെ

ടുത്ത സാക്ഷ്യത്തിന്റെ കൽപലക പർവ്വതത്തിന്റെ അടിവാരത്തിൽ വച്ച് അവന് നഷ്ടപ്പെടുത്തേണ്ടി വന്നു.

ദോഷത്തിലേക്ക് ദൃഷ്ടി വച്ച് ചാഞ്ഞിരിക്കുന്ന ജനമായിരുന്നു അവർ. അത് കൊണ്ട് അവരെ നയിച്ച, സൗമ്യനായ മോശയും അൽപമായി ദോഷത്തിലേക്ക് ചാഞ്ഞു. തന്റെ കൈവശമുണ്ടായിരുന്ന, ദൈവത്തിന്റെ കൈവിരലുകളാൽ എഴുതപ്പെട്ട കൽ പലകകൾ മോശ താൻ പോലും അറിയാതെ സ്വയം പൊട്ടിച്ച് കളഞ്ഞു.

മോശ കാളക്കുട്ടിയെ തീയിലിട്ട്, ചുട്ടരച്ച് പൊടിയാക്കി, വെള്ളത്തിൽ വിതറി അവരെ കൊണ്ട് അത് കുടിപ്പിച്ചു. വിഗ്രഹം ഉണ്ടാക്കുവാൻ ശാഠ്യം പിടിച്ച 3000-ൽ അധികം പേരെ നിഗ്രഹിച്ചതിന് ശേഷം ജനത്തിന് വേണ്ടി യഹോവയുടെ സന്നിധിയിൽ കടന്ന് ചെന്ന് അവരുടെ പാപം ക്ഷമിക്കേണമേ എന്ന് പ്രാർത്ഥിച്ചു.

ശത്രു അതിഭയങ്കരമായ ദോഷമാണ് അവരുടെ ഇടയിൽ വിതച്ചത്, അഭിഷിക്തന്റെ വരെ സമനില തെറ്റിപ്പോയി. എന്നാൽ നഷ്ടപ്പെട്ടത് അതിന്റെ ഇരട്ടി ശക്തിയോടെ തിരികെ തരുവാൻ ദൈവം ശക്തനാകുന്നു, വീണ്ടും ദൈവ സന്നിധിയിൽ മോശ കടന്ന് ചെന്ന് വചനങ്ങൾ എഴുതിയ കൽപലകകൾ തിരികെ പ്രാപിച്ചു. അതും മാത്രമല്ല മുഖം ജ്വലിക്കത്തക്ക വിധത്തിൽ തേജസ് പ്രാപിക്കുകയും ചെയ്തു.

തുടർന്ന് മോശ പാളയത്ത് നിന്ന് അൽപം ദൂരെയായി ഒരു കൂടാരം യഹോവ പറഞ്ഞതനുസരിച്ച് നിർമ്മിച്ച് അതിന് സമാഗമന കൂടാരം എന്ന് പേർ ഇട്ടു. മോശ കൂടാരത്തിലേക്ക് പോകുമ്പോൾ ജനം ഒക്കെയും എഴുന്നേറ്റ് നിൽക്കും. മേഘസ്തംഭം കൂടാരത്തിൽ ഇറങ്ങി മോശയോട് സംസാരിക്കുന്ന സമയത്ത് ജനം അവർ നിൽക്കുന്ന ഇടത്ത് നിന്ന് യഹോവയെ നമസ്കരിച്ച് പോന്നു. ദൈവത്തിൽ നിന്ന് പ്രാപിച്ചത് അനുസരിച്ച് മോശ ജനത്തെ ഒരുക്കി ഒരു

സംഘടിത ഗണമാക്കി തീർത്തു.

ഓരോ ഗോത്രത്തിനും താന്താന്റെ ഗോത്രത്തിന്റെ അടയാള ത്തോട് കൂടിയ കൊടി നൽകി. സമാഗമന കൂടാരത്തിന് ചുറ്റുമായി അവരെ പാളയമിറക്കി. ഓരോ ഗോത്രത്തിനും ഓരോ പ്രഭുവിനെയും നിയമിച്ചു. അവർ താഴെ പറയുന്നു.

**I.**

1. യഹൂദാഗോത്രം സമാഗമന കൂടാരത്തിന്റെ കിഴക്ക് പാളയം ഇറങ്ങണം, അവരുടെ പ്രഭു അമ്മീനാദാബിന്റെ മകൻ നഹ ശോൻ അവരുടെ കൂടെ 74600 പേർ.
2. അവരോട് ചേർന്ന് യിസ്സാഖാർഗോത്രം പാളയമിറങ്ങി. പ്രഭു സുവാരിന്റെ മകൻ നെഥനിയേൽ. അവരുടെ കൂടെ 54400 പേർ.
3. അവരോട് ചേർന്ന് സെബുലൂൻ ഗോത്രം പ്രഭു ഹേലോന്റെ മകൻ ഏലിയാബ്, അവരുടെ കൂടെ 57400 പേർ.
   ഇവർ ആകെ 186400 പേർ, ഇവർ ആദ്യം പാളയത്തിൽ നിന്ന് പുറപ്പെടണം.

**II.**

1. രുബേൻ ഗോത്രം സമാഗമന കൂടാരത്തിന് തെക്ക് ഭാഗത്ത് പാളയമിറങ്ങണം. പ്രഭു ശെദേയൂരിന്റെ മകൻ ഏലീസൂർ, കൂടെ 46500 പേർ.
2. അവരോട് ചേർന്ന് ശിമയോൻ ഗോത്രം പ്രഭു സുരിശദ്ദായി യുടെ മകൻ ശെലുമിയേൽ, കൂടെ 59300 പേർ.
3. അവരോട് ചേർന്ന് ഗാദ് ഗോത്രം, പ്രഭു രെയുവേലിന്റെ മകൻ ഏലിയാസാഫ്, കൂടെ 45650 പേർ.

**III.**

1. എഫ്രയിം ഗോത്രം സമാഗമന കൂടാരത്തിന്റെ പടിഞ്ഞാറ്

ഭാഗത്ത് പാളയമിറങ്ങണം. പ്രഭു അമ്മീഹൂദിന്റെ മകൻ ഏലിശാമ. കൂടെ 40500പേർ.

2. അവരുടെ അരികെ മനശ്ശെ ഗോത്രം, പ്രഭു പെദാസൂരിന്റെ മകൻ ഗമലിയേൽ കൂടെ 32200 പേർ.
3. പിന്നെ ബെന്യാമീൻ ഗോത്രം, പ്രഭു ഗിദെയോനിയുടെ മകൻ അബീദാൻ, കൂടെ 35400 പേർ.

## IV.

ആകെ 188100 പേർ, ഇവർ മൂന്നാമതായി പുറപ്പെടണം.

1. ദാൻ ഗോത്രം സമാഗമന കൂടാരത്തിന്റെ വടക്ക് ഭാഗത്തായി പാളയമിറങ്ങണം. പ്രഭു അമ്മീശദ്ദായിയുടെ മകൻ അഹിയേസർ, കൂടെ 62700 പേർ.
2. അവരുടെ അരികെ ആശേർ ഗോത്രം,പ്രഭു ഒക്രാന്റെ മകൻ പഗീയേൽ, കൂടെ 41500 പേർ.
3. പിന്നെ നാഫ്താലി ഗോത്രം, പ്രഭു ഏനാന്റെ മകൻ അഹീര, കൂടെ 53400 പേർ.

ആകെ 157600 പേർ, ഏറ്റവും അവസാനം പുറപ്പെടേണം.

ലേവിഗോത്രത്തിൽ പെട്ടവർ സമാഗമന കൂടാരത്തിന്റെ നടുവിൽ പാളയം ഇറങ്ങുകയും യാത്ര പുറപ്പെടുകയും വേണം, സംഖ്യ:2:1–34.

ഇപ്പോൾ ജനം ഒരു സംഘടിത ഗണമായി തീർന്നു. ഇവർ എവിടെ പാളയം ഇറങ്ങണമെന്നും ആരായിരിക്കണം അവരുടെ പ്രഭു എന്നും, എപ്പോൾ യാത്ര പുറപ്പെടണം എന്നും യഹോവയാണ് തീരുമാനിച്ചത് മോശ അതിന് മുഖാന്തരമായി ദൈവ ജനത്തിന്റെ നിയന്ത്രണവും ഭരണവും മുകളിൽ നിന്നാണ് വരുന്നത്. താഴെ നിന്നുള്ള തെരഞ്ഞെടുപ്പല്ല. ദൈവ കേന്ദ്രീകൃത ജനാധിപത്യമാണ് ദൈവ ജനത്തിനുള്ളത്. തിരുസാന്നിദ്ധ്യത്തിന്റെ അഭാവവും, ജനത്തിന്റെ

ആത്മീയ നിലവാരവും,ദേശാന്ധകാര ശക്തികളുടെ സ്വാധീനവുമാണ് ഇതിന് ഏറ്റക്കുറച്ചിൽ ഉണ്ടാക്കുന്നത്.

മരുഭൂമിയിലൂടെയുള്ള ജനത്തിന്റെ സഞ്ചാരത്തെ നിയന്ത്രിച്ചത് മേഘസ്തംഭം ആണ്. മേഘം കൂടാരത്തിൽ നിന്ന് പൊങ്ങുമ്പോൾ യിസ്രയേൽ മക്കൾ യാത്ര പുറപ്പെടും. മേഘം നിൽക്കുന്നിടത്ത് പാളയം ഇറങ്ങും............... ചിലപ്പോൾ മേഘം സന്ധ്യ മുതൽ ഉഷസ്സ് വരെ ഇരിക്കും. ഉഷകാലത്ത് മേഘം പൊങ്ങിയാൽ യാത്ര പുറപ്പെടും. ...................... രണ്ട് ദിവസമോ ഒരു മാസമോ ഒരു സംവത്സരമോ മേഘം തിരുനിവാസത്തിൻമേൽ ആവസിച്ചാൽ യാത്ര പുറപ്പെടാതെ ഇരിക്കും. അത് പൊങ്ങുമ്പോഴോ യാത്ര പുറപ്പെടും. സംഖ്യ: 9:17-22.

എന്തിനാണ് ഇങ്ങനെ ഒരു ക്രമീകരണം?മരുഭൂമിയിലൂടെയുള്ള സഞ്ചാരം സൂക്ഷ്മതയോടെ വേണം. ഉഷ്ണക്കാറ്റ്, വിഷപാമ്പ്, തുടങ്ങി നിരവധി പതിയിരുപ്പുകൾ കനാൻ ദേശത്തേക്ക് സഞ്ചരിക്കുന്ന ജനത്തിന്റെ മുമ്പിലുണ്ട്. ഞാൻ നിനക്ക് മുമ്പായി ചെന്ന് ദുർഘടങ്ങളെ നിരപ്പാക്കുകയും, താമ്ര വാതിലുകളെ തകർത്ത്, ഇരിമ്പോടാമ്പലുകളെ ഖണ്ഡിച്ച് കളയുകയും ചെയ്യും. യശ:45:2. ഇതിനായി യഹോവ തന്റെ ജനത്തിന്റെ മുമ്പാകെ നടക്കുന്നു.

തുടർന്ന് യഹോവ മോശയോട് അരുളി ചെയ്തു. ഞാൻ കൊടുപ്പാനിരിക്കുന്ന കനാൻദേശം ഒറ്റ് നോക്കേണ്ടതിന്, ആളെ അയക്കുക. എല്ലാവരെയും അയക്കുന്നില്ല. തെരഞ്ഞെടുക്കപ്പെട്ടവർ മാത്രം. അവരിൽ പ്രഭുക്കന്മാരെ അയച്ചു. സമ്പത്ത് അല്ല തെരഞ്ഞെടുപ്പിന് മാനദണ്ഡമാക്കിയത്, ദൈവവുമായി അവർക്കുള്ള ബന്ധമാണ്. ദൈവം ശുശ്രൂഷകൾക്കായി ജനത്തെ തെരഞ്ഞെടുക്കുന്നത്. താനുമായിട്ടുള്ള അവരുടെ ബന്ധത്തെ മുൻനിർണ്ണയപ്രകാരം മനസ്സിലാക്കിയാണ്, തെരഞ്ഞടുക്കപ്പെട്ട 12 പേർ അയക്കപ്പെട്ടു. അവരുടെ മേൽ ലഭിച്ച നിയോഗമിതാണ്.

1. ദേശം ഏത് വിധമുള്ളത് എന്നറിയണം.
2. കുടിയിരിക്കുന്ന ജനം ബലവാന്മാരോ, ബലഹീനരോ.
3. ചുരുക്കമോ അധികമോ.
4. പാർക്കുന്ന ദേശം നല്ലതോ, ആകാത്തതോ.
5. ജനം വസിക്കുന്ന പട്ടണങ്ങൾ പാളയങ്ങളോ, കോട്ടകളോ.
6. ദേശം പുഷ്ടിയുള്ളതോ അല്ലാത്തതോ.
7. ദേശത്തെ ഫലങ്ങൾ ധൈര്യത്തോടെ കൊണ്ട് വരികയും വേണം. സംഖ്യ:13:1-20.

തെരഞ്ഞെടുക്കപ്പെട്ടവർ ഇറങ്ങി പുറപ്പെട്ടു. 40 ദിവസം കൊണ്ട് ദേശം ഒറ്റ് നോക്കി. ആദ്യം നിയോഗം ലഭിച്ച പ്രവൃത്തിയിൽ അവർ വിജയിച്ചുവെങ്കിലും അടുത്ത നിയോഗം ലഭിക്കേണ്ടുന്ന കാര്യത്തിൽ അവരിൽ 10 പേർ പരാജയപ്പെട്ടു. 2 പേർ വിജയിച്ചു.

ഇവിടെ ദൈവിക ശുശ്രൂഷയോടുള്ള ബന്ധത്തിൽ ശുശ്രൂഷകന്മാർ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. എല്ലാ ശുശ്രൂഷകന്മാരും ആദ്യകാലങ്ങളിൽ ശക്തമായും സാധാരണ തോതിലും ഉപയോഗിക്കപ്പെടുന്നു. ഈ 12 പ്രഭുക്കന്മാരും ആദ്യം വിജയിച്ചു. മോശ അവരോട് ആവശ്യപ്പെട്ട എല്ലാവിവരവും അവർ കൊണ്ടുവന്നു.

1. അവർ ദേശത്തെ ഫലങ്ങളായ മുന്തിരിപ്പഴം, മാതളപ്പഴം തുടങ്ങിയവ കൊണ്ടുവന്നു.
2. ദേശത്തെ വിലയിരുത്തി അവർ പറഞ്ഞു. അത് പാലും തേനും ഒഴുകുന്ന ദേശം.
3. ദേശത്ത് പാർക്കുന്ന ജനങ്ങൾ ബലവാന്മാർ, പട്ടണങ്ങൾ ഉറപ്പും വലിപ്പവും ഉള്ളവ.

ദേശത്തെ ഒറ്റ് നോക്കി വിവേചിച്ച് വിലയിരുത്തിയത് എന്തിനാണ്. ദേശത്തെ കൈവശമാക്കുവാൻ വേണ്ടി. ദേശത്തെ

കൈവശമാക്കുവാൻ വേണ്ടി ചെല്ലുന്ന ഏത് ഒരു ഇടയ ശുശ്രൂഷ കനും ദേശത്തെ വിവേചിക്കണം.

1. ദൈവം നിയോഗിച്ച ദേശത്തിൽ തനിക്ക് ദൈവം തന്നിരിക്കുന്ന ദേശത്തിന്റെ വ്യാപ്തിയും അതിർത്തിയും മനസ്സിലാക്കുക എന്നതാണ് ഒന്നാമതായി ചെയ്യേണ്ടത്. അത് ഒരു ചെറിയ പ്രദേശം മാത്രമാകാം. ഒരു പഞ്ചായത്ത് മുഴുവനും ആകാം, ചില പഞ്ചായത്തുകൾ ചേർന്നതാകാം.
2. ദേശത്തെ നിയന്ത്രിക്കുന്ന ദേശാന്ധകാരശക്തി ഏത് എന്നും, ഏതെല്ലാം ശക്തികൾ ചേർന്ന കൂട്ട് കെട്ടാണ് ദേശത്തെ നിയന്ത്രിക്കുന്നത് എന്നും ദൈവത്തോട് ചോദിച്ച് മനസ്സിലാക്കണം.
3. അവ എങ്ങനെയാണ് ദേശത്തെ നിയന്ത്രിക്കുന്നത് എന്നും, ഏത് രൂപത്തിലാണ് എന്നും, ഏത് സ്ഥാനങ്ങൾ ആണ് അവരുടെ കുടിയിരിപ്പുകൾ എന്നും മനസ്സിലാക്കണം.
4. ദേശത്ത് സ്വാധീനമുള്ള പ്രധാന കുടുംബങ്ങൾ ഏതാണെന്നും തങ്ങൾക്ക് സ്വാധീനിക്കുവാൻ കഴിയുന്നവർ അവയിൽ ഏത് എന്നും ദൈവത്തോട് ചോദിച്ച് മനസ്സിലാക്കണം.
5. ദേശത്ത് ആവിഷ്കരിക്കേണ്ട സുവിശേഷ പ്രവർത്തനങ്ങൾ ഏത് സ്വഭാവത്തിലുള്ളത് ആയിരിക്കേണം എന്നുള്ളത് മനസ്സിലാക്കി,സഭയ്ക്കകത്ത് തീവ്രമായും ദേശത്ത് സൗമ്യമായ അളവിലും പദ്ധതികൾ അസൂത്രണം ചെയ്യുക.
6. ദേശത്തെ വേലയെ സഹായിക്കുവാൻ ദൈവം നിയോഗിച്ചിട്ടുള്ളവരെ കണ്ട് പിടിച്ച് അവർക്കായി പ്രത്യേകം പ്രാർത്ഥിക്കുക.
7. ദൈവിക പദ്ധതി മനസ്സിലാക്കി ഘട്ടംഘട്ടമായി വിവിധ രൂപത്തിലുള്ള പ്രായോഗിക പ്രവർത്തന രൂപരേഖ തയ്യാറാക്കി മുന്നേറുക.

മോശ ചോദിച്ചതിലും കൂടുതൽ വിവരങ്ങൾ നൽകുവാൻ അവർക്ക് കഴിഞ്ഞു. ആ ദേശത്തിന്റെ ചുറ്റും പാർക്കുന്ന ജാതികളെ

കുറിച്ചും അവർക്ക് പറയുവാൻ കഴിഞ്ഞു. പൂർണ്ണമായി വിജയിച്ച ഒരു കൂട്ടം. മുന്തിരിപ്പഴവും, മാതളപ്പഴവും, അത്തിപ്പഴവും പരിശുദ്ധാത്മ ഫലത്തേയും വരത്തേയും സൂചിപ്പിക്കുന്നു.

ദൈവിക ശുശ്രൂഷകളിൽ, ആരംഭകാല സമയങ്ങളിൽ, എന്ന് വച്ചാൽ ആദ്യത്തെ ഏഴ് അല്ലെങ്കിൽ പതിനാല് വർഷങ്ങൾ വരെയുള്ള സമയത്ത്, എല്ലാ ഫലങ്ങളും വരങ്ങളും വെളിപ്പെടുത്തിയ ശുശ്രൂഷകർ വിജയിച്ച ശുശ്രൂഷകന്മാർ. അതിന് ശേഷം നല്ല ഒരു വിഭാഗവും പരാജയപ്പെടുകയോ, ദൈവ ജനത്തിന് ദോഷം വരുത്തി വയ്ക്കുന്നവരോ ആയിത്തീരുന്നുണ്ട്. ദൈവത്തിന് അവരെ സഹായിക്കുവാൻ കഴിയുന്നില്ല. അതിന്റെ കാരണം ഇതാണ്.

സുവിശേഷം നല്ല വർത്തമാനം ആണ്. ദുർ വർത്തമാനം അല്ല. അനേകം ശുശ്രൂഷകർ വ്യക്തികളെ കുറിച്ചും, ശുശ്രൂഷകളെ കുറിച്ചും, സാഹചര്യത്തെ കുറിച്ചും, നന്മകളെ കുറിച്ചും സംസാരിക്കുമ്പോൾ അവയിലെ നല്ല വശങ്ങളെ കുറിച്ച് സംസാരിക്കുവാൻ സമയം എടുക്കാതെ, അവയിലെ തിന്മകളെ കുറിച്ചും, ദോഷവശത്തെ കുറിച്ചും സംസാരിക്കുവാൻ കൂടുതൽ സമയം എടുക്കുന്നു.

തെരഞ്ഞെടുക്കപ്പെട്ടവർ 12 പേർ അതിൽ 10 പേർ ദുർവർത്തമാനം പറയുകയാണ്. കാണാത്ത കാര്യം തന്നെ അവർ ദുർവർത്തമാനമായി പറഞ്ഞു. അവർ നിവാസികളെ തിന്ന് കളയുന്ന ദേശമാകുന്നു എന്ന് അവർ പറഞ്ഞു. അവർ അതികായന്മാരാണ്, മല്ലന്മാരാണ് ശരിതന്നെ. പക്ഷെ നിവാസികളെ തിന്നുന്നത് അവർ കണ്ടില്ല, പക്ഷെ അതവർ പറഞ്ഞു.

എന്നാൽ 2 പേർ പറയുകയാണ്. നാം അത് കൈവശമാക്കും, നാം അവരെ ജയിക്കും, എന്ന വിശ്വാസത്തിന്റെ, നന്മയുടെ, ബലപ്പെടുത്തുന്ന നല്ല വർത്തമാനം പറഞ്ഞു. 10 പേർ ഭയപ്പെടുത്തുന്ന, ബലഹീനരാക്കുന്ന, പൊലിപ്പിച്ച കെട്ട് കഥകളും, അവിശ്വാസത്തിന്റെ

വാക്കുകളും പറഞ്ഞു. തെരഞ്ഞെടുക്കപ്പെട്ട 12 പേരിൽ മുഴുവൻ പേരും ആരംഭത്തിൽ ഉപയോഗിക്കപ്പെട്ടവർ. എന്നാൽ തുടർന്നുള്ള നിയോഗങ്ങൾക്ക് ഉപയോഗിക്കാൻ കൊള്ളാത്തവരായി അവരിൽ 10 പേർ ആയിത്തീർന്നു. അതും മാത്രമല്ല ദൈവ ജനത്തിന്റെ ദോഷ ത്തിനും നാശത്തിനും കാരണമായിത്തീർന്നു.

അഭിഷേകം നഷ്ടപ്പെട്ട അഭിഷിക്തനായിരിക്കും അഭിഷിക്ത ജനത്തിന്റെ ശത്രുവായി ഉപയോഗിക്കപ്പെടുക. 10 പ്രഭുക്കന്മാരുടെ അവിശ്വാസം നിറഞ്ഞ ദുർവർത്തമാനം നിമിത്തം വിശ്വാസത്തിന്റെ വാക്കുകൾ പറഞ്ഞ, ജനത്തിന്റെ നന്മ ആഗ്രഹിച്ച 2 പേർ അവർ വിടു വിക്കുവാൻ ആഗ്രഹിച്ച ജനത്തിന്റെ കയ്യാൽ തന്നെ കല്ല് കൊണ്ട് എറിയപ്പെടുവാൻ കാരണമായി, സംഖ്യ:14:10.

മിസ്രയിമിൽ ഫറവോനെതിരെ പ്രവർത്തിച്ച യഹോവയുടെ ഭുജത്തെ അവർ മറന്നു. ആഴത്തിലും നീളത്തിലും വലുപ്പത്തിലും ഫറവോനെക്കാൾ വലുതായ ചെങ്കടൽ പിളർത്തിയ യഹോവ അവർ മറന്നു. നീണ്ട വർഷങ്ങൾ മരുഭൂമിയിലെ ഒന്നുമില്ലായ്മയിൽ നിന്ന് ലക്ഷകണക്കിന് വരുന്ന തങ്ങളെ പോറ്റിപുലർത്തിയ യഹോവയുടെ കരത്തെ അവർ മറന്നു.

മിസ്രയിമിൽ നിന്ന് ഇറങ്ങിപുറപ്പെട്ട ജനത്തിന്റെ മുൻപന്തി യിൽ നിന്നവരെ ദൈവത്തിന് ഉപയോഗിക്കുവാൻ കഴിയാതെ ആയ പ്പോൾ ദൈവം അതുവരെ വെളിപ്പെടാതിരുന്ന കൂട്ടത്തെ യുദ്ധത്തിന് വേണ്ടി ഒരുക്കി. യഹോവ മോശയോട് പറഞ്ഞു നിന്റെ ശുശ്രൂഷകനായ നൂന്റെ മകൻ യോശുവ ആകുന്നു യിസ്രയേലിന് ദേശം കൈവശമാക്കി കൊടുക്കേണ്ടത്. അതും മാത്രമല്ല മരുഭൂമി യിൽ ജനിച്ച് വളർന്ന കുഞ്ഞുകുട്ടികളെ യഹോവ യുദ്ധത്തിനായി ഒരുക്കിയെടുത്തു. ശത്രുവിന്റെ പ്രവൃത്തി മരുഭൂമിയിൽ ഉടനീളംവെ ളിപ്പെട്ടു. പക്ഷെ യഹോവ തന്റെ അഭിഷിക്തനിലൂടെ പുതിയ ഒരു അഭിഷിക്തനേയും, അഭിഷിക്ത കൂട്ടത്തെയും പരിശീലിപ്പിച്ചെടുത്തു.

ഇതാ ഇസ്രയേൽ ജനം എല്ലാ രീതിയിലും യുദ്ധസജ്ജ മായിത്തീർന്നു. അതിനായി ദൈവം മോശയെ തെരഞ്ഞെടുത്തു. 80 വർഷം അവനെ പരിശീലിപ്പിച്ചു. തുടർന്നുള്ള 40 വർഷം അവനെ കൊണ്ട് ഇസ്രയേൽ ജനത്തെ പരിശീലിപ്പിച്ചെടുത്തു.

മോശയുടെ ശുശ്രൂഷ അവസാനിക്കുവാൻ പോകുകയാണ്. അത്യുന്നതന്റെ അടുക്കലേക്ക് അവൻ പോകുകയാണ്. അനന്തരം മോശ മോവാബ് സമഭൂമിയിൽ നിന്ന് നെബൊ പർവ്വതത്തിൽ കയറി യെരീഹോവിന്റെ താഴ് വീഥി മുതൽ പടിഞ്ഞാറെ കടൽ വരെയുള്ള യഹൂദാദേശം ഒക്കെയും ദർശിച്ചു. തന്റെ പിതാക്കന്മാരായ അബ്ര ഹാം, ഇസ്ഹാക്ക്, യാക്കോബ് എന്നിവരോട് നിങ്ങളുടെ സന്തതിക്ക് ഞാൻ തരുമെന്ന് യഹോവ പറഞ്ഞ ദേശം മോശ കണ്ടു.

അവൻ പുറകോട്ട് തിരിഞ്ഞ് നോക്കി. ഈ വാഗ്ദത്ത ദേശം യുദ്ധം ചെയ്ത് കീഴടക്കുവാൻ തയ്യാറായി നിൽക്കുന്ന യോശുവ യെയും സംഘത്തേയും കണ്ടു. തുടർന്ന് അത്യുന്നതനിലേക്ക് മുഖം ഉയർത്തി നന്ദി നിറഞ്ഞവനായി തന്നെ കൊണ്ട് ആരംഭം മുതൽ അവ സാനം വരെ യഹോവ ചെയ്ത് എടുത്ത പ്രവൃത്തികളെ അനുസ്മരി ച്ചു. അവൻ തന്റെ ജനത്തെ അനുഗ്രഹിച്ചു.

‘‘യെശുരാന്റെ ദൈവത്തെപ്പോലെ ഒരുത്തനും ഇല്ല. നിന്റെ സഹായത്തിനായി അവൻ ആകാശത്തോടെ തന്റെ മഹിമയിൽ മേഘാ രുഢനായി വരുന്നു. പുരാതനനായ ദൈവം നിന്റെ സങ്കേതം കീഴെ ശാശ്വതഭുജങ്ങൾ ഉണ്ട്. അവൻ ശത്രുവിനെ നിന്റെ മുമ്പിൽ നിന്ന് നീക്കി കളഞ്ഞു സംഹരിക്ക എന്ന് കൽപിച്ചിരിക്കുന്നു. ധാന്യവും വീഞ്ഞും ഉള്ള ദേശത്ത് ഇസ്രയേൽ നിർഭയമായും യാക്കോബിൻ ഉറവ് തനിച്ചും വസിക്കുന്നു. ആകാശം അവന് മഞ്ഞ് പൊഴിക്കുന്നു. യിസ്രായേലേ, നീ ഭാഗ്യവാൻ നിനക്ക് തുല്യൻ ആർ?യഹോവയാൽ രക്ഷിക്കപ്പെട്ട ജനമേ, അവൻ നിന്റെ സഹായത്തിൻ പരിചയവും

നിന്റെ മഹിമയുടെ വാളും ആകുന്നു. നിന്റെ ശത്രുക്കൾ നിന്നോട് അനുസരണം നടിക്കും, നീ അവരുടെ ഉന്നതങ്ങളിൽ നട കൊള്ളും.'' ആവർ:33:26-29

അങ്ങനെ യഹോവയുടെ ദാസനായ മോശ യഹോവയുടെ വചന പ്രകാരം അവിടെ മോവാബ് ദേശത്ത് വച്ച് മരിച്ചു. ആവർ:34:5

## 10. ആദിമ ശുശ്രൂഷകൻ

ആദിയിൽ ദൈവം ഒരു മനുഷ്യനെ തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ച് കിഴക്ക് ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി അവിടെ പാർപ്പിച്ചു. ദൈവ കൽപനകളുടെ ലംഘനം കാരണമായി ശാപം ഏറ്റ് വാങ്ങി ഏദെൻ തോട്ടത്തിന് പുറത്തായി. ദൈവം തനിക്ക് നൽകിയ തുണയിൽ നിന്ന് ജനിച്ച സന്തതിയിൽ ഒരുവൻ ദൈവത്തിന് പ്രസാദമായ ഒരു യാഗം നൽകിയത് മുഖാന്തരം, യഹോവയുടെ ആരാധനാ ദേശത്ത് വെളിപ്പെടും എന്ന് മനസ്സിലായ ശത്രു തന്റെ സഹോദരനെ തന്നെ ആയുധമാക്കി, ദേശത്ത് ആരാധന വെളിപ്പെടുത്തുവാൻ കാരണമായവനെ തന്നെ ഇല്ലാതാക്കി.

ആരാധന പുന:സ്ഥാപിക്കാൻ ആഗ്രഹിച്ച ദൈവം ആദാമിന് ഒരു പുത്രനെ കൂടി നൽകി. അവൻ മുഖാന്തരം ആരാധന പുന:സ്ഥാപിച്ചു. സഭകൾക്കകത്ത് ഉണ്ടായിരുന്ന ആരാധന ഇല്ലാതാക്കുവാൻ ശത്രു ഉപയോഗിക്കുന്നത് ആ സഭയ്ക്കകത്ത് ഉള്ളവരെ തന്നെയാണ്, ആരാധന പുന:സ്ഥാപിക്കുവാൻ ദൈവം ഉപയോഗിക്കുന്നത് തന്നിൽ നിന്ന് ജനിക്കുന്ന പുതിയ ഗണത്തേയും, ശേത്ത് യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങി. ദേശത്ത് ജനം പെരുകി വർദ്ധിച്ചു. മനുഷ്യ പുത്രന്മാരുടെ പാപപ്രവൃത്തിയും പെരുകിത്തുടങ്ങി. കാരണം അവരുടെ ഹൃദയ വിചാരങ്ങളും നിരൂപണങ്ങളും എപ്പോഴും ദോഷമുള്ളതത്രേ. ഉൽ:6:5. അത് യഹോവക്ക് ദു:ഖത്തിന് കാരണമായി. ദൈവജനം എന്ന് പറയുന്നവർ ദോഷമായ രീതിയിൽ ഹൃദയ വിചാരങ്ങളും നിരൂപണങ്ങളും മെനഞ്ഞ് എടുക്കുമ്പോൾ

യഹോവയെ ദു:ഖിപ്പിക്കുകയാണ് എന്ന് മനസ്സിലാക്കി മനം തിരിഞ്ഞ് അവനെ പ്രസാദിപ്പിക്കേണം. ഇതാ മനുഷ്യൻ അനുതപിക്കാത്തത് കൊണ്ട് യഹോവക്ക് അനുതപിക്കേണ്ടി വരുന്നു. ഉൽ:6:6. അത് അനുതപിക്കാത്ത ജനത്തിന്റെ നാശത്തിന് കാരണമായിത്തീരുന്നു.

പാപം പെരുകിയേടത്ത് കൃപ അത്യന്തം വർദ്ധിച്ചു എന്ന് ലേഖനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതിന്റെ അർത്ഥം പാപം പെരുകിയസ്ഥലത്ത് പാപം ചെയ്തവന്റെ മേൽ കൃപ വർദ്ധിച്ചു എന്നല്ല, പാപം പെരുകിയപ്പോൾ പാപത്തിനെതിരെ മരണത്തോളം പോരാടി നിന്നവരുടെ മേൽ കൃപ വർദ്ധിച്ചു എന്നാണ്. പാപം നിറഞ്ഞ ഇടമാണോ നീ നിൽക്കുന്നത്, അതിനെതിരെ മരണത്തോളം പോരാടി നിൽക്കുക. നോഹക്ക് ആ കാലത്ത് യഹോവയുടെ കൃപ ലഭിച്ചത് പോലെ അപ്പോൾ നമുക്കും ലഭിക്കും.

നോഹക്ക് കൃപ ലഭിക്കാൻ മൂന്ന് കാരണമുണ്ട്.

1. നീതിമാൻ
2. നിഷ്കളങ്കൻ
3. ദൈവത്തോട് കൂടെ നടന്നു.

ഇതിൽ ആദ്യത്തെ രണ്ട് സ്വഭാവം ഉള്ളവർ ധാരാളം ഉണ്ട്. അവർക്ക് എല്ലാം കൃപ ലഭിക്കുന്നില്ല. അപ്പോൾ കൃപ ലഭിക്കണമെങ്കിൽ ഒന്ന് കൂടി വേണം എന്ന് മനസ്സിലാകുന്നു, എന്താണത്? ദൈവത്തോട് കൂടെ നടക്കണം. സഭകൾക്കകത്ത് കൃപ ലഭിച്ചവരാണുള്ളത്. എങ്കിലും ദൈവത്തോട് കൂടെ എങ്ങിനെ നടക്കുന്നുവെന്ന് ഉള്ളതും എത്രമാത്രം ചേർന്ന് നടക്കുന്നു എന്നുള്ളതും കൃപ വർദ്ധിക്കുന്നതിനുള്ള കാരണമാണ്.

ശേം, ഹാം,യാഫേത്ത് എന്നിവരെ നോഹ ജനിപ്പിച്ചു. ശത്രുവിന്റെ ഇഷ്ടത്തിനനുസരിച്ച് വഷളായി നടക്കുന്നവരെ ന്യായം വിധി

ക്കാതിരിക്കുവാൻ ഒരു ന്യായാധിപതിക്ക് സാദ്ധ്യമല്ല. നീതിയുള്ള ന്യായാധിപനായ ദൈവം നോഹയോട് പറയുകയാണ്. ആജനത്തെ ഞാൻ ഭൂമിയിൽ നിന്ന് നശിപ്പിക്കും. അത് കൊണ്ട് നീ ഗോഫർമരം കൊണ്ട് ഒരു പെട്ടകം ഉണ്ടാക്കുക എന്ന് പറഞ്ഞു, ഉൽ:6:14. മോശ യോട് ദൈവം പറഞ്ഞു ഖദിരമരം കൊണ്ട് പെട്ടകം ഉണ്ടാക്കുവാൻ ദൈവം ഒരുപെട്ടകം, അല്ലെങ്കിൽ ഒരു കൂട്ടായ്മ, ഒരു സഭ എന്നിവ ഉണ്ടാക്കിക്കുന്നത് തനിക്ക് ഇഷ്ടമുള്ളവരെ, തനിക്ക് ഇഷ്ടമുള്ള മരം ഉപയോഗിച്ചാണ്. അല്ലെങ്കിൽ ഒരു കൂട്ടായ്മ, ഒരു സഭ എന്നിവ ഉണ്ടാ ക്കിക്കുന്നത് തനിക്ക് ഇഷ്ടമുള്ളവരെ, തനിക്ക് ഇഷ്ടമുള്ള മരം ഉപ യോഗിച്ചാണ്. ഒരു മരത്തിന്റെ, ഒരു വ്യക്തിയുടെ മേൽ ലഭിക്കുന്ന നിയോഗത്തിന്റെ അടിസ്ഥാനത്തിൽ ഒരു പെട്ടകം, ഒരു കൂട്ടായ്മ രൂപം കൊള്ളുന്നു. നോഹയോട് ഉണ്ടാക്കുവാൻ പറഞ്ഞ പെട്ടകം മനു ഷ്യരെ സംരക്ഷിക്കുവാൻ വേണ്ടിയുള്ളതായിരുന്നുവെങ്കിൽ, മോശ യോട് ഉണ്ടാക്കുവാൻ പറഞ്ഞ പെട്ടകം ദൈവത്തിന് വസിക്കുവാൻ വേണ്ടിയാണ്. ഒരു കൂട്ടായ്മയോ, ഒരു സഭയോ, ഒരു സംഘടനയോ ദൈവം ഉണ്ടാക്കുവാൻ അനുവാദം നൽകുമ്പോൾ അതിനെല്ലാം വ്യത്യസ്ത ലക്ഷ്യങ്ങൾ ദൈവം നൽകുന്നു.

പെട്ടകം ഉണ്ടാക്കി അകത്തും പുറത്തും കീൽ തേക്കണം എന്ന് നോഹയോട് പറഞ്ഞു. ഉൽ:6:15. പെട്ടകത്തിനകത്ത് ദൈവം തെരഞ്ഞെടുത്തവർ അല്ലെ ഉള്ളത്. അത് കൊണ്ട് അകത്ത് എന്തി നാണ് കീൽ തേയ്ക്കുന്നത്, പുറത്ത് മാത്രം കീൽ ഉപയോഗിച്ചാൽ പോരെ?പോര, കാരണം പെട്ടകത്തിന് പുറത്തുള്ളവർ മുഖാന്തരം പെട്ടകം തകരുകയോ, മുങ്ങുകയോ ചെയ്യുവാൻ സാദ്ധ്യത ഉള്ളത് പോലെ തന്നെ പെട്ടകത്തിനകത്തുള്ളവർ മുഖാന്തരവും നാശം സംഭ വിക്കാം.

ഇത് അറിയാവുന്നത് കൊണ്ടാണ് അകത്തും പുറത്തും കീൽ തേയ്ക്കുവാൻ ദൈവം പറയുന്നത്. പരസ്യമായ കേടുകൾ മാത്രം പോക്കിപ്പോയാലും പെട്ടകം മുങ്ങുവാൻ സാദ്ധ്യതയുണ്ട്. ആരും

കാണാത്ത, മറ്റ് ആർക്കും അറിയാത്ത കേടുകളും പോക്കി മുന്നോട്ട് പോയില്ലെങ്കിൽ, പെട്ടകത്തിൽ അൽപം അൽപമായി ശത്രു പ്രവേശിക്കുകയും, ദോഷം വരുത്തുകയുംചെയ്യും.

പെട്ടകത്തിന്റെ നീളം 300 മുഴം വീതി 50 മുഴം ഉയരം 30 മുഴം എന്ന് യഹോവ നോഹയോട് പറഞ്ഞു. ഉൽ:6:15. ഒരു പെട്ടകത്തിന്റെ വലിപ്പം യഹോവ നിശ്ചയിക്കുന്നത് ദേശത്തിന്റെ അവസ്ഥയും പെട്ടകം നിർമ്മിക്കുന്നവന്റെ കഴിവും പരിശോധിച്ച് അവന് നൽകുന്ന ദർശനം അനുസരിച്ചാണ്.

പെട്ടകത്തിന്റെ മുകളിൽ നിന്ന് ഒരു മുഴം താഴെയായി ഒരു കിളി വാതിലും, പെട്ടകത്തിന്റെ വലത് ഭാഗത്തായി മറ്റ് ഒരു വാതിലും ഉണ്ടാക്കുവാൻ പറഞ്ഞു. ഉൽ:6:16. ഏത് ഒരു പെട്ടകത്തിനും, ദൈവം തെരഞ്ഞെടുത്ത ഏതൊരു വ്യക്തിക്കും രണ്ട് വാതിൽ ഉണ്ടാകണം.

എല്ലാവർക്കും നമ്മളുമായി ബന്ധപ്പെടുവാനും, നമ്മളിൽ പ്രവേശിക്കുവാനും മനസ്സിലാക്കുവാനുമുള്ള ഒരു വാതിൽ. രണ്ട്, മറ്റാർക്കും അടുത്ത് വരുവാൻ കഴിയാത്ത വിധത്തിൽ ഉയരത്തിൽ സ്ഥാപിച്ചിട്ടുള്ള ഒരു കിളിവാതിലും. ഈ കിളിവാതിൽ ദൈവത്തിന് നമ്മളിൽ പ്രവേശിക്കുവാനും, ഉന്നതങ്ങളിലേക്ക് നമ്മൾക്ക് നോക്കുവാനും ഉള്ളതായിരിക്കണം.

അനേകർക്ക് ഈ കിളിവാതിൽ ഉണ്ടെങ്കിലും എപ്പോഴും അടഞ്ഞ് കിടക്കുകയായിരിക്കും. ദൈവവുമായി വ്യക്തിപരമായ ഒരു ബന്ധമില്ലാത്തതിനാൽ ആകാശത്തിലെ കിളിവാതിൽ തുറന്ന് തന്റെ ജനത്തെ സഹായിക്കുവാൻ യഹോവക്ക് കഴിയുന്നില്ല. ഈ കിളിവാതിൽ ദൈവം ആഗ്രഹിക്കുന്നത് പോലെ തുറക്കാത്തത് കൊണ്ട് തന്റെ ജനത്തെ ദൈവത്തിന് ശുദ്ധീകരിക്കുവാനും, അനുഗ്രഹിക്കുവാനും കഴിയുന്നില്ല..

താഴത്തേയും, രണ്ടാമത്തേയും, മൂന്നാമത്തേയും തട്ടാക്കി അതിനെ ഉണ്ടാക്കണം. ഉൽ:6:16.

1. കിളിവാതിലിനോട് അടുത്ത് നിൽക്കുന്ന ഒരു തട്ട്.
2. അതിന് താഴെയായി രണ്ടാമത്തെ തട്ട്.
3. ഏറ്റവും അടിയിലായി മൂന്നാമത്തെ തട്ട്.

സമാഗമന കൂടാരം നിർമ്മിച്ചപ്പോഴും മൂന്ന് വിഭജനം കാണുന്നു.

1. അതി വിശുദ്ധ സ്ഥലം.
2. വിശുദ്ധസ്ഥലം.
3. പ്രാകാരം

അതുപോലെ പുതിയ നിയമത്തിൽ കർത്താവിന്റെ സമയത്ത് മൂന്ന് വിഭജനം കാണുന്നു.

1. കർത്താവ്
2. അപ്പോസ് തലന്മാർ
3. ജനം

പഴയ നിയമത്തിൽ ഏലിയാവിന്റെ കാലഘട്ടത്തിൽ മൂന്ന് വിഭജനം കാണാം.

1. ഏലിയാവ്
2. ഏലീശ
3. പ്രവാചക ഗണം.

ദൈവത്തോട് ചേർന്ന് നടക്കുന്നതും വിശുദ്ധിയുടെ ആഴവും, അഭിഷേകത്തിന്റെ അളവും ആണ് ഈ വിഭജനങ്ങളുടെ അടിസ്ഥാനം. അവരവരുടെ സ്ഥാനം എവിടെയാണ് എന്ന് അവരവർ മനസ്സി

ലാക്കി അത് അനുസരിച്ച് നിലകൊള്ളേണ്ടതാകുന്നു.

താൻ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടും എന്നും, എപ്പോൾ എടുക്കപ്പെടും എന്നും, എങ്ങനെ എടുക്കപ്പെടും എന്നും, താൻ എടുക്കപ്പെടുന്നത് കാണുന്നവന് തന്റെ മേലുള്ള അഭിഷേകം ലഭിക്കുമെന്ന് ഏലിയാവ് അറിഞ്ഞു. ഏലിയാവ് എടുക്കപ്പെടുവാൻ പോകുകയാണ് എന്നും, അത് കണ്ടാൽ അഭിഷേകം പകരപ്പെടും എന്നും മാത്രം ഏലീശ അറിഞ്ഞു. എപ്പോൾ ഏലിയാവ് എടുക്കപ്പെടുമെന്നോ, എങ്ങനെ എടുക്കപ്പെടുമെന്നോ ഏലീശ അറിഞ്ഞില്ല.

ഏലിയാവ് എടുക്കപ്പെടുവാൻ പോകുകയാണ് എന്ന് മാത്രം പ്രവാചകഗണം അറിഞ്ഞു. ബാക്കി ഒരു കാര്യവും അവർ അറിഞ്ഞില്ല, മനസ്സിലായതുമില്ല.

ന്യായ വിധി സമയത്ത് ഭൂമിയിൽ ജലപ്രളയം വരുമ്പോൾ തന്നെ അനുസരിക്കുന്ന ജനത്തിന് വേണ്ടി നോഹയെ കൊണ്ട് യഹോവ പെട്ടകം പണിയിക്കുകയാണ്. വിശ്വാസത്താൽ നോഹ അതു വരെ കാണാത്തവയെ കുറിച്ച് അരുളപ്പാട് ഉണ്ടായിട്ട്, ഭയഭക്തി പൂണ്ട്, തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായി ഒരു പെട്ടകം തീർത്തു. എബ്രാ:11:7. അതുവരെ കാണാത്തവയെകുറിച്ച് അരുളപ്പാട് ലഭിച്ചിട്ട് പെട്ടകം പണിത സമയത്ത് അവന്റെ സമകാലികർ അവനെ ഭ്രാന്തനെന്നും, വിവര ദോഷിയെന്നും, വ്യഥാ അദ്ധ്വാനിക്കുന്നവൻ എന്നും പറഞ്ഞ് പരിഹസിച്ചിട്ടുണ്ടാകാം.

യഹോവ പറഞ്ഞതനുസരിച്ച് നോഹയും തന്റെ ഭാര്യയും, പുത്രന്മാരും, പുത്രഭാര്യമാരും, സകലജീവികളിൽ നിന്നും ഈരണ്ട് വീതവും അതത് തരം പക്ഷികളിൽ നിന്ന് , മൃഗങ്ങളിൽ നിന്ന്, ഇഴജന്തുക്കളിൽ നിന്ന് ഈരണ്ട് വീതവും പെട്ടകത്തിൽ കയറണമെന്ന് യഹോവ കൽപിച്ചു. ദൈവം നോഹയോട് കൽപിച്ച പ്രകാരം ഇവയെല്ലാം ഈരണ്ട് വീതം നോഹയുടെ അടുക്കൽ വന്ന് പെട്ടകത്തിൽ

കയറി. ദൈവത്തിന്റെ കൽപനകളും, ആലോചനകളും അതുപോലെ തന്നെ അനുസരിച്ചാൽ നിനക്കുള്ളതിനെ നിന്റെ അടുക്കൽ കൊണ്ടു വരുവാൻ ദൈവം വിശ്വസ്തൻ.

40 രാവും 40 പകലും മഴ പെയ്തു. ദൈവം ആഗ്രഹിച്ച എല്ലാ വരും പെട്ടകത്തിൽ കടന്ന ഉടൻ യഹോവ വാതിൽ അടച്ചു. കൃപ യുടെ വാതിൽ അടയാൻ ഇനി അധികം നാളില്ല. ദൈവാത്മാവ് സകലകാലവും മനുഷ്യനിൽ വാദിച്ച് കൊണ്ടിരിക്കുകയുമില്ല. ഉൽ:6:3.

വെള്ളം 150 ദിവസം പൊങ്ങി കൊണ്ടിരുന്നു. ഉൽ:8:1. വെള്ള മാകുന്ന പ്രതിസന്ധിയും പ്രതികൂലവും നിമിത്തം ജനം 150 ദിവസം പെട്ടകത്തിൽ പ്രകാശം കാണാതെ ഇരിക്കേണ്ടിവന്നു. നീ മുമ്പും പിമ്പും എന്നെ അടച്ചു, നിന്റെ കൈ എന്റെ മേൽ വച്ചിരിക്കുന്നു, സങ്കീ:139:5. അനുഗ്രഹവും സംരക്ഷണവും പ്രാപിക്കേണ്ടി വരുന്ന ജനത്തിന് ഈ അവസ്ഥയിൽ ദൈവം കൽപിക്കുന്ന നാൾ വരെ ഇരി ക്കേണ്ടി വരും. അതിന് പ്രവാസകാലം എന്നോ, ഇരുട്ട് എന്നോ, ഒരു ബ്രായ്ക്കറ്റ് പിരിയഡ് എന്നോ പറയാം.

150 ദിവസം പെട്ടകത്തിൽ ഞെരുങ്ങിയിരുന്ന ജനത്തെ യഹോവ ഓർത്തു. ഉൽ:8:1. ദൈവം ഭൂമിമേൽ ഒരു കാറ്റ് അടിപ്പിച്ചു വെള്ളം നിലച്ചു. ഉൽ:8:1. പരിശുദ്ധാത്മാവ് ആകുന്ന കാറ്റ്, ദൈവ ശബ്ദമാകുന്ന കാറ്റ് നിന്റെ മേൽ വരുമ്പോൾ, പ്രതികൂലം തീരും,150 ദിവസം കഴിഞ്ഞ ശേഷം വെള്ളം കുറഞ്ഞ് തുടങ്ങി. പ്രതികൂലം ശമിച്ച് കൊണ്ടിരുന്നു.

പ്രതികൂലങ്ങൾ തീർന്ന് കഴിഞ്ഞപ്പോൾ കിളിവാതിൽ തുറക്കു വാൻ യഹോവ നോഹയോട് കൽപിച്ചു. ഉൽ:8:6. തന്റെ വിശ്വസ്ത തയ്ക്കും, അനുസരണത്തിനും, പ്രതിഫലമായി തന്നിൽ നിന്ന് പുറ പ്പെട്ട, പെട്ടകത്തിൽ നിന്ന് പുറപ്പെട്ട, പ്രാർത്ഥനയാകുന്ന, പ്രാവാകു ന്നതിന്റെ കൈവശം ഒരു പച്ച ഒലിവില കൊടുത്ത് വിട്ടു. ഉൽ:8:11.

ദൈവം പറഞ്ഞതനുസരിച്ച് നോഹയും കൂട്ടരും പെട്ടകത്തിൽ നിന്നിറങ്ങി. ഉൽ:8:16 നിങ്ങൾ സന്താന പുഷ്ടി ഉള്ളവരായി പെരുകി ഭൂമിയിൽ നിറവിൻ എന്ന് യഹോവ അവരെ അനുഗ്രഹിച്ചു. ഉൽ:9:1. ജല പ്രളയത്തിന് ശേഷം നോഹ 350 സംവത്സരം ജീവിച്ചിരുന്നു. അവന്റെ പുത്രന്മാരായ ശേം, ഹാം, യാഫെത്ത് എന്നിവർ പുത്രന്മാരെയും, പുത്രിമാരെയും ജനിപ്പിച്ച് ഭൂമിയിൽ അനുഗ്രഹിക്കപ്പെട്ട് വളർന്നു.

## 11. യോനാഥനേ, എന്റെ സഹോദരാ

ഹൃദയത്തിന്റെ ആഴത്തിൽ നിന്ന് ഒരു അഭിഷിക്തൻ മറ്റ് ഒരു യുവവീരനെകുറിച്ച് ദു:ഖിക്കുകയാണ്. യോനാഥാനെ കുറിച്ച് ദാവീദ് വീണ്ടും പറയുകയാണ്. നിൻപ്രേമം കളത്ര പ്രേമത്തിലും വിസ്മയമേറിയത്, നീ എനിക്ക് അതി വത്സലനായിരുന്നു. ഭാര്യാ ഭർതൃപ്രേമം ആണ് ഏറ്റവും ഉജ്ജ്വലം. എന്നാൽ അതിലും വിസ്മയമേറിയ അനുഭവത്തിലാണ് യോനാഥൻ തന്നെ സ്നേഹിച്ചത് എന്ന് ദാവീദ് പറയുന്നു. ബൈബിൾ പരിശോധിക്കുമ്പോൾ അത് ശരിയെന്ന് കാണുന്നു.

ആരാണ് യോനാഥാൻ? ഇസ്രായേൽ രാജാവായിരുന്ന ശൗലിന്റെ പുത്രനായ യുവരാജാവ്. ശൗലിന്റെ മേൽ രാജത്വം വന്ന ആദ്യ നാളുകളിൽ ഫെലിസ്ത്യരുടെ ഒരുവലിയ കൂട്ടം 30000 രഥവും 6000 കുതിരച്ചേവകരുമായി കടൽപ്പുറത്തെ മണൽ പോലെ ഇസ്രയേലിനെതിരെ പാളയമിറങ്ങി. ശമു:13:5. ജനമെല്ലാം ഭയപ്പെട്ട് ശൗലിന്റെ അരികിൽ ചെന്നു. ശൗൽ തന്റെ കൂടെയുള്ള പടജനത്തെ എണ്ണി, യോനാഥാൻ ഉൾപ്പെടെ 600 പേർ, അതും മാത്രമല്ല യുദ്ധസമയത്ത് ശൗലിനും അവന്റെ പുത്രനായ യോനാഥാന്റെയും കൈവശം മാത്രമേ ആയുധം ഉണ്ടായിരുന്നുള്ളൂ.

ശത്രു ഇവരെ ആക്രമിച്ചാൽ നിമിഷനേരത്തിനുള്ളിൽ പരാജയം ഉറപ്പ്. എന്നാൽ ശത്രു ആക്രമണത്തിന് ഒരുമ്പെടുന്നതിന് മുമ്പ്, യോനാഥാൻ തന്റെ ആയുധ വാഹകനായ ബാല്യക്കാരനോട് പറഞ്ഞു. വരിക നാം അങ്ങോട്ട് ഫെലിസ്ത്യ പട്ടാളത്തിന്റെ നേരെ ചെല്ലുക എന്ന്. തന്റെ അപ്പനായ ശൗലിനോട് ആലോചന ചോദിക്കാതെ ഫെലിസ്ത്യ പട്ടാളത്തിന് നേരെചെല്ലുവാൻ യോനാഥാനെ പ്രേരിപ്പിച്ചത് ഒന്ന് മാത്രം. യഹോവ നമുക്ക് വേണ്ടി അത്ഭുതം പ്രവർത്തിക്കും, അധികം കൊണ്ടും അൽപം കൊണ്ടും രക്ഷിപ്പാൻ യഹോവക്ക് കഴിയും എന്ന് യോനാഥാൻ പറഞ്ഞു. ഏകനായി യുദ്ധം തുടങ്ങുന്നതിന് മുമ്പ് യഹോവയിൽ നിന്ന് ഒരു അടയാളം അവൻ ചോദിച്ചു. ഇങ്ങോട്ട് കയറി വരുവിൻ എന്ന് ഫെലിസ്ത്യർ പറഞ്ഞാൽ യഹോവ അവരെ നമ്മുടെ കയ്യിൽ ഏൽപ്പിച്ചിരിക്കുന്നു എന്നതിന് അടയാളമായിരിക്കും എന്ന് പറഞ്ഞു. ശമു:14:10.

യോനാഥാന്റെ പ്രതീക്ഷക്കനുസരിച്ച് തന്നെ പട്ടാളക്കാർ പറഞ്ഞു. യഹോവ നമ്മുടെ കയ്യിൽ അവരെ ഏൽപിച്ചിരിക്കുന്നുവെന്ന് പറഞ്ഞ് യോനാഥാൻ ധൈര്യപൂർവ്വം അവരുടെ നേരെ ചെന്നു. അവർ യോനാഥാന്റെ മുമ്പിൽ വീണു, ഒരു കാണി നിലത്തിന്റെ പാതി നീളത്തിനകം ഇരുപത് പേർ വീണു. ഫെലിസ്ത്യ പട്ടാളം വിറച്ച് ചിതറി ഓടി. അവരുടെ പിറകെ ശൗലും പട്ടാളവും പടയ്ക്ക് ചെന്നു, ചുറ്റുമുള്ള ദേശത്ത് നിന്ന് ഫെലിസ്ത്യ പട്ടാളത്തിൽ ചേർന്ന എബ്രായരും, ഭയപ്പെട്ട് എഫ്രയിം നാട്ടിൽ ഒളിച്ചിരുന്ന ഇസ്രായേല്യരും ശൗലിന്റെ കൂടെ ചേർന്നു. അങ്ങനെ ഇസ്രയേൽ വലിയ ജയം നേടി. ഒരുവൻ വിശ്വാസത്താൽ ശത്രു പാളയത്തിന് നേരെ യുദ്ധം പ്രഖ്യാപിച്ച് ഇറങ്ങി പുറപ്പെട്ടു. ദൈവം അവന് പരിചയായി നിന്ന് തന്റെ പ്രവൃത്തി വെളിപ്പെടുത്തി.

യോനാഥൻ പലവിധത്തിൽ ദു:ഖിതൻ ആയിരുന്നു. അവന്റെ അപ്പൻ ദൈവികാലോചനയെ മറികടന്ന് പ്രവർത്തിച്ചത്, അന്യായമായി പടജനത്തെ കൊണ്ട് ശപഥം ചെയ്യിച്ച് ഭക്ഷണം കഴിപ്പിക്കാതെ വല

ച്ചത്, അങ്ങനെ നിരവധി കാരണങ്ങൾ അവന്റെ മുമ്പിലുണ്ട് ഫെലിസ്ത്യ മല്ലനായ ഗോലിയാത്തും ഇസ്രയേൽ നിരയെ ഒന്നടങ്കം വെല്ലുവിളിച്ച് അപഹസിച്ചതും അവനെ ദു:ഖത്തിലാക്കി. അവന്റെ ദു:ഖത്തെ മനസ്സിലാക്കിയ ദൈവം ആടുകളുടെ ഇടയിൽ നിന്ന് ഒരു അഭിഷിക്തനെ തെരഞ്ഞെടുത്ത് ഗോല്യാത്തിനെതിരെ കൊണ്ട് വന്ന് ഇസ്രയേൽ അനുവഭവിച്ച നിന്ദയെ ഇല്ലാതാക്കി. കോമളനേത്രനും പവിഴ നിറമുള്ളവനും ആയ ദാവീദ്, യോനാഥാന്റെ ഉറ്റസഖിയായി തീർന്നു. യോനാഥാന്റെ ദു:ഖം തീർന്നു, യോനാഥാന്റെ മനസ്സ് ദാവീദിന്റെ മനസ്സിനോട് പറ്റിചേർന്നു. സ്വന്തം പ്രാണനെ പ്പോലെ യോനാഥൻ ദാവീദിനെ സ്നേഹിച്ചു.

അഭിഷിക്തൻമാർ തമ്മിൽ തമ്മിൽ, വീരൻമാർ തമ്മിൽ തമ്മിൽ, അദൃശ്യമായ വിസ്മയം ജനിപ്പിക്കുന്ന ഒരു പ്രത്യേക സ്നേഹ ബന്ധം ഉണ്ട്. മുത്തുമാലയ്ക്കുള്ളിലെ മുത്തുമണികളെ തമ്മിൽ ബന്ധിപ്പിക്കുന്ന വീരനാം ദൈവത്തിന്റെ ആത്മാവ് അവരുടെ ഇടയിൽ ഉണ്ട്. അത് ഉരുക്ക് കോട്ടയ്ക്ക് തുല്യമാണ്. അതിന്റെ സമ്മേളനം, കൂടിച്ചേരൽ സാത്താന്യകോട്ടയിൽ വിള്ളലുകൾ സൃഷ്ടിക്കും.

ഒരു അഭിഷിക്തൻ മറ്റൊരു അഭിഷിക്തനെ തന്നെത്തന്നെ നൽകി ബഹുമാനിക്കും. തനിക്ക് സ്വന്തമായതെല്ലാം പകർന്ന് കൊടുക്കുവാൻ വലിയ ഒരു വെമ്പൽ അവനിൽ ഉണ്ടാകും. അത് അവന് ഭയങ്കര സന്തോഷം നൽകുന്നു. യോനാഥൻ ദാവീദിനെ സ്വന്തം പ്രാണനെപ്പോൽ സ്നേഹിക്കകൊണ്ട് അവനുമായി സഖ്യത ചെയ്തു. താൻ ധരിച്ചിരുന്ന മേലങ്കി ഊരി അതും തന്റെ വസ്ത്രവും, വാളും, വില്ലും, അരക്കച്ചയും ദാവീദിന് കൊടുത്തു. ശമു:18:3,4.

എന്നാൽ അഭിഷേകം ഇല്ലാത്തവന്റെ മുമ്പിൽ, നഷ്ടപ്പെട്ടവന്റെ മുമ്പിൽ, അവന് ഒരു വിലയില്ല എന്ന് മാത്രമല്ല ദോഷം വിതയ്ക്കുവാനും, കോപം, അസൂയ വെളിപ്പെടുത്തി തകർത്ത് കളയുവാനും അവൻ ശ്രമിക്കും. ശൗൽ ആയിരത്തെ കൊന്നു, ദാവീദോ

പതിനായിരത്തെ എന്ന് സ്ത്രീകൾ പാടി. ശൗലിൽ കോപവും അസൂയയും ജനിച്ചു. അവന്റെ കുന്തമുന ദാവീദിന്റെ നേരെ തിരിഞ്ഞു.

ഫലം കായ്ക്കുന്ന വൃക്ഷത്തിന് ഏറ് കൂടുതൽ വരിക എന്നത് പോലെ, നിരവധി പ്രാവശ്യം ശൗലിന്റെ കുന്തമുന ദാവീദിന്റെ നേരെ ചെന്നു. അവർ ദോഷം ചെയ്തിട്ടല്ലാതെ ഉറങ്ങുകയില്ല, വല്ലവരേയും വീഴിച്ചിട്ടല്ലാതെ അവർക്ക് ഉറക്കം വരികയുംഇല്ല എന്ന് സദൃശ്യ വാക്യത്തിൽ പറയുന്നു.4:16.

ഇതാ ശൗൽ പദ്ധതി ഇടുകയാണ് ദാവീദിനെ കൊല്ലണം. ശത്രു രഹസ്യത്തിൽ പദ്ധതി ഇടുന്ന ഉടനെ ദൈവം അത് തന്റെ അഭിഷിക്തനെ അറിയിച്ചിരിക്കും. യോനാഥാൻ ദാവീദിനോട് പറയുന്നു, എന്റെ അപ്പനായ ശൗൽ നിന്നെ കൊല്ലുവാൻ നോക്കുന്നു. ആകയാൽ നീ രാവിലെ സൂക്ഷിച്ച് ഗൂഢമായ ഒരു സ്ഥലത്ത് ഒളിച്ച് പാർക്കുക. ശമു:19:2.

ദാവീദിന്റെ ഭാര്യയായ മീഖൾ അവനോട് ഈ രാത്രിയിൽ നിന്റെ ജീവനെ രക്ഷിച്ച് കൊണ്ടില്ലെങ്കിൽ നാളെ നിന്നെ കൊന്ന് പോകും എന്ന് പറഞ്ഞു. ഏത് ഒരുവന്റെയും ജീവിതത്തിൽ നിർണ്ണായകമായ ചില ദിനങ്ങളും സമയങ്ങളും ഉണ്ട്. ദൈവിക സംരക്ഷണം ഉള്ളവർ രക്ഷപ്പെടും, അല്ലാത്തവർ തകർന്ന് പോകും. അന്ന് ദാവീദ് ഓടിപ്പോയി രാമയിൽ ശമുവേലിന്റെ അടുക്കൽ ചെന്ന് അഭയം പ്രാപിച്ചു. ശത്രു അവന്റെ അടുക്കൽ സന്നാഹങ്ങളുമായി ചെന്നുവെങ്കിലും ശമുവേലിന്റെയും ദാവീദിന്റെയും അഭിഷേകം ഒരുമിച്ചപ്പോൾ ശൗലിന്റെ എതിർ അഭിഷേകം എരിഞ്ഞടങ്ങി കീഴ്പ്പെട്ടു.

പിന്നീട് യോനാഥാന്റെ അടുക്കൽ ദാവീദ് ഓടിച്ചെന്ന് യഹോവയാണെ നിന്നാണെ എനിക്കും മരണത്തിനും മദ്ധ്യേ ഒരടി അകലം മാത്രമേ ഉള്ളൂ എന്ന് പറഞ്ഞു. ശമു:20:3. യോനാഥാൻ ദാവീദിനെ സംരക്ഷിക്കുവാൻ പദ്ധതിയിട്ടു. ഒരുവനെ ശത്രുവിൽ നിന്ന് രക്ഷി

ക്കുവാൻ ആര് പദ്ധതി ഇട്ടാലും ശത്രു അവന്റെ നേരെയും പോരാടും, അപ്പോൾ ശൗലിന്റെ കോപം യോനാഥന്റെ നേരെ ജ്വലിച്ചു. അവൻ പറയുകയാണ്, വക്രതയും ദുശാഠ്യവും ഉള്ളവളുടെ മകനേ നീ യിശ്ശായിയുടെ മകന്റെ കൂടെ കൂടിയിരിക്കുന്നു എന്ന് എനിക്ക് അറിഞ്ഞ് കൂടെയോ. ശമു:20:30. ദാവീദിനെ സഹായിച്ച യോനാഥാന്റെ നേരെ ശൗൽ കുന്തം ഓങ്ങി.

യോനാഥാൻ തന്നെ രക്ഷിച്ചത് മനസ്സിലാക്കിയ ദാവീദ് നന്ദി നിറഞ്ഞവനായി യോനാഥാന്റെ മുമ്പിൽ മൂന്ന് പ്രാവശ്യം സാഷ്ടാംഗം വീണ് നമസ്കരിച്ചു. അവർ തമ്മിൽ പിരിഞ്ഞു. ദാവീദ് കാട്ടിലേക്കും യോനാഥാൻ പട്ടണത്തിലേക്കും പോയി.

ഒരു അഭിഷിക്തനെ സംരക്ഷിക്കുവാൻ മറ്റ് ഒരു അഭിഷിക്തനെ ദൈവം ഒരു നിശ്ചിത സമയം വരെ മാത്രമേ ഉപയോഗിക്കുകയുള്ളൂ. തുടർച്ചയായി അങ്ങനെ ചെയ്താൽ അത് ദൈവിക പദ്ധതിക്ക് തടസ്സം സൃഷ്ടിക്കും. ദാവീദിന്റെ കൂടെ കാട്ടിൽ യോനാഥാൻ ചെല്ലുന്നത് ദാവീദിന് നല്ലതാണെങ്കിലും, ശൗലിന്റെ ആക്രമണ തീവ്രത കുറയുമെങ്കിലും ദാവീദ് നന്മ പ്രാപിക്കുന്ന സമയത്ത് യോനാഥാന് അത് നൽകേണ്ടി വരും. ദാവീദിനെ രാജാവാക്കുവാനാണ് ദൈവത്തിന്റെ പദ്ധതി. യോനാഥനെ അല്ല, അതു കൊണ്ട് അവർ വേർ പിരിയേണ്ടി വരുന്നത് ദൈവഹിതമാണ്.

കാട്ടിനുള്ളിൽ ദൈവം ദാവീദിനെ സംരക്ഷിച്ച് ശക്തമായ ഒരു സൈന്യത്തെ നൽകി. ഇരുട്ടിന്റെ നിലവറക്കുള്ളിൽ അവൻ സഞ്ചരിച്ചു. എന്നാൽ യോനാഥാൻ രാജകീയ കൊട്ടാരത്തിൽ, രാജകീയ സംരക്ഷണയിൽ , പ്രകാശമേറിയ അനുഭവത്തിൽ യുവരാജാവായി ജീവിച്ചു. യുദ്ധത്തിൽ യോനാഥാൻ വീര്യം പ്രവർത്തിച്ചുവെങ്കിലും അഭിഷേകം നഷ്ടപ്പെട്ടവന്റെ കൂടെ ആകയാൽ അവനും പട്ട് പോയി, പ്രകാശത്തിൽ നിന്ന് ഇരുട്ടിലേക്ക് അവൻ സഞ്ചരിച്ചു.

അവന്റെ അപ്പന്റെയടുക്കൽ നിന്ന് വേർപ്പെട്ട് അവൻ നിന്നിരുന്നുവെങ്കിൽ, പരിശുദ്ധ ആലോചനയ്ക്ക് കീഴിൽ നിന്നിരുന്നുവെങ്കിൽ, ആരംഭത്തിൽ അല്പം ഇരുട്ട് അവനെ കീഴടക്കുമായിരുന്നുവെങ്കിലും പ്രകാശത്തിലേക്ക് പിന്നീട് അവൻ വരുമായിരുന്നു. ദൈവം തരുന്ന ആലോചനയ്ക്ക് കീഴിൽ ആയിരിക്കണം ശുശ്രൂഷകർ എപ്പോഴും നടക്കേണ്ടത്. മറ്റ് ഒരു ദൈവദാസന്റെ കീഴിൽ ആയിരിക്കുകയാണെങ്കിലും പരിശുദ്ധാത്മാവിന്റെ ആലോചനയ്ക്ക് കീഴിലെ നടക്കാവൂ. അല്ലെങ്കിൽ തങ്ങൾക്ക് മുകളിലായ് ഇരിക്കുന്ന വ്യക്തിയുടെ പാളിച്ചകൾ തന്നേയും ബാധിക്കും. അന്യന്റെ പാപത്തിന് ഓഹരിക്കാരനായി തീരേണ്ടിയും വരുന്നു.

ഇതാ ശൗലിന്റെ അനുസരണക്കേട് അവന്റെ കുടുംബത്തിന് തന്നെ വിനയായി ത്തീർന്നു. ശൗലും അവന്റെ മൂന്ന് പുത്രന്മാരും, ആയുധ വാഹകനും തന്റെ ആളുകളൊക്കെയും മരിച്ചു. ശമു:31:6. ഇരുട്ടിൽ നിന്ന് പ്രകാശത്തിലേക്ക് വന്ന ദാവീദ്, ശൗലിന്റെയും, യോനാഥാന്റെയും മരണ വാർത്ത അറിഞ്ഞ് ഇതാ വിലപിക്കുകയാണ് അവർ കഴുകനിലും വേഗവാന്മാർ, സിംഹത്തിലും വീര്യവാന്മാർ, യോനാഥനേ എന്റെ സഹോദരാ നിന്നെ ചൊല്ലി ഞാൻ ദു:ഖിക്കുന്നു.

## 12. തുളയ്ക്കപ്പെട്ട ദാസൻ

ഒരു എബ്രായ ദാസനെ വിലക്ക് വാങ്ങിയാൽ ആറ് സംവത്സരം സേവിച്ചിട്ട് ഏഴാം സംവത്സരം അവനെ സ്വതന്ത്രനായി വിടേണം.......................എന്നാൽ താൻ സ്വതന്ത്രനായി പോകുകയില്ല എന്ന് തീർത്ത് പറഞ്ഞാൽ യജമാനൻ അവനെ ദൈവ സന്നിധിയിൽ കൂട്ടിക്കൊണ്ട് ചെന്ന് കതകിന്റെയോ, കട്ടിളക്കാലിന്റെയോ അടുക്കൽ നിർത്തിയിട്ട് സൂചി കൊണ്ട് അവന്റെ കാത് കുത്തി തുളയ്ക്കണം. പിന്നെ അവൻ എന്നേക്കും അവന് ദാസനായിരിക്കേണം. പുറ:21:1 –6.

ദൈവം മനുഷ്യനെ സൃഷ്ടിച്ച് അവരിൽ ചിലരെ തന്റെ ദാസന്മാരായി തെരഞ്ഞെടുക്കുമ്പോൾ സ്വതന്ത്രമായി നിൽക്കുവാനും ചിന്തിക്കുവാനും പ്രവർത്തിക്കുവാനും അനുവാദം നൽകുന്നു. തന്റെ ഹിതം ബലമായി അവരെകൊണ്ട് അനുഷ്ഠിപ്പിക്കുവാൻ ശ്രമിക്കുന്നില്ല. ഞാൻ യജമാനനെ വിട്ട് പോകുകയില്ലെന്ന് പറഞ്ഞ് തന്റെ തന്റെ സർവ്വ ഇഷ്ടവും യജമാനന്റെ ഇഷ്ടത്തിന് കീഴ്പ്പെടുത്തുകയാണ്. കാത് തുളയ്ക്കപ്പെട്ട, ചൂട് അടയാളം വഹിക്കുന്ന ദാസനായി അവൻ മാറുന്നു. അപ്പോൾ തന്നെ ഒരു നിശ്ചിതകാലം അല്ലെങ്കിൽ ആറ് വർഷം തന്റെ ഹിതം അനുഷ്ഠിച്ചതിന് ശേഷം പ്രതിഫലമായി അവനെ അനുഗ്രഹിച്ച് സ്വന്തം ഇഷ്ടമനുസരിച്ച് സ്വതന്ത്രമായി നടക്കുവാൻ അവനെ അനുവദിക്കുന്നു.

ഇവിടെ രണ്ട് വിധത്തിലുള്ള ദാസന്മാരെ കാണുന്നു. യജമാനൻ പറയുന്നത് അനുസരിച്ച് മാത്രം പ്രവർത്തിക്കുകയും സംസാരിക്കുകയും ചെയ്യുന്ന ദാസന്മാരും, സ്വതന്ത്രമായി സ്വന്തം ബുദ്ധിയിൽ നിന്ന് സംസാരിക്കുകയും ചെയ്യുന്ന, അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ദാസന്മാരും ഉണ്ട്.

അരുളി ചെയ്യേണമേ അടിയൻ കേൾക്കുന്നു ശമു:3:10. എന്ന് പറഞ്ഞ് യജമാനന്റെ നേരെ ചെവി ചേർത്ത് നിൽക്കുന്ന ഒരു ദാസനെ ഇവിടെ കാണുന്നു. എന്റെ ദാസനായ ഇയ്യോബിനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും ദൈവ ഭക്തനും ദോഷം വിട്ടകലുന്നവനുമായ ഒരുവൻ ഭൂമിയിൽ ഇല്ല. യോബ്:1:8. എന്ന് യഹോവയാൽ തന്നെ സാക്ഷ്യം പ്രാപിച്ച ഒരു ദാസനെ ഇവിടെ കാണുന്നു. ഒരു താലന്ത് ലഭിച്ച ദാസൻ തന്റെ യജമാനൻ ഏതാനും നാൾ കഴിഞ്ഞ് തിരിച്ച് വന്നപ്പോൾ അത് ഒട്ടും വർദ്ധിപ്പിക്കാതെ അതുപോലെ തന്നെ ഒരു താലന്ത് തിരികെ നൽകിയപ്പോൾ ദുഷ്ടനും മടിയനും ആയ ദാസനെ എന്ന് സാക്ഷ്യം പ്രാപിച്ചു.

യജമാനൻ തന്റെ വീട്ടുകാർക്ക് തൽസമയം ഭക്ഷണം കൊടുക്കേണ്ടതിന്, അവരുടെ മേൽ ആക്കിവച്ച വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ ആർ മത്താ:24:45. എന്ന് കർത്താവ് ചോദിക്കുന്നു. തന്റെ മേൽ ഭരമേൽപ്പിക്കപ്പെട്ട ജനത്തെ ഭരിക്കുന്നതല്ല, അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സ്വർഗ്ഗീയ ഭണ്ഡാരത്തിൽ നിന്ന് അവർക്ക് വേണ്ടത് പ്രാപിക്കുവാൻ കഴിയുന്ന രീതിയിൽ അവരെ ഒരുക്കുകയും അതിന് വേണ്ടി തന്നാൽ കഴിയുന്നത് പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു ദാസനെയാണ് യഹോവ ആഗ്രഹിക്കുന്നത്.

ബുദ്ധിയില്ലാത്ത മൗഢ്യതർക്കം ശണ്ഠ ജനിപ്പിക്കുന്നത് കൊണ്ട് കർത്താവിന്റെ ദാസൻ ശണ്ഠ ഇടാത്തവനും എല്ലാവരോടും ശാന്തനും, ദോഷം സഹിക്കുന്നവനും ആകണം. തിമോ:2:24. അവ്വണ്ണം നിങ്ങളോട് കൽപിച്ചതൊക്കെയും ചെയ്ത ശേഷം: ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാർ ചെയ്യേണ്ടതേ ചെയ്തിട്ടുള്ളൂ, എന്ന് നിങ്ങളും പറവിൻ ലൂക്കോ:17:10. ഈ രീതിയിൽ ആയിരിക്കുന്നതാണ് ഒരു ദാസന്റെ ഏറ്റവും വലിയ സവിശേഷത.

ഒരു ദാസന് വേണ്ട എല്ലാ യോഗ്യതയും പൂർണ്ണരൂപത്തിൽ വെളിപ്പെടുത്തിയത് പിതാവായ ദൈവത്തിന്റെ പരിശുദ്ധ ദാസനായ കർത്താവായ യേശുക്രിസ്തുവാണ്.

1. അവൻ ദൈവരൂപത്തിൽ ഇരിക്കവേ ദാസരൂപം എടുത്തു.
2. മനുഷ്യ സാദൃശ്യത്തിലായി നിന്നു.
3. ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി.
4. തന്നെത്താൻ താഴ്ത്തി മരണത്തോളം.
5. ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായിത്തീർന്നു.

ഇത്രമാത്രം ഉത്തമ ദൃഷ്ടാന്തമുള്ള മറ്റൊരു ദാസൻ വചനത്തിലില്ല. എബ്രായ ദാസന് അസ്ഥിയില്ലാത്ത മാംസഭാഗമായ കാതി

ലാണ് തുള ലഭിച്ചതെങ്കിൽ, പരിശുദ്ധദാസനായ യേശുക്രിസ്തു പച്ച മര കുരിശിനോട് ചേർന്ന് നിന്ന് അഞ്ച് തുള അവന്റെ രണ്ട് കയ്യിലും രണ്ട് കാലിലും അവന്റെ വിലാപ്പുറത്തും സ്വീകരിച്ചു. പിതാവേ, നിനക്ക് മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്ന് നീക്കേണമേ എന്ന് പ്രാർത്ഥിച്ചിട്ട്, എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെയാകട്ടെയെന്ന് പ്രാർത്ഥിച്ച് പിതാവായ യജമാനന്റെ ഇഷ്ടത്തിന് മുമ്പിൽ തന്റെ ഇഷ്ടത്തെ ഉപേക്ഷിച്ചു.

സർവ്വ സൗന്ദര്യത്തിനും നിദാനമായവൻ, സർവ്വ സൗന്ദര്യത്തിന്റെയും ഉറവിടമായവൻ, പതിനായിരം പേരിൽ അതി സുന്ദരൻ, വെൺമയും ചുവപ്പുമുള്ളവൻ, നിലയങ്കി ധരിച്ച്, മാറത്ത് പൊൻകച്ച കെട്ടി ഹിമത്തോളം വെളുത്ത പഞ്ഞിപോലെ തലയും, തലമുടിയും ഉള്ളവൻ, അഗ്നിജ്വാലയ്ക്കൊത്ത കണ്ണും, ഉലയിൽ ചുട്ട് പഴുപ്പിച്ച വെള്ളോട്ടിന് സദൃശ്യമായ കാലുള്ള, വലംകയ്യിൽ ഏഴ് നക്ഷത്രവും, സൂര്യന്റെ ശക്തിയോടെ പ്രകാശിക്കുന്ന മുഖവുംഉള്ളവൻ,രൂപ ഗുണമില്ലാതെ, കോമളത്വം ഇല്ലാതെ, ആഗ്രഹിക്കത്തക്ക സൗന്ദര്യം ഇല്ലാതെ, നിന്ദിക്കപ്പെട്ട്, ത്യജിക്കപ്പെട്ട്, വ്യസന പാത്രമായി, രോഗം ഇല്ലാതിരിക്കേ രോഗം ശീലിച്ച്, വേദനകളെ ചുമന്ന് മുറിവേറ്റ് ദണ്ഡനമേറ്റ്, നിൽക്കുന്ന ദാസനെപ്പോലെയായി. താൻ മുഖാന്തരം ജനിക്കുവാൻ പോകുന്ന സകല ദാസൻമാർക്കും മാതൃകയായിത്തീർന്നു.

അവൻ സ്വന്തത്തിലേക്ക് വന്നു, സ്വന്തമായവരോ അവനെ കൈ കൊണ്ടില്ല, അവൻ വീണ്ടും വരുവാൻ പോകുന്ന സമയത്ത്, തന്നെ സ്വീകരിക്കാതിരുന്ന, തള്ളിക്കളഞ്ഞ, പീഢിപ്പിച്ച് ക്രൂശിലേറ്റിയ തന്റെ സ്വന്തം ജനമായ യഹൂദജനം നിന്റെ കൈയ്യിൽ കാണുന്ന ഈ മുറിവുകൾ എന്ത് എന്ന് ചോദിക്കുമ്പോൾ, എന്റെ സ്വന്തമായവരുടെ വീട്ടിൽ വച്ച് അടി കൊണ്ടത് എന്ന് അവൻ പറയും സെഖ:13:6.

ആ മുറിവുകൾ അവന് സ്വീകരിക്കാതിരിക്കുവാൻ കഴിയുമായിരുന്നു, ഭൂമിയിലെ മുഴുവൻ സൈന്യവും യുദ്ധസജ്ജരായി

വന്നാലും അവനെ അവർ പിടിക്കുകയില്ലായിരുന്നു. എന്റെ പിതാവിനോട് ഇപ്പോൾ തന്നെ 12 ലെഗ്യോനിൽ അധികം ദൂതന്മാരെ എന്റെ അരികെ നിർത്തേണ്ടതിന് എനിക്ക് അപേക്ഷിച്ച് കൂടാ എന്ന് തോന്നുന്നുവോ. എന്നാൽ ഇങ്ങനെ സംഭവിക്കേണ്ടതാകുന്നു. മത്താ:26:53. ഭുജബലം ഉണ്ടായിരുന്നപ്പോൾ തന്നെ ദോഷം സഹിക്കുന്ന ഒരു ഉത്തമ ദാസനായി അവൻ വിളങ്ങി.

ദോഷം സഹിക്കണമെങ്കിൽ അകത്ത് നിറവ് വേണം സ്നേഹം വേണം. ഫലം നിറഞ്ഞ് നിൽക്കുന്ന വൃക്ഷ ശിഖരം ചാഞ്ഞ് താഴ്ന്ന് നിൽക്കുന്നത് പോലെ താഴ്മ ധരിക്കണമെങ്കിൽ ഉള്ളിൽ ഫലം വേണം. ഇതൊന്നും ഇല്ലാത്ത, ഉള്ളം ശൂന്യമായ അനുഭവമാണെങ്കിൽ, അത് അഹങ്കാരമായി, വെറുപ്പായി, പകയായി,അപവാദം പറച്ചിലായി,ദൂഷണമായി, പ്രവൃത്തിയിൽ തെളിഞ്ഞ് വരും.

ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. തന്നെത്താൻ രക്ഷിപ്പാൻ വഹിയ എന്ന് പറഞ്ഞ് അവനെ ദുഷിച്ച്, ക്രൂശിൽ നിന്ന് ഇറങ്ങി വാ എന്ന് പറഞ്ഞ് അധിക്ഷേപിച്ചപ്പോൾ അവൻ മൗനം പാലിച്ചു. അവർ പറഞ്ഞതിനപ്പുറം അവന് പ്രവർത്തിക്കുവാൻ കഴിയുമായിരുന്നു. പക്ഷെ ഒരു ദാസനെപ്പോലെ അപമാനം സഹിച്ചു.

അനേകം കാളകൾ അവനെ വളഞ്ഞു. ബാശാൻ കൂറ്റന്മാർ അവനെ ചുറ്റി, അലറുന്ന സിംഹമായി അവർ വായെ പിളർന്നു, അസ്ഥികളുടെ ബന്ധം എല്ലാം വിട്ടു, ഹൃദയം മെഴുക് പോലെയായി, നായ്ക്കൾ അവനെ വളഞ്ഞപ്പോഴും, കൈകളേയും കാലുകളേയും അവർ തുളച്ചപ്പോഴും, സങ്കീ:22:12-16. അവൻ നിലവിളിക്കാതെ, ഒച്ചയുണ്ടാക്കാതെ, തെരു വീഥിയിൽ തന്റെ ശബ്ദം കേൾപ്പിക്കാതെ, പിതാവിന്റെ ഉള്ളം പ്രസാദിപ്പിച്ച ഉത്തമ ദാസനായി അവൻ മാറി. യശ:42:2.

രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന

ആടിനെപ്പോലെയും അവൻ വായ് തുറക്കാതെയിരുന്നു, യശ:53:7. അടിക്കുന്നവർക്ക് മുതുകും, രോമം പറിക്കുന്നവർക്ക് കവിളും കാണിച്ച് കൊടുത്തു. മുഖം നിന്ദക്കും തുപ്പലിനും വിട്ടുകൊടുത്തു. യശ: 50:6. ഹൃദയം തകർന്നവരുടെ മുറിവ് കെട്ടുവാൻ, യഹോവ യുടെ പ്രസാദവർഷം പ്രസിദ്ധമാക്കുവാൻ, ദു:ഖിതൻമാരെ ആശ്വസി പ്പിക്കുവാൻ, വെണ്ണീറിന് പകരം അലങ്കാരമാല നൽകാൻ, ദു:ഖത്തിന് പകരം ആനന്ദതൈലം നൽകുവാൻ, വിഷണ്ണമനസ്സിന് പകരം സ്തുതി യെന്ന മേലാട നൽകുവാൻ, അവൻ വന്നു. യശ:61:3. അതുകൊണ്ട് ദൈവം അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നൽകി ആദരിച്ചു. ഫിലി: 2:9.

## 13. ശുശ്രൂഷയിലെ അധികാരങ്ങൾ

വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു. എബ്രാ:11:1. വിശ്വാസം എന്ന വരത്തിന്റെ ആഴത്തിലൂടെയുള്ള ഉപയോഗത്തിലൂടെയാണ് ശുശ്രൂഷ യിലെ അധികാരം വെളിപ്പെടുന്നത്. വിശ്വാസം എന്ന വരത്തിന്റെ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ ഒന്നാണ് ശുശ്രൂഷയിലെ അധികാരം. ഒരുവൻ എന്നിൽ വിശ്വസിക്കുകയും എന്റെ വചനം അവനിൽ വസി ക്കുകയും ചെയ്താൽ അവൻ ചോദിക്കുന്നതൊക്കെയും ലഭിക്കും എന്ന് വചനം പറയുന്നു.

**ശുശ്രൂഷയിലെ വിവിധ അധികാരങ്ങൾ**

### I. പ്രകൃതിയിന്മേൽ ഉള്ള അധികാരം

a) മോശയോട് യഹോവ പറയുന്നു വടി എടുത്ത് നിന്റെ കൈ കടലിന്മേൽ നീട്ടി അതിനെ വിഭാഗിക്കഃ:14:16 ദൈവത്തിന്റെ ശബ്ദം വ്യക്തമായി വ്യക്തിപരമായി പ്രാപിക്കാതെ ശുശ്രൂഷയിലെ അധികാരം

ഉപയോഗിക്കുവാൻ കഴിയില്ല. മോശയുടെ മുമ്പിൽ രണ്ട് യാഥാർത്ഥ്യങ്ങൾ ഏറ്റ് മുട്ടുന്നു. കടലിനെ വിഭാഗിക്ക എന്ന ദൈവ ശബ്ദവും ഇതുവരെ പിളർന്നിട്ടില്ലാത്ത ചെങ്കടൽ എന്ന യാഥാർത്ഥ്യവും. അവന്റെ വിശ്വാസം ഉയരങ്ങളിലേക്ക് ഉയർന്ന് ദൈവവുമായി ഇണങ്ങിചേർന്നു. ഒരു പുതിയ സാഹചര്യം രൂപം കൊണ്ടു. ഒന്നായിരുന്ന ചെങ്കടലിന്റെ കുറുകെ ഒരു പിളർപ്പ്. ശുശ്രൂഷയിൽ ദൈവം പകർന്ന അധികാരം വെളിപ്പെട്ടു.

b) യോശുവ യഹോവയോട് സംസാരിച്ചതിന് ശേഷം സൂര്യാ നീ ഗിബെയോനിലും, ചന്ദ്രാ നീ അയ്യാലോൻ താഴ്‌വരയിലും നില്ക്ക എന്ന് പറഞ്ഞു. യോശു:10:12. ഒരുവൻ സ്നേഹിതനോട് സംസാരിക്കുന്നത് പോലെ മോശ യഹോവയോട് അഭിമുഖമായി സംസാരിച്ച നാളുകളിൽ നൂന്റെ പുത്രനായ യോശുവ മോശയുടെ കൂടാരത്തെ വിട്ട് പിരിയാതെ ഇരുന്നു. അവനും യഹോവയെ അഭിമുഖമായി അറിഞ്ഞിരുന്നു. മോശ മുഖാന്തരം വെളിപ്പെട്ട എല്ലാ അത്ഭുതങ്ങൾക്കും അവനും സാക്ഷിയായിരുന്നു. മോശക്ക് അത്ഭുതങ്ങൾ കാണിച്ച ദൈവം തന്റെയും ദൈവം എന്ന് അവൻ വിശ്വസിച്ചു. അത് മാത്രമല്ല ഏത് പ്രതിസന്ധിഘട്ടങ്ങളിലും ഉറപ്പും ധൈര്യവും ഉള്ളവൻ ആയിരിക്ക എന്ന ആലോചനയും അവൻ പ്രാപിച്ചിരുന്നു. അവനിലൂടെയും യഹോവ അത്ഭുതങ്ങൾ കാണിച്ച് തുടങ്ങിയിരുന്നു. ജനത്തിന്റെ മുന്നോട്ടുള്ള ഗമനത്തിനെതിരെ തീരം കവിഞ്ഞൊഴുകുന്ന യോർദ്ദാൻ പ്രതികൂലമായി എഴുന്നേറ്റ് നിന്ന സമയത്ത് പെട്ടകം ചുമക്കുന്ന പുരോഹിതർ തങ്ങളുടെ കാൽ പ്രതികൂലമായി നിന്ന വെള്ളത്തിൽ ചവിട്ടിയപ്പോൾ യോർദ്ദാന്റെ ആരവം നിന്നു. ജനം അക്കരെ കടന്നു. യോശു:3:15.

രണ്ടാമതായി യെരിഹോവിലെ നന്മക്ക് തടസ്സമായി നിന്ന പട്ടണമതിൽ, ജനത്തിന്റെ അത്യുച്ചത്തിലുള്ള ആരാധനാ ശബ്ദത്തിന്റെ മുമ്പിൽ വീണത്. അങ്ങനെ അത്ഭുതങ്ങളെ ചവുട്ടിയാണ് അവൻ നടന്നത്. സൂര്യനും ചന്ദ്രനും അവൻ കൽപിച്ചത് അനുസരിച്ച് നിന്നത്

യോശുവയുടെ മുമ്പിൽ ഒരു അത്ഭുതമേ അല്ല. ജനത്തിനും ജാതികൾക്കും അത് അത്ഭുതമായിരിക്കാം. യോശുവയിൽ ശുശ്രൂഷയിലെ അധികാരങ്ങൾ വളരുകയായിരുന്നു.

c) യേശു തന്റെ ശിഷ്യരുമായി തടാകത്തിലൂടെ സഞ്ചരിക്കുമ്പോൾ ഒരു ചുഴലിക്കാറ്റ് ഉണ്ടായി. പടകിൽ വെള്ളം നിറഞ്ഞ് മുങ്ങാറായപ്പോൾ ശിഷ്യർ ഉറങ്ങുകയായിരുന്ന കർത്താവിനെ വിളിച്ചുണർത്തി, കർത്താവ് കാറ്റിനേയും, വെള്ളത്തിന്റെ കോപത്തേയും ശാസിച്ചു. അവ അമർന്നു. ശാന്തത ഉണ്ടായി. ശുശ്രൂഷയിലെ അധികാരം യേശു കർത്താവ് ഉപയോഗിക്കുകയായിരുന്നു. ഇത് കാണിക്കുന്നത് ദോഷകരമായ സകല കാര്യത്തിനും പുറകിൽ ഒരു ശത്രു ഉണ്ട് എന്നാണ്. അവനെ ശാസിച്ചാൽ, അമർത്തിയാൽ, സർവ്വതും ശാന്തമാകും. കൈപ്പത്തിയെ അല്ല നാം നേരിടേണ്ടത് ദോഷത്തിനായി ചലിപ്പിക്കുന്ന ഉറവിടത്തെയാണ് നാം നേരിടേണ്ടത്.

## II. പൈശാചിക ശക്തികളിൻമേലുള്ള അധികാരം.

പാമ്പുകളുടേയും തേളുകളുടേയും ശത്രുവിന്റെ സകല ബലത്തേയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു. ഒന്നും നിങ്ങൾക്ക് ദോഷം വരുത്തുകയില്ല ലൂക്കോ:10:19. അധികാരം പ്രാപിച്ചവനാണ് അധികാരം പകർന്നിരിക്കുന്നത്. ശത്രുവിന്റെ ശിരസിൽ ചവിട്ടി നിന്നാണ് അവൻ സംസാരിച്ചത്. ചിന്തയിലൂടെയും ബുദ്ധിയിലൂടെയും ലഭിച്ച അറിവുകൾ വച്ചല്ല ശത്രുവിനെ കുറിച്ച് അവൻ പഠിപ്പിച്ചത്. ശത്രുവിനോട് പോരാടി നിന്ന് കൊണ്ടാണ് പൈശാചിക പോരാട്ടങ്ങളെക്കുറിച്ച് തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചത്, അനുഭവത്തിൽ നിന്നാണ് അധികാരം പകർന്നത്. പുസ്തകത്തിലെ പശു പുല്ല് തിന്നുകയില്ല. ജീവനുള്ള പശു പുല്ല് തിന്നും. ശത്രുവിനെതിരെ പോരാടി നിന്നിട്ടുള്ളവരുടെ അനുഭവങ്ങളാണ് നമുക്ക് വേണ്ടത്. അവൻ തിയറി മാത്രമല്ല അവരെ പഠിപ്പിച്ചത് പ്രാക്ടിക്കലും അവർക്കുണ്ടായിരുന്നു. ഭൂതങ്ങൾ ബാധിച്ച ഒരു മനുഷ്യൻ ശവക്കല്ലറയിൽ നിന്ന് അവന്റെ

നേരെ വന്നപ്പോൾ അവൻ ചെയ്ത ശുശ്രൂഷകളിലൂടെ ഭൂതഗ്രസ്തൻ സൗഖ്യമായത് ശിഷ്യർ കണ്ടു. പൈശാചിക ശക്തികളിൻമേൽ തനിക്കുള്ള അധികാരം വിവിധ സാഹചര്യങ്ങളിൽ യേശു വെളിപ്പെടുത്തി.

എല്ലാ ശുശ്രൂഷകർക്കും പൈശാചിക ശക്തികളിൻമേൽ അധികാരം ഇല്ല. നിയോഗം ലഭിച്ചിട്ടുള്ള ശുശ്രൂഷകർക്കും എല്ലാ പൈശാചിക ശക്തികളിൻ മേലും അധികാരം ഇല്ല. ദൈവം അനുവാദം തന്നാൽ മാത്രം, അനുവദിക്കുന്ന സമയത്ത് മാത്രം, ഈ ശുശ്രൂഷ ചെയ്യുവാൻ പാടുള്ളൂ. ശുശ്രൂഷ ഉണ്ട് എന്ന് കരുതി ദൈവത്തോട് അനുവാദം ചോദിക്കാതെ, ദൈവിക ക്രമത്തിൽ അല്ലാതെ ശുശ്രൂഷകൾ ക്രമീകരിച്ചാൽ പൈശാചിക ശക്തി ഇളകിമാറിപോകുകയൊക്കെ ചെയ്യും. പക്ഷെ അതിന് കാരണമായ ശുശ്രൂഷകൻ വില നൽകേണ്ടി വരും. അത് അവനും അവന്റെ കുടുംബത്തിനും തന്റെ ശുശ്രൂഷക്കും ദോഷമായിത്തീരും. ശുശ്രൂഷകർ ഇത് ഒരു ഭയദൂതായി ഏറ്റെടുക്കട്ടേ.

## III. മനുഷ്യരുടെ മേലുള്ള അധികാരം.

ദൈവിക അധികാരം പ്രാപിച്ചവരും മാനുഷിക അധികാരം പ്രാപിച്ചവരും ഉണ്ട്. എല്ലാ അധികാരവും ഉയരങ്ങളിൽ നിന്നാണ് വരുന്നത്. ആദിയിൽ ദൈവം അനുസരണക്കേട് കാണിച്ച മനുഷ്യനോട് പറഞ്ഞത് നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു എന്നാണ്. ഭൂമി ശപിക്കപ്പെടുകയും ദുഷ്ടന്റെ അധീനതയിൽ ആകുകയും ചെയ്തു. ആയതിനാൽ ജഢം ശത്രുവിന് അവകാശപ്പെട്ടതാണ്. ശപിക്കപ്പെട്ട ഭൂമിയുടെ ശാപം ജഢത്തിൽ ആവസിക്കുന്നുണ്ട്. എന്നാൽ ആത്മാവ് ദൈവം നൽകിയതാണ്. ആയതിനാൽ ദൈവത്തിന് മനുഷ്യന്റെ ആത്മാവിൻമേൽ അവകാശമുണ്ട്. കർത്താവായ യേശു ക്രിസ്തു മുഖാന്തരം ആത്മാവ് വീണ്ടെടുക്കപ്പെട്ടു. ആയതിനാൽ സമ്മിശ്ര അധികാത്തിൻകീഴിൽഉള്ളവനാണ് മനുഷ്യൻ.

ഏത് മനുഷ്യനും അവന്റെ മേൽ അധികാരം ഉള്ളവനാണ്, വിവേചനാധികാരം അവനുണ്ട്. ഏത് തെരഞ്ഞെടുക്കണം,ഏത് തെരഞ്ഞെടുക്കരുത് എന്ന അധികാരം അവന് സ്വയമായുണ്ട്. അപ്പോൾ തന്നെ ദൈവത്തിനും ശത്രുവിനും അവന്റെ മേൽ അധികാരമുണ്ട്. ദൈവം അനുവദിച്ചിട്ട് മനുഷ്യന് മനുഷ്യന്റെ മേൽ അധികാരം ഉണ്ട്. ഏത് മനുഷ്യനും ശ്രേഷ്ഠ അധികാരത്തിന് കീഴടങ്ങട്ടേയെന്ന് വചനം പറയുന്നു. അങ്ങനെ ഒരു മനുഷ്യനെ ഇവിടെ കാണുന്നു. ഞാനും അധികാരത്തിന് കീഴ്പ്പെട്ട മനുഷ്യൻ, എന്റെ കീഴിൽ പടയാളികൾ ഉണ്ട്. ഒരുവനോട് പോകാൻ പറഞ്ഞാൽ അവൻ പോകുന്നു, മറ്റൊരുവനോട് വരിക എന്ന് പറഞ്ഞാൽ അവൻ വരുന്നു. എന്റെ ദാസനോട് ഇത് ചെയ്ക എന്ന് പറഞ്ഞാൽ അത് ചെയ്യുന്നു Luk:7:8.

ഏത് ഒരു ശുശ്രൂഷകനും മനുഷ്യരുടെ ഇടയിൽ ദൈവിക ശുശ്രൂഷ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടുന്ന ഒരു പ്രധാന മർമ്മം ഉണ്ട്. ഒരു മനുഷ്യൻ, ഒരു കുടുംബം, അല്ലെങ്കിൽ ഒരു സഭ ശുശ്രൂഷയുടെ സമയത്ത് എങ്കിലും ശുശ്രൂഷകന് കീഴടങ്ങിയിരുന്നാലേ ശുശ്രൂഷ വെളിപ്പെടുകയുള്ളൂ. പൈശാചിക ശക്തിയുടെ മേൽ ദൈവം അനുവദിച്ചാൽ ശുശ്രൂഷക്ക് നിയോഗം ഉണ്ട്. എന്നാൽ മനുഷ്യാത്മാവിന്റെ മേൽ അവനുംകൂടി അനുവദിക്കുകയോ ശുശ്രൂഷക്ക് കീഴ്പെടുകയോ ചെയ്താലേ വിടുതൽ വെളിപ്പെടുകയുള്ളൂ.

മനുഷ്യൻ പുറമേ കീഴടങ്ങണമെന്നില്ല, അകമേ കീഴടങ്ങിയാൽ മതി. അകമേ കീഴ്പെടാത്ത ഒരുവന് വേണ്ടി, ഒരു കുടുംബത്തിന് വേണ്ടി സഭക്ക് വേണ്ടി ശുശ്രൂഷകൾ ക്രമീകരിച്ചാൽ രണ്ട് കൂട്ടർക്കും അത് ദോഷമായി മാറുന്നു. വിവേചനാനുഭവം ശുശ്രൂഷകന് ഉണ്ടാകേണ്ടത് അത്യാവശ്യം. അധികാരത്തിന്റെ ശുശ്രൂഷ എല്ലാ മണ്ഡലത്തിലും ഉപയോഗിച്ചാൽ, ഉപയോഗിക്കുവാൻ ശക്തമായ നിയോഗമുള്ള സ്ഥലത്തും സമയത്തും അത് ഉപയോഗിക്കുവാൻ കഴിയാതെ വരുന്നു. മൂർച്ചയുള്ള ആയുധം സൂക്ഷിച്ച് ഉപയോഗിക്കണം.

അല്ലെങ്കിൽ കല്ല് പോലുള്ള മണ്ഡലത്തിൽ തട്ടി കേട് സംഭവിക്കുന്നു.

ശുശ്രൂഷയുടെ ആരംഭത്തിൽ ഇത്തരം ധാരാളം കേടുകൾ ഉണ്ടാകാം. ശുശ്രൂഷയുടെ ആരംഭനാളുകളിൽ വീഴുകയും എഴുന്നേൽക്കുകയും ചെയ്യുന്നത് സംഭവ്യമാണ്. ഓരോ വീഴ്ചയിൽ നിന്നും ധാരാളം പഠിക്കുവാനുണ്ട്. വിജയത്തിൽ നിന്ന് പഠിക്കുവാൻ കഴിയുന്നതിൽ കൂടുതൽ കാര്യങ്ങൾ പഠിക്കുവാൻ കഴിയുന്നത്പരാജയങ്ങളിൽ നിന്നാണ്. ശുശ്രൂഷയിലെ അധികാരം ശുശ്രൂഷകളിലൂടെ ജ്വലിച്ച് വരേണ്ട ഒരു വരമാണ്.

നിരവധി പരാജയങ്ങളിലൂടെയും,വിജയങ്ങളിലൂടെയും പഠിച്ച് വന്ന ഒരുവനെ താഴെ കാണുന്നു. ശുശ്രൂഷയിലെ അധികാരം പ്രയോഗിച്ചവൻ. ഞാൻ സേവിച്ച് നിൽക്കുന്ന ഇസ്രയേലിന്റെ ദൈവമായ യഹോവയാണെ ഞാൻ പറഞ്ഞല്ലാതെ ഈ ആണ്ടിൽ മഞ്ഞും മഴയും ഉണ്ടാകുകയില്ല എന്ന് ഏലിയാവ് ആഹാബ് രാജാവിനോട് പറയുന്നു. ദൈവം പറഞ്ഞിട്ട് അതി ശക്തമായ ഒരു ശുശ്രൂഷയാണ് വെളിപ്പെടുത്തിയത്. ആരംഭത്തിൽ ചെയ്തതിനേക്കാൾ അതി ശക്തമായ ശുശ്രൂഷകൾ ഏലിയാവിന് ചെയ്യേണ്ടതുണ്ട്. എന്നാൽ ആരംഭനാളിലെ ശുശ്രൂഷയിലെ അവന്റെ അധികാരം കണ്ടിട്ട്, മൂർച്ച കണ്ടിട്ട് ശത്രു അവനെ ഒടുക്കി കളയുവാൻ തീരുമാനിച്ചു. ശുശ്രൂഷ വെളിപ്പെടുത്തിയ ദൈവം തന്നെ ഒളിച്ചിരിക്കുവാൻ അവനോട് പറഞ്ഞു. കെരീത്ത് തോട് അവന് ഒരുക്കി കൊടുത്തു. ദൈവം മുകളിൽ നിന്ന് കാക്ക മുഖാന്തരം അപ്പവും ഇറച്ചിയും താഴെ നിന്ന് തോട്ടിലെ വെള്ളവും അവന് നൽകി.

ഇത് രണ്ടും നിലച്ചപ്പോൾ അവൻ ചിന്തിച്ചു. ആഹാബിന്റെ മുമ്പിൽ വെളിപ്പെടേണ്ട സമയമായി എന്ന്. പക്ഷെ ദൈവം അവനെ സാരെഫാത്തിന് അയച്ചു. സാരെഫാത്തിൽ അവൻ മറഞ്ഞിരിക്കുകയായിരുന്നുവെങ്കിലും തന്നെത്താൻ വെളിപ്പെടുന്ന സമയത്ത് ചെയ്തെ

ടുക്കേണ്ട അധികാരത്തിന്റെ ശുശ്രൂഷയുടെ പരിശീലനം രഹസ്യമായി നടക്കുകയായിരുന്നു. ഭരണിയിലെ എണ്ണയും, കലത്തിലെ മാവും തീർന്ന് പോകാതെ ഇരുന്നത്, വിധവയുടെ മകൻ ജീവൻതിരികെ പ്രാപിച്ചത് അടക്കം നിരവധി ശുശ്രൂഷാ പരിശീലനം അവിടെ നടന്നു.ഏറെ നാൾ കഴിഞ്ഞിട്ട് മഴ പെയ്യേണ്ട സമയമായപ്പോൾ യഹോവ തന്നെ ദൈവമെന്ന് ജനം പറയേണ്ടതിന് ദൈവം ഏലിയാവിന്റെ മേൽ നിയോഗം പകർന്ന് ശുശ്രൂഷയിലെ അധികാരം വെളിപ്പെടുത്തി.

സകല ശുശ്രൂഷകൾക്കും നിദാനമായവൻ, സകല ശുശ്രൂഷകളുടേയും ഉറവിടമായവൻ, സകല ശുശ്രൂഷകളുടെ മേലും അധികാരം പ്രാപിച്ചവൻ, ശുശ്രൂഷയിലെ അധികാരം വെളിപ്പെടുത്തിയവൻ വിളിച്ച് പറയുന്നു ഞാൻ മരിച്ചവനായിരുന്നു എന്നാൽ ഇതാ എന്നേക്കും ജീവിച്ചിരിക്കുന്നു, മരണത്തിന്റേയും പാതാളത്തിന്റേയും താക്കോൽ എന്റെ കൈവശം ഉണ്ട്. വെളി:1:18. ശുശ്രൂഷയിലെ അധികാരം തന്റെ ജനത്തിന്റെ മേൽ ദൈവം വെളിപ്പെടുത്തട്ടേ.

## 14. ആത്മലോക ദർശനം – ഒരു ശുശ്രൂഷാ അനുഭവം.

ശുശ്രൂഷാ മണ്ഡലത്തിൽ ഇതുവരെയും വിവേചിച്ച് മനസ്സിലാക്കുവാൻ കഴിയാത്ത ആത്മാവിന്റെ നിരവധി കൃപാവരങ്ങൾ ഉണ്ട്. പ്രവചനത്തിന്റേയും, വെളിപാടുകളുടേയും, ആലോചനാത്മാവിന്റെയും സംയുക്ത ഉപയോഗത്തിലൂടെ രൂപപ്പെടുന്ന ചില പുതിയ ശുശ്രൂഷാ തലങ്ങൾ ഉണ്ട്. ഇത് ഒരു പുതിയ കൃപാവരം എന്ന രീതിയിൽ അല്ല, മറിച്ച് വിവിധ കൃപാവരങ്ങളുടെ സംയുക്ത ഉപയോഗത്തിലൂടെ ആത്മലോക മണ്ഡലത്തെ ദർശിക്കുന്ന ഒരു ശുശ്രൂഷാനുഭവമാണ്. ജഡിക കണ്ണുകൾ കൊണ്ട് കാണുവാൻ കഴിയാത്ത, ആത്മാവിനാൽ മാത്രം ദർശിക്കുവാൻ കഴിയുന്ന, ഉന്നതമായ ആത്മീയ നില

വാരത്തിൽ സഞ്ചരിക്കുന്നവർക്ക് മാത്രം അനുഭവ വേദ്യമാകുന്ന ഒരു ആത്മീയ ദൃഷ്ടി. താൻ ആയിരിക്കുന്ന ഭൗതിക മണ്ഡലത്തിന് ചുറ്റുമുള്ള ആത്മലോക മണ്ഡലത്തെ വിവേചിച്ച് മനസ്സിലാക്കുവാൻ കഴിയുന്ന ആത്മലോക ദർശനം.

വചനത്തിലെ ഉദാഹരണം കാണുക, ഏലീശയും ബാല്യക്കാരനും ദോഥാൻ പട്ടണത്തിൽ ആയിരിക്കുമ്പോൾ അരാം സൈന്യം അവരെ വളഞ്ഞു. ബാല്യക്കാരൻ തന്റെ ജഢിക കണ്ണ് കൊണ്ട് അരാം സൈന്യത്തെ കണ്ട് ഭയപ്പെട്ടു. ഏലീശ തന്റെ ജഢിക കണ്ണ് ഉപയോഗിച്ച് അരാം സൈന്യത്തേയും, ആത്മലോക ദർശനം ഉപയോഗിച്ച് തനിക്ക് ചുറ്റും സംരക്ഷണത്തിനായി നിരന്ന് നിൽക്കുന്ന ദൈവത്തിന്റെ സൈന്യത്തേയും കണ്ടു. King:6:1417. പേടിക്കേണ്ട നമ്മളോട് കൂടെയുള്ളർ അവരോട് കൂടെ ഉള്ളവരേക്കാൾ അധികമെന്ന് ഏലീശ പറഞ്ഞു യഹോവ ബാല്യക്കാരന്റെ ആത്മീയക്കണ്ണ് തുറന്നത് കൊണ്ട് അവനും ആത്മലോക ദർശനത്തിലൂടെ അദൃശ്യ സാന്നിദ്ധ്യം ദർശിച്ചു.

ഈ ശുശ്രൂഷാ അനുഭവം ഉള്ള ഒരു ദൈവിക ശുശ്രൂഷകന് താൻ ഏത് ഒരു ദേശത്ത് ചെല്ലുമ്പോഴും ആ ദേശത്തെ ആത്മ മണ്ഡലത്തെ വിവേചിക്കുവാൻ കഴിയും. ആ ദേശത്തിന്റെ ആത്മലോക മണ്ഡലത്തിൽ വ്യാപരിക്കുന്ന പൈശാചിക സ്വാധീനങ്ങളും, കൂട്ട്കെട്ടുകളും, പൈശാചിക പ്രവർത്തന രീതികളും, സാത്താന്യകുടിയിരിപ്പുകളും ആത്മലോക ദർശനത്തിൽ വെളിപ്പെടും. അത് മാത്രമല്ല, ആ പ്രദേശത്തിന്റെ ആത്മലോക മണ്ഡല ദൈവികസാന്നിദ്ധ്യം എപ്രകാരം എന്നും വെളിപ്പെടും.

പ്രവചനത്തിൽ മൂന്ന് സ്വഭാവത്തിലുള്ള ആലോചനകളാണ് വെളിപ്പെടുക.

1. പഴയ കാല സംഭവത്തെക്കുറിച്ചുള്ള ആലോചന.

2. വർത്തമാന കാലത്തെക്കുറിച്ചുള്ളത്.
3. ഭാവികാല പ്രവചനാലോചനകൾ.

ആത്മലോക ദർശനത്തിൽ വർത്തമാനകാല പ്രവചന ശുശ്രൂഷയാണ് ഉപയോഗിക്കപ്പെടുന്നത്.

ചിലരോ, തങ്ങൾക്കറിവില്ലാത്ത സകലതിനേയും ദുഷിക്കുന്നുയെന്ന് വചനത്തിൽ കാണുന്നു. അതനുസരിച്ച് ഞാൻ എഴുതുന്ന ശുശ്രൂഷാരീതികളെ വിമർശിക്കുവാൻ ധാരാളം പേർ രംഗത്ത് വരാം. അവർ അവർക്ക് ഇഷ്ടമുള്ളത് ചെയ്യട്ടേ. ഇത് വായിക്കുന്ന വ്യക്തി ഇത് ഉപയോഗപ്പെടുമെങ്കിൽ ശുശ്രൂഷാ വളർച്ചയ്ക്ക് വേണ്ടി നിങ്ങൾക്ക് ഇഷ്ടം ഉള്ളത് ചെയ്യുക. എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടേ. തന്റെ രാജ്യത്തിന് വേണ്ടി ദൈവം ഉപയോഗിക്കട്ടേ.

ദേശത്തെ സംബന്ധിച്ച കാര്യമാണ് ഇവിടെ പറഞ്ഞതെങ്കിലും, ഒരു സഭയുടെ ആത്മലോക മണ്ഡലത്തേയും, ഒരു കുടുംബത്തിന്റെ ആത്മലോക മണ്ഡലത്തേയും, ഒരു വ്യക്തിയുടെ ആത്മലോക മണ്ഡലത്തേയും ഈ ശുശ്രൂഷാനുഭവത്തിലൂടെ ദർശിക്കുവാൻ കഴിയും.

ആത്മലോക ദർശനം എന്ന ശുശ്രൂഷാനുഭവം ഭൗതിക മണ്ഡലത്തിന്മേൽ ഉള്ള ആത്മലോക മണ്ഡലത്തെ വിവേചിക്കുവാൻ ഉതകുന്നു. ഏത് ഒരു പ്രവൃത്തിയും പരസ്യമായി വെളിപ്പെടുന്നതിന് മുമ്പ് ഒരു രഹസ്യമായ തുടക്കം അതിനുണ്ട്. അത്:-

ദൈവ പ്രവൃത്തി ആണെങ്കിലും മാനുഷിക പ്രവൃത്തി ആണെങ്കിലും അതിന് രഹസ്യമായ ഒരു തുടക്കം ഉണ്ട്. ആത്മലോക മണ്ഡലത്തിലാണ് അത് വെളിപ്പെടുക. ആത്മലോകത്തിൽ വെളിപ്പെട്ടതിന് ശേഷമേ ഭൗതിക ലോകത്തിൽ അത് വെളിപ്പെടുകയുള്ളൂ. ഏത് ഒരു പ്രവൃത്തിയും ആത്മലോകത്തിൽ ആണ് ആദ്യം വെളിപ്പെടുന്നത്

എന്നത് കൊണ്ട്, ആത്മലോക ദർശനം ഉള്ള ഒരു വ്യക്തിക്ക് ആ സംഗതികൾ ആത്മാവിൽ ദർശിക്കുവാൻ കഴിയും. അത് ആത്മാവിൽ ദർശിച്ചാൽ പരസ്യമായി വെളിപ്പെടുന്നതിന് മുമ്പ് അതിനായി ഒരുങ്ങുവാൻ കഴിയും.

1. അത് ദൈവപ്രവൃത്തി ആണെങ്കിൽ അതിന്റെ പൂർത്തീകരണത്തിനായി മുന്നമേ പ്രാർത്ഥിക്കുവാൻ കഴിയുന്നു.
2. പൈശാചിക പ്രവൃത്തിയാണെങ്കിൽ, മുന്നമേ പ്രാർത്ഥിച്ചുപവസിച്ച് അത് തടയുവാനോ, അതിന്റെ തീവ്രത കുറയ്ക്കുവാനോ, അതിൽ നിന്ന് രക്ഷപ്പെടുവാനോ കഴിയുന്നു.
3. മാനുഷിക പ്രവൃത്തിയാണെങ്കിൽ ദൈവാത്മാവിന്റെ ആലോചനയനുസരിച്ച് അതിനെ നിയന്ത്രിക്കുവാൻ കഴിയുന്നു.

ആത്മലോക ദർശനം ആത്മലോകത്തെക്കുറിച്ച് ഒരു സമ്പൂർണ്ണ അറിവ് നമുക്ക് തരുന്നു. ഇത് അന്ധകാര ശക്തികളോട് ഏറ്റ് മുട്ടുന്നവർക്ക് ഉണ്ടായിരിക്കേണ്ട ഏറ്റവും ആവശ്യമായ ഒരു ശുശ്രൂഷാനുഭവമാണ് . ഇത് ഇല്ലെങ്കിൽ ശത്രുവിന്റെ ചതിക്കെണി തിരിച്ചറിയുവാൻ കഴിയാതെ അബദ്ധത്തിൽ അകപ്പെടുകയും, അത് ശുശ്രൂഷയെ ഇല്ലാതാക്കുവാനോ, സ്തംഭിപ്പിക്കുവാനോ ഇടയാക്കുകയും ചെയ്യുന്നു. അങ്ങനെ ശത്രുവിന്റെ കെണിക്ക് ഇരയായ അനേകം ശുശ്രൂഷകർ ഉണ്ട്.

ശത്രുവിന്റെ കെണിയും, മറഞ്ഞ്നിന്ന് പോരാടുന്ന അവന്റെ രഹസ്യ നീക്കവും പരാജയപ്പെട്ടതിന് ശേഷമുള്ള ശത്രുവിന്റെ ചീറി വരുന്ന പ്രതികാര ശബ്ദവും, തിരിച്ചറിഞ്ഞ് ജയിക്കണമെങ്കിൽ, ആത്മീയ ജീവിയായ ശത്രു വിഹരിക്കുന്ന ആത്മലോക മണ്ഡലത്തെക്കുറിച്ചുള്ള അറിവും, കാഴ്ചപ്പാടും, ദർശനവും പ്രാപിച്ചേ പറ്റൂ. കൃപാ വരങ്ങളിലെ ഏതെങ്കിലും ഒന്ന് രണ്ട് ശുശ്രൂഷകൾ മാത്രം പോരാ ശത്രുവിനെ ജയിക്കുവാൻ. ആത്മാവിന്റെ എല്ലാ കൃപാവരങ്ങളും ഒരു പരിധി വരെ ഉണ്ടെങ്കിൽ മാത്രമേ ശുശ്രൂഷാ മേഖലയിൽ

വിജയ പന്ഥാവ് വെട്ടിതുറക്കുവാൻ കഴിയുക. ശുശ്രൂഷാ രണ്ട് വിധം, ആത്മീയശുശ്രൂഷയും, സുവിശേഷീകരണശുശ്രൂഷയും. ഞാൻ ഉദ്ദേശിക്കുന്നത് ആത്മീയ ശുശ്രൂഷാ മണ്ഡലത്തെക്കുറിച്ചാണ്.

ഒരു കാലഘട്ടത്തിൽ ആത്മീയ കൃപാവരങ്ങൾ ജ്വലിച്ചിരുന്നത് ചെറിയ ഒരു മേഖലയിലാണ്. വിശദമായി പറഞ്ഞാൽ, ഒരു വ്യക്തിയുടെ മേൽ, ഒരു കുടുംബത്തിന്റെ മേൽ, അല്ലെങ്കിൽ ഒരു സഭയുടെ മേൽ ഉള്ള പൈശാചിക സ്വാധീനം അറുത്ത് മുറിച്ച് മാറ്റുവാനും, ആ വ്യക്തിയെ, ആ കുടുംബത്തെ. ആ സഭയെ സ്വതന്ത്രമാക്കുവാനും ഉള്ള ശുശ്രൂഷകളാണ് ക്രമീകരിച്ചിരിക്കുന്നത്. ഒന്ന്, അഞ്ച്, അല്ലെങ്കിൽ അൻപത് പേരെ ദൈവത്തിലേക്ക് വേർപെടുത്തി എടുക്കുവാൻ കഴിഞ്ഞിരുന്നു.

എന്നാൽ ഇതേ അളവിലാണ് നാം ശുശ്രൂഷകൾ ക്രമീകരിക്കുന്നത് എങ്കിൽ ഒരു ചെറിയ മേഖലയ്ക്കുള്ളിൽ നമുക്ക് ഒതുങ്ങി നിൽക്കേണ്ടി വരും. ഒരു ദേശത്തെ ഭരിക്കുന്ന ദേശാന്ധകാര ശക്തിയെ എതിരിട്ട് ആ ദേശത്തിൻമേൽ അതിനുള്ള പൈശാചിക സ്വാധീനത്തെ അറുത്ത് മാറ്റി ദേശത്തെ സ്വതന്ത്രമാക്കുകയാണ് എങ്കിൽ, അങ്ങനെ സാധിച്ചാൽ ആ ദേശത്ത് നിന്ന് 100, 500,5000 എന്ന രീതിയിൽ ജനത്തെ ദൈവത്തിലേക്ക് വേർപെടുത്തി എടുക്കുവാൻ കഴിയും. ഇത് സാധിച്ചാൽ മാത്രമേ ദേശത്തെ കീഴ്മേൽ മറിക്കുന്ന ഒരു ശുശ്രൂഷ വെളിപ്പെടുകയുള്ളൂ.

അപ്പോസ്തല കാലഘട്ടത്തിൽ 3000ഉം അതിന് മുകളിലും ജനം ഒരുമിച്ച് ദൈവ സന്നിധിയിൽ കടന്ന് വന്നു. പരിശുദ്ധാത്മാവ് പ്രവർത്തിച്ചു. പരിശുദ്ധാത്മാവ് ഇന്ന് ഭൂമിയിൽ നിന്ന് പോയിട്ടില്ല. പക്ഷെ അന്നത്തെ കാലഘട്ടത്തിലെ പ്രവൃത്തി വെളിപ്പെടുന്നില്ല. കർത്താവായ യേശുക്രിസ്തു യഹൂദ്യയിലും ശമര്യയിലും ഗലീലയിലും ഉള്ള ഓരോ ദേശത്തും തലങ്ങും വിലങ്ങും സഞ്ചരിച്ച് ദേശാന്ധകാര ശക്തികളെ ദേശത്ത് നിന്ന് അറുത്ത് മാറ്റി ദേശത്തെ സ്വത

ന്ത്രമാക്കുന്ന ശുശ്രൂഷ ക്രമീകരിക്കുകയായിരുന്നു. അങ്ങനെ ആ ദേശങ്ങളിലെ ഭൗതിക മണ്ഡലത്തിന്റെ മേലുള്ള ആത്മീക മണ്ഡലത്തിൽ വിജയത്തിന്റെ വെന്നിക്കൊടി പാറിച്ച് കർത്താവ് രാജാവായി വാണു. ഭൗതിക മണ്ഡലത്തിൽ അത് പരസ്യമായി വെളിപ്പെടുന്നത് കർത്താവിന്റെ 1000 വർഷത്തെ രാജകീയ ഭരണത്തിൽ ആയിരിക്കും.

അങ്ങനെ ദേശത്തിന്മേൽ ദേശാന്ധകാര ശക്തികൾക്ക് ഉള്ള സ്വാധീനം നീക്കം ചെയ്ത് അവരെ പരാജയപ്പെടുത്തി ദേശത്തെ സ്വതന്ത്രമാക്കിയാൽ ദേശം ഉണർത്തപ്പെടും. ജനം വലിയ കൂട്ടമായി ദൈവ സന്നിധിയിൽ കടന്ന് വരും.

ദേശാന്ധകാര ശക്തിക്കെതിരെയുള്ള യുദ്ധത്തിനായി ദൈവത്തിന്റെ ഒരു പുതിയസേന ദൈവ ജനത്തിന്റെ ഇടയിൽ നിന്ന് എഴുന്നേൽക്കണം. ഭൗമലോക മണ്ഡലത്തിൻമേൽ സ്വാധീനിക്കുന്ന ആത്മലോക മണ്ഡലത്തെക്കുറിച്ചുള്ള ആത്മലോക ദർശനം പ്രാപിക്കുന്ന ഒരു പുതിയ നിര യുദ്ധത്തിനായി എഴുന്നേൽക്കട്ടേ. ദൈവം എഴുന്നേൽപിക്കട്ടേ.

ആത്മലോക ദർശനം എന്ന ശുശ്രൂഷാനുഭവത്തിൽ നിന്ന് പ്രവേശിക്കണമെങ്കിൽ നിരവധി വൈതരണികൾ ഉണ്ട്, ഒന്നാമത്തെ തടസ്സം ആ ശുശ്രൂഷാനുഭവത്തിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന ശുശ്രൂഷകന്റെ ജഢം ആണ്. കാരണം ജഢത്തിന്റെ ഓരോ മേഖലയിലും പൈശാചിക സ്വാധീനമുണ്ട്. സാധാരണ ഉപവാസവും (മൂന്ന് ദിവസം വരെയുള്ളത്) സാധാരണ പ്രാർത്ഥനാ രീതികളും ഉള്ളവരിൽ ഇത് വെളിപ്പെടുകയില്ല. ഇത് വെളിപ്പെടണമെങ്കിൽ ഒന്നാമതായി ചെയ്യേണ്ടത് ഒറ്റയ്ക്ക് ഇരുന്ന് ആത്മാവിൽ ആരാധിക്കണം. രണ്ട്, ഏകനായി ഇരുന്ന് ശരീരാത്മദേഹികളെ ചലിപ്പിച്ച് പോരാടി പ്രാർത്ഥിക്കണം. മൂന്ന്, ദൈവം നൽകുന്ന ആലോചനയനുസരിച്ച് 7ഉം അതിലുമധികം ദിവസം ഉപവസിക്കണം. ഇതിൽ ഏതെങ്കിലും ഒന്ന്, അല്ലെങ്കിൽ രണ്ട് എണ്ണംമാത്രം ചെയ്താൽ പോരാ. ഇത് മൂന്നും

തുല്യ പ്രാധാന്യത്തിൽ ക്രമീകരിക്കണം.

ഇനിയുള്ളതാണ് ഏറ്റവും ശ്രദ്ധിക്കേണ്ടത്, ഇങ്ങനെ തുടർച്ച യായി ദൈവാത്മാവിന്റെ ആലോചനാ പ്രകാരം ഒന്ന് രണ്ട് പ്രാവശ്യം ഉപവാസം ക്രമീകരിക്കുമ്പോൾ ശത്രുവിന്റെ ജഢത്തിന്മേൽ ഉള്ളസ്വാ ധീനത്തിന് ഇളക്കം തട്ടാൻ തുടങ്ങും. എല്ലാ ശുശ്രൂഷകരും ഇങ്ങനെ ചെയ്യരുത്. ദൈവികാലോചനയും നിയോഗം ഉള്ളവരും മാത്രം, അല്ലെ ങ്കിൽ നിലവിൽ ഉള്ള ശുശ്രൂഷയും കൂടി അവസാനിപ്പിച്ച് ജീവിതം തള്ളിനീക്കേണ്ടി വരും.

ശത്രുവിന് ഇളക്കം തട്ടി തുടങ്ങി എന്നതിന് അവൻ അടയാളം കാണിച്ച് തുടങ്ങും, ഇതുവരേയും ഉണ്ടാകാത്ത തരത്തിലുള്ള ഓരോ അസുഖവും രോഗവും ശരീരത്തിൽ വെളിപ്പെട്ട് തുടങ്ങും. കുടുംബ ത്തിൽ പുതിയ തരത്തിലുള്ള പ്രതിസന്ധികളും പ്രതികൂലങ്ങളും രൂപ പ്പെട്ട് തുടങ്ങും.

ഇതേ രീതിയിൽ പ്രാർത്ഥനയും, ആരാധനയും, ഉപവാസവും തുടരണമോ? അതോ ഇതിന് മുമ്പ് ആയിരുന്നത് പോലെ തുടർന്നാൽ മതിയോ? എന്നുള്ളത് അതാത് ശുശ്രൂഷകന്മാർ ദൈവത്തോട് ആലോ ചന ചോദിച്ച് ചെയ്തു കൊള്ളേണം.ഉപവാസവും പ്രാർത്ഥന യും, ആരാധനയും, തുടരുവാനുള്ള നിയോഗം നിങ്ങൾക്ക് ഉണ്ടെ ങ്കിൽ ജഢത്തിൽ ശത്രുവിന് സ്വാധീനമുള്ള മേഖലയെ ആത്മാവിൽ വിവേചിച്ച് തുടങ്ങുക. ജഢത്തിൽ ശത്രുവിന് സ്വാധീന മേഖലയു ള്ളത്.

1. **ചിന്താ മണ്ഡലത്തിൽ**

   ജനിച്ചത് മുതൽ ശുശ്രൂഷയിൽ പ്രവേശിച്ചത് വരെയുള്ള കാല ഘട്ടത്തിൽ വിവിധ മുഖാന്തരങ്ങളിലൂടെ ശത്രു ചിന്താമണ്ഡ ലത്തിൽ പ്രവേശിച്ചിട്ടുണ്ട്.

2. **പഞ്ച ഇന്ദ്രിയങ്ങൾ**

തിക്ക്, കണ്ണ്, ചെവി, നാക്ക്,മൂക്ക്, ഇവയിലൂടെ ദേശാന്ധകാര ശക്തിയുടെ സ്വാധീനം ജഢത്തിൽ ഉണ്ട്.

3. **ശബ്ദം**

ശബ്ദം പുറപ്പെടുന്നത് തൊണ്ടയിൽ നിന്നാണ്. ശുശ്രൂഷ യുടെ ഉത്ഭവ സ്ഥാനത്തെ ശത്രു പ്രത്യേകം ബന്ധിച്ചിട്ടുണ്ടാ കും.

4. **രണ്ട് കൈകളും നെഞ്ചിന്റെ ഭാഗവും**

ആത്മീയ ആരാധനയ്ക്ക് എതിരെയുള്ള പാരമ്പര്യ ബന്ധന ശക്തി ഈ ഭാഗത്ത് ഉണ്ടാകും.

5. **ഉദരം**

ശരീരത്തെ ക്ഷീണിപ്പിച്ച് തളർത്തികെട്ടുന്നതിന് ഉദരത്തിനു ള്ളിൽ ശത്രുവിന്റെ സ്വാധീന മേഖലയുണ്ട്.

6. **വൃഷ്ണ ഭാഗം**

ശത്രുവിന്റെ സകല അസ്ത്രവും ലക്ഷ്യം വയ്ക്കുന്നത് ഈ ഭാഗത്തിന് നേരെയാണ്. പഞ്ച ഇന്ദ്രിയങ്ങളിലൂടെ ചിന്താമ ണ്ഡല ത്തിലൂടെ ശരീരത്തിനകത്ത് പ്രവേശിക്കുന്ന ദുഷ്ട ശക്തി പ്രവർത്തന ലക്ഷ്യം ആക്കുന്നത് ഈ ഭാഗമാണ്.

7. **കാലുകൾ**

തത്രപ്പെട്ട് കാൽ ഓരോ സ്ഥലത്തേക്കും ചലിപ്പിച്ച്, ഓടിപ്പിച്ച്, ആവശ്യമില്ലാത്ത സ്ഥലത്തേക്ക് കൊണ്ട് പോയി അപകട ത്തിൽ പെടുത്തുവാനും ദോഷം ഉണ്ടാക്കുവാനും ശത്രു ഈ ഭാഗം ഉപയോഗിക്കുന്നു.

ഇതാണ് ശരീരത്തിന്മേൽ ശത്രുവിനുള്ള സ്വാധീന മേഖലകൾ.

തുടർച്ചയായ പ്രാർത്ഥന, ആരാധന, ഉപവാസ ക്രമീകരണ

ങ്ങൾ എന്നിവയിലൂടെ, മാസങ്ങൾ കൊണ്ട്, വർഷങ്ങൾ കൊണ്ട്, ശത്രുവിന് ശരീരത്തിന്മേലുള്ള സ്വാധീന മേഖലയെ അറുത്ത് മുറിച്ച് മാറ്റുവാൻ കഴിയുന്നു. വർഷങ്ങൾ എടുക്കുന്ന ശുശ്രൂഷാ ക്രമീകരണങ്ങൾ ഇതിന് വേണ്ടി വരുന്നു.

ഓരോ ദിനവും തുടർച്ചയായി പ്രാർത്ഥിക്കേണ്ട ഒരു പ്രാർത്ഥനയുണ്ട്. പരിശുദ്ധാത്മാവേ എന്റെ പദ്ധതിക്കനുസരിച്ച് എന്നെ നടത്തരുതേ, അങ്ങയുടെ പദ്ധതിക്ക് കീഴിൽ എന്നെ നടത്തേണമേ എന്ന്. ഏതാനും വർഷങ്ങൾക്കുള്ളിൽ പരിശുദ്ധാത്മാവ് നിങ്ങളെ ഒരു പോരാളിയാക്കിത്തീർത്തിട്ടുണ്ടാകും. ആത്മലോക ദർശനാനുഭവത്തിൽ ചലിക്കുവാൻ ആവശ്യമായ പ്രാഗൽഭ്യം പരിശുദ്ധാത്മാവ് പകർന്ന് തരും.

ദേശാന്ധകാര ശക്തികൾക്കെതിരെയുള്ള ശുശ്രൂഷയിൽ ദൈവത്തിന്റെ കൃപ നിങ്ങളുടെ മേൽ വന്ന് ഒരു പുതിയ യുദ്ധസേന രൂപം കൊള്ളും. അത് ദൈവപ്രവൃത്തികൾക്ക് ഒരു പുതിയ ആരംഭം കുറിക്കും. ദൈവനാമം മഹത്വപ്പെടും.

***N.B:* ഈ അദ്ധ്യായം ശുശ്രൂഷാമണ്ഡലത്തിൽ പ്രവേശിക്കുന്നതിന് മുന്നോടിയായി ഞാൻ അനുഭവിച്ച ആത്മീകാനുഭവത്തിൽ കേന്ദ്രീകരിച്ചെഴുതിയതാണ്. സ്വീകരിക്കാവുന്നത് സ്വീകരിക്കുക. അല്ലാത്തത് തള്ളിക്കളയുക.**

## 15. ഒരു ആത്മ കഥാകുറിപ്പ്

ജീവിതത്തിൽ ഓജസ്സുള്ള കൗമാര പ്രായം മുതൽ 1993 വരെ ഭൗതിക പ്രത്യയ ശാസ്ത്രത്തിലും അതിന്റെ സംഘടനാ തലങ്ങളിലും നിരവധി വർഷങ്ങൾ മുഴുവൻ സമയ പ്രവർത്തകനായി ചെലവഴിച്ചു. അതിന്റെ അന്ത്യ നാളുകളിൽ രക്ഷകനായ കർത്താവിനെ കണ്ട് മുട്ടുവാനും ഒരു പ്രത്യേക ദൈവിക സ്നേഹം അനുഭവിച്ച് ജീവിതചര്യ

തന്നെ മാറ്റി മറിക്കതക്കരീതിയിൽ ഒരു തുടക്കമിടുവാനും കഴിഞ്ഞു. 1994-ൽ വിശ്വാസത്തിൽ വന്ന നിമിഷം മുതൽ ശുശ്രൂഷാ തലങ്ങ ളിലും പ്രവർത്തനം ആരംഭിച്ചു.

1995-ൽ ആരംഭിച്ച ബൈബിൾ കോളേജ് പഠനം 1999-ൽ അവ സാനിച്ചു. ഈകാലഘട്ടത്തിനിടയിൽ നിരവധി ദൈവിക ആലോചന കളും ഭാവികാല ശുശ്രൂഷയെ സംബന്ധിച്ച ഒരു ദർശനവും വെളി പ്പെടുത്തി തരുവാൻ കർത്താവിന് കൃപ തോന്നി. വേദ പഠന കാലം തീർന്നതിന് ശേഷം ഒരു ബൈബിൾ കോളേജിൽ പഠിപ്പിച്ചു. എ ന്നാൽ 1999-ലെ B.Th. ഗ്രാജുവേഷന് ശേഷം ശുശ്രൂഷാ മണ്ഡ ലത്തിൽ നിന്ന് ഒളിച്ച് പാർക്കുവാൻ ദൈവം ആലോചന പകർന്നു. ഏലിയാവിനോട് കെരീത്ത് തോട്ടിൽ ഒളിച്ച് പാർക്കുവാൻ പറഞ്ഞത് പോലെ, യേശു കർത്താവിന്റെ ജനനശേഷം ഹെരോദാവിന്റെ കാല ഘട്ടത്തിൽ മിസ്രയീമിൽ പോയി ഒളിച്ച് പാർക്കുവാൻ പറഞ്ഞത് പോലെ, ക്രോധം കടന്ന് പോകുവോളം അല്പ നേരത്തേക്ക് ഒളിച്ചി രിക്കുക എന്ന് (യശ:26:20) പ്രവാചകനോട് പറഞ്ഞത് പോലെ അല്പ നാളത്തേക്ക് മറഞ്ഞിരിക്കേണ്ടി വന്നു. 2000-ൽ കുറച്ച് കൂടി ആഴത്തിൽ മറഞ്ഞിരിക്കുന്നതിന് പ്രവാസ കാലയനുഭവത്തിലേക്ക് പ്രവേശി ക്കേണ്ടി വരും എന്ന് ദൈവാത്മാവ് ആലോചന പകർന്നു.

അവന് ദൈവത്തിങ്കൽ രക്ഷയില്ല എന്ന് ദാവീദിനെ കുറിച്ച് സങ്കീർത്തനത്തിൽ പറഞ്ഞത്, പരിഹാസവും നിന്ദയും സഹിച്ച് ഞങ്ങ ളുടെ മനം ഏറ്റവും മടുത്തു എന്ന് സങ്കീർത്തനത്തിൽ രേഖപ്പെടു ത്തിയത് പോലെ (123:4) രൂപഗുണമില്ലാതെ, മനുഷ്യരാൽ നിന്ദിക്ക പ്പെട്ട്, ത്യജിക്കപ്പെട്ട്, വ്യസന പാത്രമായി, രോഗം ശീലിച്ചവനായി ഇരി ക്കേണ്ടി വന്നു. എന്നാൽ ദൈവ കൃപയുടെ അത്യന്തശക്തി ഏകനായി അനുഭവിച്ച് എല്ലാ ദിനവും ദൈവികാലോചനയും വെളിപ്പാടുകളും പ്രാപിച്ച് മുന്നേറുവാൻ ദൈവം കൃപ പകർന്നു.

ഒന്നുമില്ലാത്ത മരുഭൂമിയിൽ തന്റെ ജനത്തെ പോറ്റി

പുലർത്തിയ യഹോവയുടെ കൃപ അനുഭവിച്ച് വളർന്ന നാളിൽ ദൈവം വചനത്തിലൂടെ വെളിപ്പെടുത്തി തന്ന ആലോചനകൾ എഴുതുവാൻ പ്രേരണ ലഭിച്ചു. എഴുതി എഴുതി വന്നപ്പോൾ ഒരു പുസ്തകമായി അത് തീർന്നു. ഓരോ അദ്ധ്യായവും ആത്മകഥാംശത്തിൽ ചാലിച്ച് എഴുതിയതാണ്. അതിന്റേതായ അല്പം കുറവുകൾ ഉണ്ടാകാം. എല്ലാ വിഷയങ്ങളോടും വായനക്കാർക്ക് യോജിക്കുവാൻ കഴിയാതെയും വന്നേക്കാം. എങ്കിലും ധാരാളം ദൈവിക ആലോചനകൾ ഇതിലുണ്ട്. ശുശ്രൂഷയിൽ ഉപയോഗിക്കാവുന്ന ചില മാർഗ്ഗരേഖകളുമുണ്ട്.

പ്രധാനമായും ശുശ്രൂഷകന്മാർക്ക് ഉള്ളതാണ് ഇതിലെ ഓരോ ഭാഗവും. ശുശ്രൂഷക ഭാഷയാണ് എഴുതുവാൻ ഉപയോഗിച്ചിട്ടുള്ള ശൈലി. പക്ഷെ എല്ലാവർക്കും മനസ്സിലാക്കുവാൻ കഴിയുന്ന ലളിതമായ രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഈ പുസ്തകം വായിക്കുന്ന ഏതൊരു വ്യക്തിക്കും താൻ ആയിരിക്കുന്ന ആത്മീയ നിലവാരത്തിൽ നിന്നും അൽപമെങ്കിലും ഉയരുവാൻ ഇത് കാരണമായി എങ്കിൽ ഞാൻ കൃതാർത്ഥനായി. സർവ്വ കൃപാലുവായ ദൈവം നിങ്ങളെ അനുഗ്രഹിച്ച് വളർത്തട്ടെ എന്ന് പ്രാർത്ഥിച്ച് കൊണ്ട് നിർത്തുന്നു.

**********

## ഗ്രന്ഥകാരൻ എഴുതിയ പുസ്തകങ്ങൾ

1. ശുശ്രൂഷാ വെളിപ്പാടുകൾ
2. ശുശ്രൂഷാ പാഠങ്ങൾ
3. ശുശ്രൂഷാ കാഴ്ചപ്പാടുകൾ
4. ശുശ്രൂഷാ രത്നങ്ങൾ
5. ശുശ്രൂഷാഡയറിക്കുറിപ്പുകൾ
6. ശുശ്രൂഷകവഴി ഒരു തിരിഞ്ഞുനോട്ടം